

# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ

**ജനുവരി 06 – ദനഹാതിരുനാൾ**

Vol. LXX January 2020 No.1



പാലാ അൽഫോൻസിയൻ
പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ
വച്ചുനടന്ന
**പ്രസ്ബിത്തേരിയം**



പാലാ, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി രൂപതകളിലെ അഭിവന്ദ്യ പിതാക്കന്മാർ
കേരളാ മുഖ്യമന്ത്രിയുമായി ന്യൂനപക്ഷ പ്രശ്നങ്ങളും കാർഷിക പ്രശ്നങ്ങളും ചർച്ചചെയ്യുന്നു.


37–ാമത് പാലാ രൂപതാ
ബൈബിൾ കൺവൻഷൻ



എസ്.എം.വൈ.എം. സംഘടിപ്പിച്ച ഹോളിനൈറ്റ് പ്രോഗ്രാം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാവും ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്യുന്നു.




ക്രിസ്തുമസിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് മുട്ടം ജയിൽ സന്ദർശിച്ച് സന്ദേശം നൽകുന്നു.



പാലാ കത്തീഡ്രലിൽ ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഹാപ്പി ഫാമിലി മീറ്റ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

**JANUARY 2020**
**Vol. LXX No. 1**

# CONTENTS

സർക്കുലർ-സീറോ-മലബാർ പ്രേഷിതവാരാചരണം ................ 3

സർക്കുലർ - കർഷകസംഗമം ........................................ 8

സർക്കുലർ - മിസ്സിയോ ദേയി 2020 ............................ 11

സർക്കുലർ - കെ.സി.ബി.സി. ....................................... 17

Transfer List ................................................ 20

അറിയിപ്പ് ................................................................ 21

Collection List .............................................. 22

Prayer Day List ........................................... 31

വാർത്തകൾ ............................................................ 32

ആദരാഞ്ജലികൾ .................................................. 73

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........................... 76

Bishops' Engagements .................................. 85

Prot. No. 1818/2019

**സർക്കുലർ**

# സീറോ-മലബാർ പ്രേഷിതവാരാചരണം

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ആഹ്വാനപ്രകാരം ആഗോളസഭയിൽ 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി ആഘോഷിച്ചിരുന്നുവല്ലോ. സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ ആഹ്വാനം ചെയ്തുകൊണ്ട് 1919 നവംബറിൽ ഭാഗ്യ സ്മരണാർഹനായ ബെനഡിക്ട് 15-ാമൻ പാപ്പാ പുറപ്പെടുവിച്ച 'മാക്സിമും ഇല്ലൂദ്' എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ശതാബ്ദിവർഷം പ്രമാണിച്ചായിരുന്നു ഫ്രാൻസിസ് മാർപാപ്പ അസാധാരണ പ്രേഷിതമാസാചരണത്തിന് ആഹ്വാനം ചെയ്തത്. ആഗോള കത്തോലിക്കാസഭ മുഴുവനിലും ആചരിച്ച ഈ പ്രേഷിതമാസം നമ്മിലെ പ്രേഷിത തീക്ഷ്ണതയെ ഉജ്ജ്വലിപ്പിക്കുവാനും പ്രേഷിത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും അതിനുവേണ്ട നൂതനാശയങ്ങൾ ഉൾക്കൊള്ളുവാനും സഹായകമായിരുന്നു. അതിന്റെ തുടർച്ചയെന്ന നിലയിൽ വേണം 2020 ജനുവരി 6-ാം തീയതി മുതൽ 12-ാം തീയതി വരെയുള്ള ദിവസങ്ങളിൽ ഈ വർഷത്തെ പ്രേഷിതവാരം സീറോമലബാർ സഭയിൽ ആചരിക്കേണ്ടത്.

മിഷനെ അറിയുക, മിഷനറിയാവുക എന്ന ആദർശ വാക്യത്തെ പ്രായോഗികതലങ്ങളിലെത്തിച്ച് പ്രേഷിതവാരാചരണം കൂടുതൽ അർത്ഥപൂർണ്ണമാക്കുവാൻ മാമ്മോദീസ സ്വീകരിച്ച എല്ലാവർക്കും കടമയുണ്ട്. സീറോ മലബാർ സഭയക്ക് ഭാരതം മുഴുവനിലും ലഭിച്ചിരിക്കുന്ന അജപാലന സുവിശേഷ പ്രഘോഷണദൗത്യം നമ്മുടെ ഉത്തരവാദിത്വത്തെ കൂടുതൽ വർദ്ധിപ്പിച്ചിരിക്കുന്നു. അസാധാരണ പ്രേഷിതമാസം പ്രഖ്യാപിച്ചുകൊണ്ട് നൽകിയ കത്തിൽ പരിശുദ്ധ പിതാവ് ഓർമ്മിപ്പിച്ചതുപോലെ ഒരു സഭയെന്ന നിലയിലും ക്രൈസ്തവർ എന്ന നിലയിലും നമ്മുടെ പ്രേഷിതദൗത്യ നിർവ്വഹണത്തിൽ തികഞ്ഞ തീക്ഷ്ണതയും നിതാന്ത ജാഗ്രതയും അനിവാര്യമാണ്. പ്രേഷിതപ്രവർത്തനം സാധ്യമാക്കുന്നതിനായി സുരക്ഷിത മേഖലകൾ തേടിപ്പോകുന്ന പ്രവണതയെ ഉപേക്ഷിക്കുവാനും സമ്പന്നവും ശോഭനവുമായ ഭൂതകാല സ്മരണകളിൽ മയങ്ങി ജീവിക്കാതെ ഭാവി കർത്തവ്യങ്ങളുടെ വിളഭൂമിയിലേക്ക് കർമ്മധീരരായി പ്രേഷിത തീക്ഷ്ണതയോടെ പ്രവേശിക്കുവാനും നാം ഉത്സുകരാകണം. വ്യക്തികളും സമർപ്പിതസമൂഹങ്ങളും ഇടവകകളും രൂപതകളും ഈ പ്രേഷിത പ്രബുദ്ധത ഉൾക്കൊള്ളണം. നമ്മുടെ സഭയ്ക്ക് ഭാരതം മുഴുവനിലും ലഭിച്ചിരിക്കുന്ന പ്രേഷിതസാധ്യതകളും കടമകളും ഫലപ്രദമായി നിർവ്വഹിക്കുവാൻ ഈ വർഷത്തെ പ്രേഷിതവാരാചരണം എല്ലാവരെയും ശക്തിപ്പെടുത്തണം.

ഭാരതസഭയുടെ പ്രേഷിതപ്രവർത്തനം ഏറ്റവും സഫലമായി മുന്നോട്ടു പോകുന്നതിന്റെ പ്രധാന കാരണം നമ്മുടെ സഭയിലെ വൈദികരുടെയും സമർപ്പിതരുടെയും മിഷൻ തീക്ഷ്ണതയാണ്. ഈ അവസരത്തിൽ, ഭാരതത്തിലും ഭാരതത്തിനു പുറത്തും സുവിശേഷ പ്രഘോഷണത്തിൽ സധൈര്യം വ്യാപൃതരായിരിക്കുന്ന അഭിവന്ദ്യ പിതാക്കന്മാ

രെയും മിഷനറിവൈദികരെയും സമർപ്പിതരെയും അല്മായ പ്രേഷിതരെയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ ജീവിതാന്തസ് എന്താണെങ്കിലും പ്രവർത്തന മേഖല എവിടെയാണെങ്കിലും മാമ്മോദീസ സ്വീകരിച്ചവരെന്ന നിലയിൽ പ്രേഷിതാഭിമുഖ്യത്തിൽ വളരാനും കൂടെയുള്ളവരെ വളർത്താനുമുള്ള ഉത്തരവാദിത്വവും വിളിയും നമുക്കുണ്ട്. 2019- ലെ മിഷൻ ഞായർ സന്ദേശത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പറഞ്ഞു വയ്ക്കുന്നതും ഇതുതന്നെ യാണ്. നമുക്ക് ലഭിച്ചിരിക്കുന്ന ദൈവിക ജീവൻ വില്പന യ്ക്കുള്ള ഒരു ഉത്പന്നമല്ല. പിന്നെയോ, അത് നല്കപ്പെടാനും പങ്കുവയ്ക്കപ്പെടാനും പ്രഘോഷിക്കപ്പെടാനുമുള്ള ഒരു നിധിയാണ്. മിഷൻ എന്നതിന്റെ ശരിയായ അർത്ഥം ഇതാണ്. ഈ ദൈവിക ജീവൻ നമുക്ക് ദാനമായി ലഭിച്ചതാണ്. വിശുദ്ധ മത്തായിയുടെ സുവിശേഷം 10-ാം അദ്ധ്യായം 8-ാം വാക്യ ത്തിൽ പറയുന്നതുപോലെ ദാനമായി നമുക്ക് ലഭിച്ചത് ദാനമായി നൽകണം.

നമ്മുടെ സഭയിലെ മിഷൻപ്രവർത്തനങ്ങളെ ഏകോ പിപ്പിക്കാനും മിഷനുകളെ സഹായിക്കാനുമായി സീറോ-മലബാർ മിഷൻ ഫണ്ട് എന്ന പദ്ധതി സീറോമലബാർ സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ പ്രവർത്തി ക്കുന്ന കാര്യം ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. സുവിശേഷവത്കരണവും ഭാവിയിലേക്കുള്ള മിഷൻ പ്രവർത്തനത്തിനായി വൈദിക-സന്യാസാന്തസ്സിൽ പ്രവേശി ക്കുന്നവരുടെ പരിശീലനവും ലക്ഷ്യമാക്കിയാണ് ഈ ഫണ്ട് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഈ ഫണ്ടു വഴി പ്രേഷിത പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള സഹായങ്ങൾ നൽകിവരുന്നു. പ്രേഷിതവാരാചരണത്തോടനുബന്ധിച്ച് നമ്മുടെ സഭാംഗങ്ങളിൽനിന്നും സ്വീകരിക്കുന്ന സംഭാവന യാണ് ഈ കർമ്മ പരിപാടികൾക്കായി പ്രയോജനപ്പെടു ത്തുന്നത്.

ഈ പ്രേഷിതവാരാചരണത്തിലും തുടർന്നുള്ള പ്രേഷിത ജീവിതത്തിലും ചെയ്യേണ്ട ചിലകാര്യങ്ങൾ ഈയവസരത്തിൽ ഓർമ്മപ്പെടുത്തട്ടെ. സുവിശേഷ സന്ദേശത്തിന്റെ പ്രചാരണത്തിനായി മാധ്യമങ്ങളെ കൂടുതലായി പ്രയോജനപ്പെടുത്തണം. സോഷ്യൽ മീഡിയയുടെ ഉപയോഗം പതിന്മടങ്ങു വർദ്ധിച്ചു കൊണ്ടിരിക്കുന്ന ഈ കാലത്ത് അവയെ വളരെ ഫലപ്രദമായ രീതിയിൽ സുവിശേഷ സന്ദേശത്തിന്റെ വ്യാപനത്തിനായി പ്രയോജനപ്പെടുത്തണം. സഭയുടെ മിഷൻ പ്രവർത്തനങ്ങളോടുബന്ധപ്പെട്ടുള്ള ചർച്ചകൾ, സമ്മേളനങ്ങൾ, സംവാദങ്ങൾ, സെമിനാറുകൾ, പ്രേഷിതയാത്രകൾ എന്നിവ ഇടവകതലത്തിലും രൂപത തലത്തിലും സംഘടിപ്പിക്കണം. മിഷൻ പ്രവർത്തനങ്ങൾക്കായി തീക്ഷ്ണതയുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കണം. നമ്മൾ എവിടെയായിരുന്നാലും ഏതു സാഹചര്യത്തിലായിരുന്നാലും ഭയമില്ലാത്ത മിഷനറിമാരായിരിക്കുവാൻ മിശിഹാ നമ്മെ ക്ഷണിക്കുന്നു (അപ്പ 1:8).

സുവിശേഷത്തിന്റെ സന്തോഷം പങ്കുവയ്ക്കാനുള്ള അവസരങ്ങൾ നാം തന്നെ കണ്ടെത്തി വളർത്തണം. മിഷൻ പ്രദേശങ്ങളിൽ നിന്നുള്ള വാർത്തകൾ നമ്മുടെ ഇടവകകളിൽ അറിയുന്നതിനുള്ള സംവിധാനമുണ്ടാകണം. സഭാമക്കൾ തങ്ങളുടെ ക്രൈസ്തവ വിളിയിൽ നിക്ഷിപ്തമായ പ്രേഷിതകടമയെ നിരന്തരം വിചിന്തനത്തിനു വിധേയമാക്കുകയും ദൈവം കനിഞ്ഞു നൽകിയ സ്വകാര്യ സമ്പത്തിന്റെയും സമയത്തിന്റെയും ഒരു ഭാഗം സഭയുടെ പ്രേഷിത പ്രവർത്തനത്തിനായി ഔദാര്യത്തോടെ വിനിയോഗിക്കുവാൻ തയ്യാറാകുകയും വേണം.

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിത തീക്ഷ്ണത സ്വായത്തമാക്കി ധീരോദാത്തമായ സുവിശേഷ പ്രഘോഷണത്തിലൂടെ നമ്മുടെ

കർത്താവിന്റെ മൗതികശരീരമായ സഭയുടെവളർച്ചയും ഉത്തരോത്തരമുള്ള ഉന്നമനവും ലക്ഷ്യമാക്കി നമുക്ക് ഒന്നായി മുന്നോട്ട് നീങ്ങാം.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019-ാം ആണ്ട് നവംബർ മാസം 5-ാം തീയതി നൽകപ്പെട്ടത്.

മിശിഹായിൽസ്നേഹപൂർവ്വം,



**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്

---

NB:1. 2020 ജനുവരി 05-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ-മലബാർ സഭയുടെ എല്ലാ ഇടവകകളിലും, സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. സീറോ-മലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോ മലബാർ മിഷൻ ഓഫീസിൽ 2020 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.

സർക്കുലർ നമ്പർ 261

# കർഷക മതിൽ, റാലി,
# സംഗമം, ഒപ്പു ശേഖരണം

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

കേരളത്തിലെ നല്ലൊരു ഭാഗം ജനങ്ങളും കർഷകരും കാർഷികവൃത്തിയെ ആശ്രയിച്ച് ജീവിക്കുന്നവരാണല്ലോ. നമ്മുടെ ഈ പ്രദേശത്ത് മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിലെ ബഹുഭൂരിപക്ഷം കുടുംബങ്ങളും കർഷക കുടുംബങ്ങളാണ്. അവരിൽത്തന്നെ ഏറെപ്പേരും ചെറുകിട കർഷകരുമാണ്. കാലാവസ്ഥയുടെ കനിവിനെ ആശ്രയിച്ചാണ് അവരുടെ അദ്ധ്വാനത്തിന്റെ ഫലസമൃദ്ധി. വെള്ളപ്പൊക്കവും പ്രകൃതിദുരന്തങ്ങളും കഠിനമായ വേനലും വരൾച്ചയുമൊക്കെ നമ്മെ പ്രതികൂലമായി ബാധിക്കുന്നുമുണ്ട്. ഇവയേക്കാൾ കർഷകർ അനുഭവിക്കുന്ന വലിയ യാതനകൾ - കാർഷിക വിളകളുടെയും നാണ്യവിളകളുടെയും വിലയിടിവ്, വന്യമൃഗങ്ങൾ കൃഷി ഭൂമിയിലേയ്ക്ക് കടന്നുവന്ന് നാശം വിതറുന്ന അവസ്ഥ, കൃഷിഭൂമിയെ സംബന്ധിക്കുന്ന പേടിപ്പെടുത്തുന്നതും കാലഹരണപ്പെട്ടതും അടിച്ചേല്പിക്കുന്നതുമായ നിയമവ്യവസ്ഥകൾ - പ്രത്യേകിച്ച് കസ്തൂരിരംഗൻ ശുപാർശകൾ നടപ്പായാൽ ഉണ്ടാകുന്ന ദൂരവ്യാപകമായ കർഷകദ്രോഹ പ്രത്യാഘാതങ്ങൾ - കൂടാതെ ഇപ്പോൾ സംജാതമായിരിക്കുന്ന പുരയിടങ്ങളെ തോട്ടങ്ങളാക്കിയുള്ള സർക്കാർരേഖകളിലെ ക്രമക്കേടുകൾമൂലം അവ മുറിച്ചുവില്ക്കാനോ സ്വന്തം ഭൂമിയിൽ കെട്ടിടങ്ങൾ നിർമ്മിക്കുവാനോ സാദ്ധ്യമല്ലാത്ത നിയമങ്ങൾ, കേന്ദ്ര ഗവൺമെന്റിന്റെ കർഷകവിരുദ്ധ കരാറുകൾ, ഒരു കാലത്ത് പാടങ്ങളും നിലങ്ങളുമായിരുന്ന സ്ഥലങ്ങൾ പതിറ്റാണ്ടുകളായി നെൽകൃഷി പ്രായോഗികമായി സാദ്ധ്യമല്ലാത്ത അവസ്ഥയിൽ മറ്റു കൃഷികൾ ചെയ്തു പുരയിടങ്ങളായി രൂപാന്തരപ്പെട്ടവയെ നിയമത്തിന്റെ പേരിൽ

ഇപ്പോഴും നിലങ്ങളായി നിലനിർത്തേണ്ടിവരുന്ന അവസ്ഥ, ഇങ്ങനെ നിരവധിയായ പ്രതിസന്ധികളും പ്രശ്നങ്ങളും മൂലം കാർഷിക വൃത്തി അസാദ്ധ്യമായിത്തീർന്നിരിക്കുന്ന സ്ഥിതിയാണുള്ളത്. ഇതിനും പുറമേ കൃഷിക്ക് ലഭ്യമായിരുന്ന സബ്സിഡികളും ആനുകൂല്യങ്ങളും സർക്കാർ നിറുത്തലാക്കിയതും സർക്കാർ തലത്തിലുള്ള പ്രോത്സാഹനങ്ങൾ വെട്ടിക്കുറച്ചതും വില സ്ഥിരതയില്ലായ്മയും  വലിയ തിരിച്ചടിയായിട്ടുണ്ട്.

ഇത്തരുണത്തിൽ കർഷകസമൂഹം സംഘടിക്കേണ്ടത് അനിവാര്യമായിത്തീർന്നിരിക്കുന്നു. സംഘടിതസമൂഹങ്ങൾക്ക്, പ്രത്യേകിച്ച് ഉദ്യോഗസ്ഥർക്ക് ശമ്പളവർദ്ധനയും ആനുകൂല്യങ്ങളും പരിധിവിട്ടുതന്നെ നൽകുന്നതിന് യാതൊരു മടിയുമില്ലാത്ത സർക്കാർ പാവപ്പെട്ടവരും അസംഘടിതരും സമാധാനപ്രിയരുമായ കർഷകജനതയുടെ കണ്ണീരും കഷ്ടനഷ്ടങ്ങളും കണ്ടില്ലെന്നു നടിക്കുന്നത് ദുഃഖകരമാണ്. ഈ അവസ്ഥ സർക്കാരിന്റെയും ജനപ്രതിനിധികളുടെയും ശ്രദ്ധയിൽപ്പെടുത്തി എത്രയും വേഗം പ്രശ്നപരിഹാരം നേടാൻ കർഷകജനതയുടെ സംഘാതമായ പ്രവർത്തനങ്ങൾകൊണ്ടു മാത്രമേ സാദ്ധ്യമാകൂ.

നമ്മുടെ കർഷകരായ സഹോദരങ്ങളുടെ ശക്തമായ വികാരങ്ങൾ അധികാര കേന്ദ്രങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി കർഷകർ ഇന്ന് അനുഭവിക്കുന്ന ദുരവസ്ഥയ്ക്ക് അറുതിവരുത്തുന്നതിലേക്ക് നമ്മൾ എല്ലാവരും ഒത്തുചേർന്ന് ഒരു ലക്ഷം പേർ പങ്കെടുക്കുന്ന വിപുലമായ **കർഷകമഹാസംഗമം ഈ മാസം 14-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാലായിൽ** നടത്തുകയാണ്. രൂപതയിലെ എല്ലാ സംഘടനകളുടെയും എ.കെ.സി.സി., ഇൻഫാം, എസ്.എം.വൈ.എം., മിഷൻലീഗ്, കുടുംബക്കൂട്ടായ്മ, പാലാ സോഷ്യൽ വെൽഫയർ സൊസൈറ്റി, ഡി.സി.എം.എസ്., കർഷക ബാങ്ക്, ദീപിക ഫ്രണ്ട്സ് ക്ലബ്ബ്, മാതൃവേദി, പിതൃവേദി, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി എന്നിവയുടെയും ഫൊറോനാ, ഇടവക വികാരിമാർ, കൈക്കാരന്മാർ, യോഗപ്രതിനിധികൾ, വിശ്വാസപരിശീലകർ എന്നിവരുടെയും കൂട്ടായ നേതൃത്വത്തിലും ഉത്തരവാദി

ത്വത്തിലുമാണ് ഈ സംഗമം സംഘടിപ്പിക്കുന്നത്. നിങ്ങൾ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു. നമ്മുടെ ബ. വികാരിയച്ചന്മാരും അസ്തേന്തിയച്ചന്മാരും മേൽപ്പറഞ്ഞ വിവിധ സംഘടനകളുടെ ഡയറക്ടർമാരും, രൂപതാ, ഫൊറോനാ, ഇടവകതല ഭാരവാഹികളും കൈക്കാരന്മാരും എല്ലാ യോഗപ്രതിനിധികളും ഉത്സാഹപൂർവ്വം മുന്നോട്ടുവന്ന് കഴിയുന്നത്ര ആളുകളെ ജാതിമതഭേദമെന്യേ പങ്കെടുപ്പിച്ച് ഈ സമ്മേളനം ഒരു വൻ വിജയമാക്കിത്തീർക്കണം.

സംഗമത്തോടനുബന്ധിച്ച് കർഷകരുടെ കൂട്ടഹർജി ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. ആയതിലേയ്ക്ക് സാധിക്കുന്നത്ര ഒപ്പുകൾ ശേഖരിച്ച് റാലി ദിവസം കൊണ്ടുവരുമല്ലോ. കുടുംബക്കൂട്ടായ്മ, മറ്റു സംഘടനാംഗങ്ങൾ, യോഗപ്രതിനിധികൾ തുടങ്ങിയവർ വീടുകളിലെത്തി സാധിക്കുന്നത്ര ഒപ്പുകൾ - മറ്റു മതസ്ഥരുൾപ്പെടെയുള്ളവരുടെ ഒപ്പുകൾ ശേഖരിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

ഈ മഹാസംഗമത്തിലേയ്ക്ക് നമ്മുടെ എല്ലാ ഇടവകളിൽനിന്ന് ഓരോ കുടുംബത്തിൽനിന്നും എറ്റവും **കുറഞ്ഞത് രണ്ട് പേരെങ്കിലും** പങ്കെടുക്കത്തക്കവിധം വാഹനസൗകര്യങ്ങൾ ഇടവകയിൽനിന്നും മുൻകൂട്ടി ക്രമീകരിച്ച് സഹകരിക്കണമെന്നുകൂടി നിർദ്ദേശിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

മെത്രാസനമന്ദിരം

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ, 07.12.2019

പാലാ രൂപത മെത്രാൻ

NB: ഈ സർക്കുലർ ഡിസംബർ 8-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള കുരിശുപള്ളികളിലും എല്ലാ കുർബാന മദ്ധ്യേയും വായിക്കാൻ നൽകപ്പെട്ടതാണ്.

Ref: 3242/K-5/KCBC/OL/DS 19.12. 2019

# മിസ്സിയോ ദേയി 2020

## പ്രേഷിതവർഷാചരണത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

പ്രിയ സഹോദരങ്ങളേ,

കേരള കത്തോലിക്കാസഭ രണ്ടായിരത്തി ഇരുപതാമാണ്ട് (2020) പ്രേഷിതവർഷമായി ആചരിക്കുകയാണ്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ ആഹ്വാനപ്രകാരം 2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി ആചരിച്ചതിന്റെ തുടർച്ച യായിട്ടാണ് പ്രേഷിതവർഷം നാം ആചരിക്കുന്നത്. പ്രേഷിതമാസ ത്തിൽ സഭാപ്രബോധനങ്ങളുടെ വെളിച്ചത്തിൽ ധാരാളം പഠനശി ബിരങ്ങളും ചർച്ചകളും മിഷണറിസംഗമങ്ങളും മിഷൻ പ്രദേശങ്ങൾ സന്ദർശിക്കലും മിഷണറിമാർക്കുവേണ്ടിയുള്ള പ്രാർത്ഥനകളു മെല്ലാം നാം നടത്തുകയുണ്ടായി. തുടർന്നും ഇത്തരം പ്രവർത്തന ങ്ങൾ ശക്തിപ്പെടുത്താനും കേരളസഭയിലാകമാനം ഒരു പ്രേഷിത മാനസാന്തരം രൂപപ്പെടാനും പ്രേഷിതരൂപീകരണം അജപാലനശു ശ്രൂഷയുടെ പ്രഥമ പരിഗണനാ വിഷയമാക്കിമാറ്റാനും പ്രേഷിത വർഷാചരണം ഉപകാരപ്രദമാണ്. ദനഹാ അഥവാ പ്രത്യക്ഷീകര ണത്തിരുനാളിൽ (2020 ജനുവരി 5,6) ആരംഭിക്കുന്ന പ്രേഷിതവർഷം ക്രിസ്തുരാജന്റെ തിരുനാളിൽ (2020 നവംബർ 22) സമാപിക്കും.

പ്രേഷിതവർഷത്തിന് 'ദൈവികദൗത്യം' എന്നർത്ഥംവരുന്ന *മിസ്സിയോ ദേയി* എന്നാണ് പേരു നല്കിയിട്ടുള്ളത്. ആദ്യപാപംമൂലം സംഭവിച്ച പാപത്തിന്റെയും മരണത്തിന്റെയും അവസ്ഥകളിൽനിന്ന് മനുഷ്യകുലത്തെ ഉയർത്താൻ ദൈവം ഒരുക്കിയ പദ്ധതിയാണ് മിസ്സിയോ ദേയി, അഥവാ ദൈവത്തിന്റെ രക്ഷാകരപദ്ധതി (ഉത്പ 3:15). ലോകത്തിന്റെ രക്ഷയ്ക്കായി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ 3:16). സമയത്തിന്റെ പൂർണതയിൽ ദൈവപുത്രനായ യേശുക്രിസ്തു

അവിടത്തെ മനുഷ്യാവതാരം, പരസ്യശുശ്രൂഷ എന്നിവയിലൂടെയും പീഡാസഹനം, മരണം, ഉത്ഥാനം എന്നീ പെസഹാരഹസ്യങ്ങളിലൂടെയും ദൈവികപദ്ധതി പൂർത്തിയാക്കി. പാപത്തിന്റെയും മരണത്തിന്റെയും മേൽ ക്രിസ്തു വരിച്ച വിജയമാണ് നമ്മുടെ രക്ഷയ്ക്കു നിദാനമായത്. എല്ലാ മനുഷ്യരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് വരണമെന്നും ദൈവം ആഗ്രഹിക്കുന്നു (1 തിമോ 2:4).

രക്ഷയുടെ സാർവത്രിക കൂദാശയായിരിക്കാൻവേണ്ടിയാണ് ക്രിസ്തുവിന്റെ മണവാട്ടിയും മൗതികശരീരവുമായ സഭ ദൈവത്താൽ ലോകത്തിലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്നത്. ലോകാന്തംവരെ എല്ലാ ജനതകളോടും സുവിശേഷം പ്രസംഗിക്കാൻ സഭ കടപ്പെട്ടിരിക്കുന്നു (മത്താ 28:19-20). മനുഷ്യസമൂഹത്തെ ക്രിസ്തുവിൽ നവീകരിക്കുന്നതിനും ദൈവത്തിന്റെ കുടുംബവും കൂട്ടായ്മയുമായി രൂപാന്തരപ്പെടുത്തുന്നതിനുംവേണ്ടി സഭ ലോകത്തിൽ പുളിമാവായി വർത്തിക്കണം. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിയേകദൈവത്തിന്റെ കൂട്ടായ്മയിൽ ഏവരെയും പങ്കുകാരാക്കുക എന്നതാണ് സഭയുടെ പ്രേഷിതദൗത്യത്തിന്റെ ലക്ഷ്യം (രക്ഷകന്റെ മിഷൻ, 23). അതുകൊണ്ട്, ദൈവത്തെ എപ്പോഴും മഹത്ത്വപ്പെടുത്തുവാനും ജനതകൾക്ക് പ്രകാശമാകാനും സഭ നിയോഗിക്കപ്പെട്ടിരിക്കുന്നു.

“പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു” (യോഹ 20:21) എന്നാണ് യേശു തന്റെ അപ്പോസ്തലന്മാരോടു പറഞ്ഞത്. അതിനാൽ സഭയുടെ ശുശ്രൂഷ യേശുവിന്റെ പ്രേഷിതദൗത്യത്തിന്റെ തുടർച്ചയാണ്. അവിടത്തെ കൂടാതെ സഭയ്ക്ക് ഒന്നും ചെയ്യാൻ സാധ്യമല്ല (യോഹ 15:5). അവിടന്നിൽ നിന്നാണ് സഭ പ്രേഷിതദൗത്യത്തിനുള്ള കല്പനയും അതു നിർവഹിക്കാനുള്ള അധികാരവും സ്വീകരിക്കുന്നത്. ക്രിസ്തു അപ്പോസ്തലന്മാരെ ഭരമേല്പിച്ച ദൈവികദൗത്യം (മിസ്സിയോ ദേയി) ലോകാവസാനംവരെ തുടരേണ്ടതുണ്ട്. സഭയോടൊപ്പം, സഭാമക്കളായ

നാമോരോരുത്തരും ഈ വിളിയും വെല്ലുവിളിയും ഏറ്റെടുക്കണമെന്ന് പ്രേഷിതവർഷം നമ്മെ അനുസ്മരിപ്പിക്കുന്നു.

ക്രിസ്തുവിന്റെ തന്നെ ആത്മാവിനാൽ പ്രചോദിതയായി, അവിടന്ന് സഞ്ചരിച്ച പാതയിലൂടെതന്നെ സഭയും ചരിക്കണം. ഉത്ഥിതനായ കർത്താവ് തന്റെ ശിഷ്യരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ചു. സഭയെ അതിന്റെ ദൗത്യത്തിൽ നയിക്കുന്നത് പരിശുദ്ധാത്മാവാണ്. ദാരിദ്ര്യത്തിന്റെയും അനുസരണത്തിന്റെയും സേവനത്തിന്റെയും, മരണംവരെയുള്ള ആത്മസമർപ്പണത്തിന്റെയും മാർഗത്തിലൂടെയാണ് ആത്മാവ് സഭയെ നയിക്കുന്നത്. ഈ പാതയിലൂടെ മുന്നേറാൻ സഭയ്ക്കും സഭാതനയർക്കും കാലഘട്ടത്തിനനുസൃതമായി പ്രേഷിതമാനസാന്തരം ആവശ്യമാണെന്ന യാഥാർത്ഥ്യം നാം മറക്കരുത്.

**പ്രേഷിത മാനസാന്തരം**

പ്രേഷിതമാസത്തിൽ സഭയുടെ പ്രേഷിതദൗത്യത്തെക്കുറിച്ച്, പ്രത്യേകിച്ച്, മാമ്മോദീസാ നല്കി അയയ്ക്കപ്പെട്ട സഭാംഗങ്ങളുടെ ദൗത്യത്തെക്കുറിച്ച്, ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുകയുണ്ടായി. പ്രേഷിത ദൗത്യനിർവഹണമേഖലയിൽ സഭയ്ക്ക് ഒരു മാനസാന്തരം (missionary conversion) ആവശ്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പ്രേഷിത ദൗത്യം അഥവാ മിഷൻ എന്നത് സഭയുടെ ഒരു ഐച്ഛിക വിഷയമല്ല. കാരണം, സഭതന്നെ മിഷനാണ്. മിഷനറി പ്രവർത്തനമാണ് സഭയുടെ എല്ലാ സംരംഭങ്ങളുടെയും ലക്ഷ്യം. മിഷനറിയല്ലാത്ത സഭ സഭയല്ലെന്നും പാപ്പ മുന്നറിയിപ്പു നല്കുന്നുണ്ട്.

സഭയുടെ പ്രേഷിതദൗത്യം സുഗമമാക്കാൻ ഫ്രാൻസിസ് പാപ്പാ പ്രേഷിതമാസത്തിൽ നിർദ്ദേശിച്ച നാല് ആത്മീയ പാതകൾ നാം വിചിന്തന വിഷയമാക്കേണ്ടതുണ്ട്. ഒന്ന്, ദൈവവചനത്തിലും ദിവ്യകാരുണ്യത്തിലും മറ്റ് കൂദാശകളിലും പ്രാർത്ഥനകളിലും ക്രിസ്തുവിനെ കണ്ടുമുട്ടുക. രണ്ട്, ക്രിസ്തുസ്നേഹത്തെ പ്രതി

പ്രേഷിതവേലയ്ക്ക് സ്വയം സമർപ്പിച്ചു കടന്നുപോയ വിശുദ്ധരും രക്തസാക്ഷികളുമായുള്ള ആത്മീയ സംസർഗം ശക്തിപ്പെടുത്തുക. മൂന്ന്, പ്രേഷിതദൗത്യം തിരിച്ചറിയാനും അതിൽ പൂർണമായി സമർപ്പിക്കാനുമാവശ്യമായ പ്രേഷിതരൂപീകരണം നേടുക. നാല്, ഓരോ ക്രിസ്തുശിഷ്യനും പ്രേഷിതശിഷ്യൻ (missionary disciple) എന്ന നിലയിൽ കാരുണ്യപ്രവൃത്തികൾ ചെയ്യുന്നതിന് പരിശ്രമിക്കുകയും പരസ്പരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

"എല്ലാ ജനതകളുടെയും സാക്ഷ്യത്തിനായി ദൈവരാജ്യത്തിന്റെ സുവിശേഷം ലോകമെങ്ങും" (മത്താ 24:14) പ്രഘോഷിക്കാനുള്ള സഭയുടെ ദൗത്യത്തിൽ പ്രേഷിതമാനസാന്തരം സഭയുടെ എല്ലാ ശുശ്രൂഷാമേഖലകളിലും സംഭവിക്കണം. "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നല്കുന്നു" (2 കോറി 5:14) എന്ന പൗലോസ് അപ്പോസ്തോലന്റെ പ്രേഷിതതീക്ഷ്ണതയാണ് ഇക്കാര്യത്തിൽ നമുക്കും ഉണ്ടായിരിക്കേണ്ടത്.

2019 ഒക്ടോബർ 6 മുതൽ 27 വരെ റോമിൽ വച്ചു നടന്ന ആമസോൺ സിനഡിന്റെ അന്തിമരേഖയിലെ ഏറ്റവും ശ്രദ്ധേയമായ വാക്ക് 'മാനസാന്തരം' എന്നതാണ്. അഞ്ചു വ്യത്യസ്ത മേഖലകളിൽ സംഭവിക്കേണ്ട മാനസാന്തരത്തെക്കുറിച്ച് ഈ രേഖ സൂചിപ്പിക്കുന്നുണ്ട്. ക്രൈസ്തവജീവിതത്തിന്റെ എല്ലാ മേഖലകളിലും ലളിതവും അടക്കമുള്ളതുമായ ജീവിതശൈലി അനുഷ്ഠിച്ചുകൊണ്ട് ജീവിതശൈലിയിലുണ്ടാകേണ്ട സമഗ്രമായ മാനസാന്തരമാണ് അതിൽ ഒന്നാമത്തേത്. അജപാലനരംഗത്ത് സഭയ്ക്കുണ്ടാകേണ്ട മാനസാന്തരമാണ് രണ്ടാമത്തേത്. അതായത്, അജപാലനപരമായ ഒരു സ്ഥിരം സാന്നിധ്യമായി സഭയുടെ ശുശ്രൂഷകൾ മാറണം. മൂന്നാമത്തേത്, സാംസ്കാരിക മാനസാന്തരമാണ്. പ്രേഷിത ദൗത്യനിർവഹണമേഖലകളിൽ വിവിധ സംസ്കാരങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് മിശിഹായുടെ സന്ദേശം വൈവിധ്യമാർന്ന അവരുടെ ജീവിതത്തിൽ ഭംഗിയായി ആവിഷ്കരിക്കാൻ നാം ശ്രദ്ധവയ്ക്കണം. പരി

സ്ഥിതിപരമായ മാനസാന്തരമാണ് നാലാമത്തേത്. പ്രകൃതിയുടെ സംരക്ഷണം ദാരിദ്ര്യമനുഭവിക്കുന്നവർക്കും ഭൂമിയിലെ ഏറ്റവും അവഗണിക്കപ്പെട്ടവർക്കുമുള്ള നീതിയാണ്. പരിസ്ഥിതിക്ക് എതിരേ ചെയ്യുന്ന പ്രവൃത്തിയോ ഉപേക്ഷയോ പാരിസ്ഥിതിക പാപമാണെന്ന് ആമസോൺ സിനഡ് ഓർമ്മപ്പെടുത്തുകയുണ്ടായി. ഏറ്റവും ഒടുവിലത്തേതും എന്നാൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നതുമാണ് സിനഡൽ മാനസാന്തരം എന്നത്. അതായത്, സഭയിൽ കൂട്ടായ ഉത്തരവാദിത്വവും ശുശ്രൂഷയുടെ അരൂപിയും  വളർന്നുവരണം. കൂട്ടായ തീരുമാനങ്ങൾ എടുക്കുന്നതിനും അജപാലനപരമായ വെല്ലുവിളികൾക്ക് മികച്ച പ്രതികരണം കൊടുക്കുന്നതിനും സംവാദത്തിന്റെയും പരസ്പരം ശ്രവിക്കലിന്റെയും ആത്മീയ വിവേചനത്തിന്റെയും സമവായത്തിന്റെയും കൂട്ടായ്മയുടെയും സംസ്കാരം ശക്തിപ്പെടണം.

**പ്രേഷിത രൂപീകരണം**

ആഗോള കത്തോലിക്കാസഭ മുഴുവനും പ്രേഷിതദൗത്യ നിർവഹണത്തിൽ ജാഗ്രതയോടെ വർത്തിക്കണമെന്ന് ഫ്രാൻസിസ് പാപ്പാ ആഹ്വാനം ചെയ്യുമ്പോൾ, ഭാരതസഭയിലും കേരളസഭയിൽ പ്രത്യേകിച്ചും ഇതിനുള്ള തയ്യാറെടുപ്പുകൾ നടക്കേണ്ടതുണ്ട്. സഭയിലെ എല്ലാ രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും കുടുംബങ്ങളിലും വ്യക്തിജീവിതത്തിലുമെല്ലാം പ്രേഷിതത്വത്തിലേക്കുള്ള മാനസാന്തരം സംഭവിക്കണം. അതുപോലെ, സഭയിലെ വിശ്വാസപരിശീലനം, വൈദിക-സന്ന്യസ്ത-അല്മായ രൂപീകരണം, വിദ്യാഭ്യാസം, ആരോഗ്യം, കലാ-സാംസ്കാരികരംഗം തുടങ്ങിയ വിവിധ ശുശ്രൂഷാ മേഖലകളിലെല്ലാം പ്രേഷിത ചൈതന്യം ജ്വലിക്കേണ്ടതുണ്ട്. കൂടുതൽ കൂട്ടായ്മയോടെയും പ്രേഷിത പങ്കാളിത്തത്തോടെയും പ്രവർത്തിക്കുന്ന ക്രിസ്തുശിഷ്യരുടെ സമൂഹമായി കേരളസഭയെ രൂപാന്തരപ്പെടുത്താൻ ഈ പ്രേഷിതവർഷം സഹായകരമാകട്ടെ. കേരളത്തിനകത്തും പുറത്തുമുള്ള മിഷൻ

കേന്ദ്രങ്ങളിലെ പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുകൊണ്ടും കൂടുതൽ ശക്തമാക്കിക്കൊണ്ടും പ്രവർത്തനനിരതരാകാൻ ഈ പ്രേഷിത വർഷത്തിൽ നമുക്ക് ജാഗ്രതയോടെ പരിശ്രമിക്കാം. പ്രേഷിതരെ നയിക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ പരിശ്രമങ്ങളെ ഫലദായകമാക്കട്ടെ!

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**മാർ ജോർജ് കാർഡിനൽ ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി – 682 025

---

N.B: 2019 ഡിസംബർ 29-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യുന്നതിനായി നല്കപ്പെട്ടതാണ്.

Ref: 3240 /K-5/KCBC/OL/DS 10 December 2019

## ഡിസംബർ 13-ന്

## പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ പൗരോഹിത്യ സുവർണജൂബിലി വേളയിൽ കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

2019 ഡിസംബർ 17-ന് 83-ാം ജന്മദിനം ആഘോഷിക്കുന്ന ഫ്രാൻസിസ് പാപ്പാ ഡിസംബർ 13-ന് പൗരോഹിത്യത്തിന്റെ 50 സുവർണവത്സരങ്ങൾ പൂർത്തിയാക്കും. അജഗണങ്ങളോടൊപ്പം സഞ്ചരിക്കുകയും നഷ്ടപ്പെട്ടവയെ തേടിപ്പോവുകയും ചെയ്യുന്ന നല്ല ഇടയനായ യേശുവിനെ തന്റെ പൗരോഹിത്യ ശുശ്രൂഷയിലൂടെ പിൻചെല്ലുന്ന പരിശുദ്ധ പിതാവ് എല്ലാ പുരോഹിതർക്കും ഒരു മാതൃകയാണ്. 1936 ഡിസംബർ 17-ന് അർജന്റീനയിലെ ലാസ് ഫ്ളോറസിലാണ് ഫ്രാൻസിസ് പാപ്പാ ജനിച്ചത്. 1969 ഡിസംബർ 13-ന് ഈശോസഭയിൽ വൈദികനായി. 1992 ജൂൺ 27-ന് മെത്രാഭിഷേകം സ്വീകരിച്ചു. 2013 മാർച്ച് 13-ന് വിശുദ്ധ പത്രോസിന്റെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു..

സുവിശേഷം നല്കുന്ന ആനന്ദം മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും തന്റെ ചുറ്റുപാടുകളിലേക്കു പ്രസരിപ്പിക്കുകയും ചെയ്യുന്നതിലൂടെ അദ്ദേഹം സകലർക്കും പ്രിയങ്കരനായിത്തീരുന്നു. സുവിശേഷത്തിന്റെ മർമ്മം ദൈവത്തിന്റെ കരുണയാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. പിതാവിന്റെ കരുണ യേശുവിലൂടെ ലോകം അനുഭവിച്ചതുപോലെ, തിരുസ്സഭയും, സഭയുടെ എല്ലാ ശുശ്രൂഷകരും, യേശുവിന്റെ ഹൃദയം സ്വന്തമാക്കി മുറിവേറ്റ സകലർക്കും കാരുണ്യത്തിലൂടെ സൗഖ്യം പകരണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്യുന്നു. ദൈവകാരുണ്യം ഒരിക്കലും അടയാത്ത വാതിലാണെന്നും തന്റെ എല്ലാ മക്കളെയും ദൈവം കാത്തിരിക്കുന്നു എന്നും അദ്ദേഹം സഭയെ ഓർമ്മിപ്പിക്കുന്നു. ലോകത്തെ എല്ലാ വിഭാഗം ജനങ്ങളോടും അദ്ദേഹം സംവദിക്കുന്നു. മനുഷ്യരെ വേർതിരിക്കുന്ന എല്ലാ മതിലുകളും ഭേദിച്ച് അദ്ദേഹത്തിന്റെ വാക്കുകൾ മനുഷ്യഹൃദയങ്ങളിൽ

പതിക്കുന്നു. ദൈവസ്നേഹത്തിലൂന്നിയ മനുഷ്യദർശനം എല്ലാത്തരം മനുഷ്യരുടെയും അന്തസ്സും മാന്യതയും മഹത്വവും ഉയർത്തിപ്പിടിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നു. അവരിൽ ആരെയും വിധിക്കാനല്ല, കരുതലോടെ അനുധാവനം ചെയ്യാനാണ് സഭ നിയുക്തയായിരിക്കുന്നത് എന്നദ്ദേഹം ഉറച്ചു വിശ്വസിക്കുന്നു. ദരിദ്രരുടെയും പ്രകൃതിയുടെയും വിലാപത്തിനു ചെവിക്കൊടുക്കണമെന്ന് അദ്ദേഹം ലോകത്തെ അനുസ്മരിപ്പിക്കുന്നു. ലോകം ഒരു ആത്മീയ പിതാവായി അദ്ദേഹത്തെ കാണുകയും ആദരിക്കുകയും ചെയ്യുന്നു. നല്ല ഇടയനായ യേശുവിനെ പിൻചെല്ലുന്നതിൽ അദ്ദേഹം നമുക്കു മുമ്പേ നടക്കുന്നു.

പാപ്പായുടെ വാക്കുകൾ ഋജുവും ലളിതവുമാണ്. അദ്ദേഹത്തിന്റെ പ്രവൃത്തികൾ സുവിശേഷത്തിന്റെ സാക്ഷ്യവും വ്യാഖ്യാനവുമാണ്. അപ്പസ്തോല പ്രവർത്തനങ്ങളിൽ പത്രോസും പൗലോസും ക്രിസ്തുവിനെ പ്രഘോഷിച്ചതുപോലെ സഭയ്ക്കുള്ളിലും ലോകം മുഴുവനും പിതാവായ ദൈവത്തിന്റെ കാരുണ്യത്തോടും പരിശുദ്ധാത്മാവിന്റെ ശക്തിയോടുംകൂടെ യേശുക്രിസ്തുവിന്റെ രക്ഷാകരദൗത്യം തുടരാൻ അദ്ദേഹം സഭയെ ആഹ്വാനം ചെയ്യുന്നു.

ഇക്കാലയളവിൽ സമാധാനത്തിന്റെയും സഹോദര്യത്തിന്റെയും കൂട്ടായ്മയുടെയും അരൂപിയിൽ സഭയെ നയിക്കാൻ പരിശുദ്ധ പിതാവിനെ നല്കിയ പരമ കാരുണികനായ ദൈവത്തിന് നന്ദി നമുക്കു പറയാം. പ്രതിസന്ധികളും വെല്ലുവിളികളും നിറഞ്ഞ ജീവിതത്തിന്റെ എല്ലാ മേഖലകളെയും പരിവർത്തനത്തിനു പ്രേരിപ്പിക്കാൻ ദൈവകരുണയിൽ ആശ്രയിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ശുശ്രൂഷകൾക്കു കഴിയട്ടെ! ദൈവവചനത്തോടു വിധേയത്വവും ആത്മീയനേതൃത്വത്തോട് ആദരവും പുലർത്തുന്ന ജീവിതശൈലിയിലൂടെയും പ്രാർത്ഥനയിലൂടെയും സഭയുടെ എല്ലാ ശുശ്രൂഷാമേഖലകളെയും നമുക്ക് ശക്തിപ്പെടുത്താം. 13-ാം തീയതിയും 17-ാം തീയതിയുമുള്ള വിശുദ്ധ കുർബാനകളിൽ പരിശുദ്ധ പിതാവിന്റെ ശുശ്രൂഷാജീവിതത്തിന്റെ നന്മകൾക്കായി ദൈവത്തിനു നന്ദിപറയുകയും അദ്ദേഹത്തിന്റെ നിയോഗങ്ങൾക്കായി പ്രത്യേക പ്രാർത്ഥന

കൾ സമർപ്പിക്കുകയും ചെയ്യാം. സർവോപരി, സുവിശേഷ സൗഭാഗ്യങ്ങളെ ജീവിതപ്രമാണങ്ങളാക്കിയും പരസ്നേഹപ്രവൃത്തികളെ ക്രിസ്തീയ ദൗത്യത്തിന്റെ ഭാഗമാക്കിയും വിശുദ്ധിയിലും സന്തോഷത്തിലും സുവിശേഷസാക്ഷികളാകാൻ നമുക്കു പരിശ്രമിക്കാം.

എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**ജോർജ് കാർഡിനൽ ആലഞ്ചേരി**

കെസിബിസി പ്രസിഡന്റ്

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

പി.ഒ.സി., കൊച്ചി - 682 025

**BANK DETAILS FOR SENDING THE FAMILY AID FUND COLLECTION**

Bank: South Indian Bank, Pala
Account Name: Family Aid Fund
Account No:SIB;0062053000001907
IFSC CODE:SIBL:0000062
Please Inform after transfering the amount to this Phone No.04822202017.
To Sr. Alice CMC. Sister in charge.

# Transfer and Appointment

| | |
|---|---|
| Fr. James Puliurumpil | Office Secretary to Mar George Cardinal Alanchery, Major Arch Bishop Syro Malabar Church with effects from 01 December 2019. He has also an additional duty in view of developing a historical documentation for Liturgical Research Centre, Mount St. Thomas, Kakkanad |
| Fr. Thomas Mannoor | Relieved from Spiritual Director, Mar Aprem Seminary, Pala and appointed Chaplain, Mar Sleeva Medicity Palai, Cherpunkal (with effect from 18 December 2019) |

സീറോ മലബാർ മിഷൻ വാരാചരണത്തോടനുബന്ധിച്ചുള്ള പിരിവ് മുൻകൂട്ടി അറിയിച്ചു നടത്തുകയും പിരിഞ്ഞുകിട്ടുന്ന തുക രൂപതാ പ്രൊക്യുറേറ്ററച്ചനെ 2020 ഫെബ്രുവരി 9-നു മുമ്പായി ഏൽപിക്കുകയും ചെയ്യേണ്ടതാണ്.

ഫാ. പ്രൊക്കുറേറ്റർ

# പ്രത്യേക അറിയിപ്പ്

സാന്ത്വനപ്രകാശത്തിന്റെ വാർഷിക വരിസംഖ്യ കുടിശികയുള്ളവർ ഉടൻതന്നെ അടച്ചുതീർക്കേണ്ടതാണ്. കുടിശിക മനസ്സിലാക്കുവാൻ സാന്ത്വനപ്രകാശം അയച്ചു തരുന്ന റാപ്പറിൽ രജിസ്ട്രേഷൻ നമ്പറിലേക്ക് ചേർന്ന് നൽകിയിട്ടുള്ള Sub. upto എന്ന Date ശ്രദ്ധിക്കുക.

# വിശുദ്ധനാട് തീർത്ഥാടനം

**ജോർദ്ദാൻ, ഇസ്രായേൽ, പാലസ്തീനാ, സീനായ്, ഈജിപ്ത്**

പാലാ രൂപതാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ 2020 ഏപ്രിൽ 22-ാം തീയതി പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ നിന്നും പുറപ്പെട്ട് മെയ് 2-ാം തീയതി തിരിച്ചെത്തുന്നു. താല്പര്യമുള്ളവർ ഇവാഞ്ചലൈസേഷൻ ഓഫീസുമായി ബന്ധപ്പെടുക.

എന്ന്,

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ**

# അറിയിപ്പ്

പൊതു സംഭാവനാ ശേഖരണം, മിഷ്യൻ സംഭാവന ഇവയിൽ സമ്മാനാർഹരായവർക്കുള്ള സമ്മാനങ്ങൾ ജനുവരി 26-ന് 2.30 ന് പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കുന്ന സമ്മേളനത്തിൽ വെച്ച് വിതരണം ചെയ്യുന്നതാണ്. സമ്മാനാർഹർ അന്നേദിവസം തന്നെ പ്രതിനിധികളെ അയച്ച് സമ്മാനങ്ങൾ ഏറ്റുവാങ്ങേണ്ടതാണ്.

# Collection List - Churches - 2019

| PARISH | Total Population | Total Collection Amount | Total Collection Per Capital | Mission Sunday Amount | Mission Sunday Per Capital |
|---|---|---|---|---|---|
| ADIVARAM | 860 | 20750.00 | 24.13 | 0.00 | 0.00 |
| ADUKAM | 844 | 22040.00 | 26.11 | 1750.00 | 2.07 |
| AIMCOMBU | 991 | 16246.00 | 16.39 | 5250.00 | 5.30 |
| ALPHONSAGIRI | 520 | 26210.00 | 50.40 | 3000.00 | 5.77 |
| ALPHONSAPURAM | 1130 | 33445.00 | 29.60 | 2000.00 | 1.77 |
| AMPARANIRAPPEL | 1400 | 52659.00 | 37.61 | 16270.00 | 11.62 |
| ANTHIALAM | 1065 | 24625.00 | 23.12 | 0.00 | 0.00 |
| ANTHINADU | 2000 | 36100.00 | 18.05 | 0.00 | 0.00 |
| ARAKULAM NEW | 2070 | 50086.00 | 24.20 | 0.00 | 0.00 |
| ARAKULAM OLD | 1340 | 39200.00 | 29.25 | 4000.00 | 2.99 |
| ARUNAPURAM | 1380 | 63700.00 | 46.16 | 10000.00 | 7.25 |
| ARUNOOTTIMANGALAM | 2299 | 50717.00 | 22.06 | 19000.00 | 8.26 |
| ARUVITHURA | 4568 | 481310.00 | 105.37 | 33445.00 | 7.32 |
| AYYAMPARA | 690 | 22489.00 | 32.59 | 1419.00 | 2.06 |
| BHARANANGANAM FORANE | 5226 | 575960.00 | 110.21 | 106000.00 | 20.28 |
| CHAKKAMPUZHA | 1668 | 45898.00 | 27.52 | 6571.00 | 3.94 |
| CHEMMALAMATTAM | 4120 | 128535.00 | 31.20 | 0.00 | 0.00 |
| CHEMPILAVU | 1094 | 11303.00 | 10.33 | 0.00 | 0.00 |
| CHENNAD | 1420 | 64354.00 | 45.32 | 8850.00 | 6.23 |
| CHERPUMKAL FORANE | 4810 | 507240.00 | 105.46 | 75010.00 | 15.59 |
| CHETTUTHODU | 820 | 50496.00 | 61.58 | 9888.00 | 12.06 |
| CHITTAR | 1246 | 26900.00 | 21.59 | 4000.00 | 3.21 |
| CHOLATHADAM | 496 | 6285.00 | 12.67 | 500.00 | 1.01 |
| CHOONDACHERY | 556 | 18968.00 | 34.12 | 3500.00 | 6.29 |
| EDADU | 306 | 4620.00 | 15.10 | 0.00 | 0.00 |
| EDAMARUKU | 1436 | 54448.00 | 37.92 | 10586.00 | 7.37 |
| EDAPPADY | 1054 | 68550.00 | 65.04 | 0.00 | 0.00 |
| ELAMTHOTTAM | 1371 | 76015.00 | 55.44 | 10579.00 | 7.72 |

| | | | | | |
|---|---|---|---|---|---|
| ELANJI FORANE | 4936 | 117470.00 | 23.80 | 17000.00 | 3.44 |
| ELAPPALLY | 318 | 13237.00 | 41.63 | 0.00 | 0.00 |
| EZHACHERRY | 1115 | 25400.00 | 22.78 | 4000.00 | 3.59 |
| FATHIMAPURAM | 1400 | 60300.00 | 43.07 | 10000.00 | 7.14 |
| GAGULTHA | 920 | 24233.00 | 26.34 | 1590.00 | 1.73 |
| GEOVALLY | 1396 | 50820.00 | 36.40 | 12000.00 | 8.60 |
| IDAMATTAM | 1440 | 65713.00 | 45.63 | 13500.00 | 9.38 |
| JAIGIRI | 1253 | 11600.00 | 9.26 | 0.00 | 0.00 |
| JOSE MOUNT | 375 | 19800.00 | 52.80 | 1500.00 | 4.00 |
| JOSEGIRI | 924 | 19500.00 | 21.10 | 0.00 | 0.00 |
| KADANAD | 3169 | 98749.00 | 31.16 | 21000.00 | 6.63 |
| KADAPLAMATTAM | 3423 | 89925.00 | 26.27 | 13200.00 | 3.86 |
| KADUTHURUTHY | 4835 | 189675.00 | 39.23 | 38000.00 | 7.86 |
| KAIPPALLY | 1010 | 11100.00 | 10.99 | 1000.00 | 0.99 |
| KAKKOOR | 1655 | 50400.00 | 30.45 | 8250.00 | 4.98 |
| KAKOMBU | 1370 | 18550.00 | 21.82 | 2500.00 | 2.94 |
| KALATHOOKADAVU | 2800 | 66500.00 | 48.54 | 6000.00 | 4.38 |
| KALATHOOR | 2010 | 62500.00 | 22.32 | 8000.00 | 2.86 |
| KALIKAVU | 2550 | 117949.00 | 58.68 | 14915.00 | 7.42 |
| KANJIRAMATTAM | 3322 | 104005.00 | 40.79 | 17627.00 | 6.91 |
| KANJIRATHANAM | 1070 | 102912.00 | 30.98 | 0.00 | 0.00 |
| KARIMPANY | 1421 | 17000.00 | 15.89 | 1000.00 | 0.93 |
| KAROOR | 722 | 31420.00 | 22.11 | 0.00 | 0.00 |
| KATTAMPAK | 310 | 16000.00 | 22.16 | 0.00 | 0.00 |
| KAVALY | 1339 | 3345.00 | 10.79 | 0.00 | 0.00 |
| KAVEEKUNNU | 990 | 50395.00 | 37.64 | 6700.00 | 5.00 |
| KAVUMKANDAM | 1000 | 37187.00 | 37.56 | 4279.00 | 4.32 |
| KAYYOOR | 1013 | 1140.00 | 1.14 | 0.00 | 0.00 |
| KEEZHOOR | 750 | 46100.00 | 45.51 | 4200.00 | 4.15 |
| KIZHAPARAYAR | 1278 | 36705.00 | 48.94 | 5000.00 | 6.67 |
| KIZHATHADIYOOR, | 1400 | 179603.00 | 140.53 | 26775.00 | 20.95 |

| | | | | | |
|---|---|---|---|---|---|
| KONDAD | 1400 | 27950.00 | 19.96 | 6000.00 | 4.29 |
| KOODALLOOR | 1900 | 67300.00 | 21.03 | 11000.00 | 3.44 |
| KOOTHATTUKULAM | 1278 | 50150.00 | 26.39 | 23400.00 | 12.32 |
| KOOTTIKAL | 1714 | 83205.00 | 48.54 | 5370.00 | 3.13 |
| KOTHANALLOOR | 4125 | 125130.00 | 30.33 | 0.00 | 0.00 |
| KOZHUVANAL | 3612 | 179696.00 | 49.75 | 48888.00 | 13.53 |
| KUDAKKACHIRA | 1710 | 114166.00 | 66.76 | 9920.00 | 5.80 |
| KUDAYATHOOR | 2700 | 15500.00 | 5.74 | 0.00 | 0.00 |
| KULAMAVU | 800 | 9000.00 | 11.25 | 0.00 | 0.00 |
| KUNNONNI | 1338 | 20950.00 | 15.66 | 3000.00 | 2.24 |
| KURAVILANGAD | 15399 | 435038.00 | 28.25 | 0.00 | 0.00 |
| KURICHITHANAM | 2200 | 64045.00 | 29.11 | 7000.00 | 3.18 |
| KURINJI | 1091 | 38785.00 | 35.55 | 8720.00 | 7.99 |
| KURUMANNU | 1200 | 38470.00 | 32.06 | 6000.00 | 5.00 |
| KURUVINAL | 1303 | 25870.00 | 19.85 | 6120.00 | 4.70 |
| LALAM NEW PALAI | 1664 | 165662.00 | 99.56 | 13180.00 | 7.92 |
| LALAM OLD PALAI | 4560 | 302360.00 | 66.31 | 25430.00 | 5.58 |
| LOURDES MOUNT | 233 | 4300.00 | 18.45 | 700.00 | 3.00 |
| MALAPURAM | 1260 | 24317.00 | 19.30 | 900.00 | 0.71 |
| MALAYINCHIPARA | 1847 | 26458.00 | 14.32 | 6000.00 | 3.25 |
| MALLIKASSERY | 1004 | 20460.00 | 20.38 | 2000.00 | 1.99 |
| MANALUMKAL | 1654 | 36590.00 | 22.12 | 4000.00 | 2.42 |
| MANATHOOR | 2041 | 86507.00 | 42.38 | 16358.00 | 8.01 |
| MANGALAGIRI | 615 | 8850.00 | 14.39 | 0.00 | 0.00 |
| MANGALARAM | 1022 | 22500.00 | 21.99 | 6000.00 | 5.87 |
| MANIAMKULAM | 1023 | 11300.00 | 11.06 | 1800.00 | 1.76 |
| MANIAMKUNNU | 1056 | 61415.00 | 58.16 | 10000.00 | 9.47 |
| MANJAMATTAM | 1032 | 22745.00 | 22.04 | 1100.00 | 1.07 |
| MANNACKANAD | 2069 | 38390.00 | 18.55 | 0.00 | 0.00 |
| MANNAR. | 2250 | 53701.00 | 23.87 | 17837.00 | 7.93 |
| MANNARAPPARA | 6800 | 126152.00 | 18.55 | 15000.00 | 2.21 |

| | | | | | |
|---|---|---|---|---|---|
| MANVETTAM | 3979 | 186500.00 | 46.87 | 20000.00 | 5.03 |
| MARANGATTUPALLY | 4430 | 66712.00 | 15.06 | 9555.00 | 2.16 |
| MARANGOLY | 1820 | 26761.00 | 14.70 | 4144.00 | 2.28 |
| MARYLAND | 1260 | 42225.00 | 33.51 | 5000.00 | 3.97 |
| MATTAKKARA | 1308 | 55232.00 | 42.23 | 12415.00 | 9.49 |
| MAVADY | 820 | 19000.00 | 23.17 | 2100.00 | 2.56 |
| MEENACHIL | 1732 | 44695.00 | 25.81 | 4385.00 | 2.53 |
| MELUKAVUMATTAM | 3100 | 28400.00 | 9.16 | 0.00 | 0.00 |
| MEVIDA | 1013 | 9250.00 | 9.13 | 0.00 | 0.00 |
| MONIPPALLY | 2730 | 77338.00 | 28.33 | 12200.00 | 4.47 |
| MOOLAMATTAM | 2860 | 158100.00 | 55.28 | 27000.00 | 9.44 |
| MOONNANI | 797 | 9128.00 | 11.45 | 1000.00 | 1.25 |
| MOONNILAVU | 2150 | 68000.00 | 31.63 | 10000.00 | 4.65 |
| MOOZHOOR | 2140 | 71250.00 | 33.29 | 0.00 | 0.00 |
| MULAKULAM | 1327 | 22797.00 | 17.18 | 5400.00 | 4.07 |
| MUNDANKAL | 1566 | 83100.00 | 53.07 | 5560.00 | 3.55 |
| MUTHOLAPURAM | 2810 | 159733.00 | 56.84 | 20000.00 | 7.12 |
| MUTHOLY | 1575 | 39990.00 | 25.39 | 11242.00 | 7.14 |
| MUTTUCHIRA FORANE | 6810 | 155149.00 | 22.78 | 0.00 | 0.00 |
| NAMBIAKULAM | 1570 | 70830.00 | 45.11 | 14600.00 | 9.30 |
| NARIANGANAM | 990 | 20600.00 | 20.81 | 2000.00 | 2.02 |
| NEELOOR | 3315 | 45590.00 | 13.75 | 10390.00 | 3.13 |
| NEERANTHANAM | 1650 | 89987.00 | 54.54 | 23251.00 | 14.09 |
| NELLAPPARA | 320 | 6933.00 | 21.67 | 0.00 | 0.00 |
| NELLIANI | 750 | 37685.00 | 50.25 | 3500.00 | 4.67 |
| PADUVA | 1402 | 85239.00 | 60.80 | 7614.00 | 5.43 |
| PAIKA | 2980 | 131355.00 | 44.08 | 20000.00 | 6.71 |
| PAINGULAM | 1570 | 47320.00 | 30.14 | 6000.00 | 3.82 |
| PALAI CATHEDRAL | 6482 | 235500.00 | 36.33 | 0.00 | 0.00 |
| PALAKAD | 970 | 53800.00 | 55.46 | 7000.00 | 7.22 |
| PALAKATTUMALA | 834 | 52379.00 | 62.80 | 7002.00 | 8.40 |

| | | | | | |
|---|---|---|---|---|---|
| PALAYAM | 1200 | 48390.00 | 40.33 | 4850.00 | 4.04 |
| PARATHANAM | 1636 | 64475.00 | 39.41 | 0.00 | 0.00 |
| PAYYANITHOTTAM | 893 | 7750.00 | 8.68 | 800.00 | 0.90 |
| PERIAPURAM | 1366 | 29600.00 | 21.67 | 10100.00 | 7.39 |
| PERINGULAM | 1839 | 63000.00 | 34.26 | 9000.00 | 4.89 |
| PERUMTHURUTH | 709 | 21250.00 | 29.97 | 11000.00 | 15.51 |
| PIRAVOM | 2544 | 50188.00 | 19.73 | 5710.00 | 2.24 |
| PIUSMOUNT | 1105 | 43149.00 | 39.05 | 9500.00 | 8.60 |
| PLASSANAL | 2558 | 75206.00 | 29.40 | 6700.00 | 2.62 |
| POONJAR | 4116 | 137000.00 | 33.28 | 40000.00 | 9.72 |
| POOVAKULAM | 600 | 17751.00 | 29.59 | 1004.00 | 1.67 |
| POOVARANY | 4230 | 132100.00 | 31.23 | 15000.00 | 3.55 |
| POOVATHODU | 1520 | 63030.00 | 41.47 | 10000.00 | 6.58 |
| POOZHIKOL | 1205 | 51965.00 | 43.12 | 4000.00 | 3.32 |
| PRAVITHANAM | 3468 | 123500.00 | 35.61 | 22000.00 | 6.34 |
| RAMAPURAM | 10661 | 77000.00 | 7.22 | 0.00 | 0.00 |
| RATNAGIRI | 5140 | 44580.00 | 8.67 | 0.00 | 0.00 |
| SANTHIGIRI. | 714 | 12704.00 | 17.79 | 1850.00 | 2.59 |
| SANTHIPURAM | 1050 | 15200.00 | 14.48 | 1000.00 | 0.95 |
| SIBIGIRI | 2204 | 52200.00 | 23.68 | 6000.00 | 2.72 |
| SLIVAPURAM | 1650 | 18100.00 | 10.97 | 2000.00 | 1.21 |
| TEEKOY | 3600 | 169733.00 | 47.15 | 29059.00 | 8.07 |
| THAKADI | 108 | 6300.00 | 58.33 | 500.00 | 4.63 |
| THIDANAD | 3269 | 152160.00 | 46.55 | 15700.00 | 4.80 |
| THIRUMARADY | 568 | 5800.00 | 10.21 | 0.00 | 0.00 |
| THODANAL | 1246 | 66769.00 | 53.59 | 5841.00 | 4.69 |
| THUDANGANAD FORANE | 2205 | 38490.00 | 17.46 | 0.00 | 0.00 |
| THURUTHIPALLY | 2460 | 22850.00 | 9.29 | 0.00 | 0.00 |
| UDAYAGIRI | 970 | 21561.00 | 22.23 | 2500.00 | 2.58 |
| ULLANAD | 1793 | 62746.00 | 34.99 | 9000.00 | 5.02 |
| URULIKUNNAM | 1189 | 31350.00 | 26.37 | 3500.00 | 2.94 |

| | | | | | |
|---|---|---|---|---|---|
| URUMPUKAVU | 1171 | 75900.00 | 64.82 | 9200.00 | 7.86 |
| VADAKARA | 2800 | 42713.00 | 15.25 | 10851.00 | 3.88 |
| VAGAMON | 585 | 21500.00 | 36.75 | 2100.00 | 3.59 |
| VAKAKKAD | 1365 | 50450.00 | 36.96 | 9615.00 | 7.04 |
| VAKKAD | 1284 | 15760.00 | 12.27 | 464.00 | 0.36 |
| VALACHIRA | 1250 | 34020.00 | 27.22 | 6000.00 | 4.80 |
| VALAVOOR | 1392 | 73240.00 | 52.61 | 4230.00 | 3.04 |
| VARIANIKKAD | 698 | 9991.00 | 14.31 | 0.00 | 0.00 |
| VAYALA | 1565 | 58025.00 | 37.08 | 0.00 | 0.00 |
| VEDAGIRI, | 1302 | 31299.00 | 24.04 | 4000.00 | 3.07 |
| VELANILAM | 925 | 58064.00 | 62.77 | 12000.00 | 12.97 |
| VELLIAMATTAM | 2480 | 39304.00 | 15.85 | 5000.00 | 2.02 |
| VELLIKULAM | 1400 | 21319.00 | 15.23 | 0.00 | 0.00 |
| VEZHAGANAM | 542 | 12772.00 | 23.56 | 0.00 | 0.00 |
| VILAKUMADAM | 1650 | 49999.00 | 30.30 | 6000.00 | 3.64 |
| VIMALAGIRI | 420 | 14902.00 | 35.48 | 1500.00 | 3.57 |
| XAVIERPURAM | 1205 | 32788.00 | 27.21 | 6763.00 | 5.61 |
| YENTHAYAR | 2298 | 27000.00 | 11.75 | 0.00 | 0.00 |

## Institutions (Mission Sunday)

| | |
|---|---|
| **Colleges**<br>ALPHONSA COLLEGE PALA | 25000.00 |
| **Higher Secondary Schools**<br>HOLY CROSS HSS, CHERPUNKAL | 20180.00 |
| ST MARY'S HSS, PALA | 10000.00 |
| **High Schools**<br>MARYS GHS LALAM, PALA | 10000.00 |
| **L.P. Schools**<br>ST MARY'S LP SCHOOL, PALA | 6000.00 |

| | |
|---|---|
| **English Medium Schools** | |
| ALPHONSA RESIDENTIAL SCHOOL, BHARANANGANAM | 40300.00 |
| **Hospitals** | |
| DEVAMATHA HOSPITAL, KOOTHATTUKULAM | 50000.00 |
| HOLY GHOST HOSPITAL, MUTTUCHIRA | 50000.00 |
| MARIAN MEDICAL CENTRE, ARUNAPURAM | 15001.00 |
| BISHOP VAYALIL MEDICAL CENTRE, MOOLAMATTAM | 10000.00 |
| **Hostels** | |
| ST. ALPHONSA HOSTEL, CHOONDACHERRY | 17500.00 |
| **Seminary** | |
| MAR APREM FORMATION CENTRE | 21500.00 |
| GOOD SHEPHERD MINOR SEMINARY PALA | 18000.00 |
| **Priest Home** | |
| MAR APREM PRIEST HOME PALA | 5500.00 |
| PRIEST HOME MUTTUCHIRA | 3500.00 |
| **Others** | |
| VALAKATTUKUNNA CONVENT CHAPEL | 1000.00 |
| KALLOORKULAM CONVENT CHAPEL | 2200.00 |

## Prize List

**Parishes**

**Highest Yearly Collection**

1st St. Mary's Forane Church, Bharananganam

11nd Holy Cross Forane Church, Cherpumkal

**Highest Yearly Per Capita**

1st St. Joseph's Church, Kizhathadiyoor

11nd St. Mary's Church, Bharananganam

**Mission Sunday - Highest Collections**

1st St. Mary's Forane Church, Bharananganam

11nd Holy Cross Forane Church, Cherpumkal

**Mission Sunday - Highest Per Capita**

1st St. Joseph's Church, Kizhathadiyoor

11nd St. Mary's Forane Church, Bharananganam

**Institutions**

**Colleges**

| | |
|---|---|
| 1st | ALPHONSA COLLEGE PALA |

**Higher Secondary Schools**

| | |
|---|---|
| 1st | HOLY CROSS HSS, CHERPUNKAL |
| 11nd | ST. MARY'S HSS, PALA |

**High Schools**

| | |
|---|---|
| 1st | ST. MARY'S GHS LALAM, PALA |

**L.P. Schools**

| | |
|---|---|
| 1st | ST MARY'S LP SCHOOL, PALA |

**English Medium Schools**

| | |
|---|---|
| 1st | ALPHONSA RESIDENTIAL SCHOOL, BHARANANGANAM |

**Hospitals**

| | |
|---|---|
| 1st | DEVAMATHA HOSPITAL, KOOTHATTUKULAM (I) |
| 1st | HOLY GHOST HOSPITAL, MUTTUCHIRA (I) |
| 11nd | MARIAN MEDICAL CENTRE PALA (11) |

**Hostels**

| | |
|---|---|
| 1st | ST. ALPHONSA HOSTEL, CHOONDACHERRY |

**Seminary**

| | |
|---|---|
| 1st | MAR APREM FORMATION CENTRE |
| 11nd | GOOD SHEPHERD MINOR SEMINARY PALA |

**Other Institutions**

| | |
|---|---|
| 1st | MAR APREM PRIEST HOME PALA |
| 11nd | PRIEST HOME MUTTUCHIRA |

## പാലാഹോം പ്രോജക്ടിന്
## സാമ്പത്തികസഹായം നൽകിയവർ

1. പാലാ കോർപ്പറേറ്റ് എഡ്യുക്കേഷൻ എജൻസി (ടിച്ചേഴ്സ് ഗിൽഡ്) – 8,00,000/-

## പാലാഹോം പ്രോജക്ടിൽ
## ഈ മാസം പണി പൂർത്തിയായവീടുകൾ

1. സുഭാഷ് ജോസഫ് പുവത്തോലിക്കുഴിയിൽ, ഇടമറുക്
2. ജോസഫ് കെ. ഐ. കുന്നത്ത്, ഇടമറുക്
3. പുന്നക്കുഴിയിൽ ജോസ് ജോസഫ്, അമ്പാറനിരപ്പേൽ
4. പൊങ്ങൻപാറയിൽ ബേബി, അമ്പാറനിരപ്പേൽ
5. അരീക്കകുന്നേൽ സന്തോഷ്, അമ്പാറനിരപ്പേൽ
6. കാരക്കാട്ട് മോളി, അമ്പാറനിരപ്പേൽ
7. നീറനാനിയിൽ ഷിജു സെബാസ്റ്റ്യൻ, അമ്പാറനിരപ്പേൽ
8. നീറനാനിയിൽ ഫിലോമിന, അമ്പാറനിരപ്പേൽ
9. ജോസഫ്സ് കറിയാകുന്നംകോട്ട്, ളാലം പഴയപള്ളി
10. മറിയം പറയോലിക്കൽ, മണലുങ്കൽ
11. രാജു കണ്ടത്തിൽ, ളാലം പുത്തൻപള്ളി

## പാലാ ഹോം പ്രോജക്ടിൽ നിന്നും
## സാമ്പത്തികസഹായംലഭിച്ചവർ

| | | |
|---|---|---|
| 1. പഞ്ഞിക്കുന്നേൽ തോമസ്, ലൂർദ്മൗണ്ട് | – | 25,000 |
| 2. പഞ്ഞിക്കുന്നേൽ കുഞ്ഞന്ന, ലൂർദ്മൗണ്ട് | – | 25,000 |
| 3 പഞ്ഞിക്കുന്നേൽമേരി, ലൂർദ്മൗണ്ട് | – | 50,000 |
| 4. മർക്കോസ് വെട്ടുവയലിൽ മണിയംകുന്ന് | – | 50,000 |
| 5. ഷാജിവെച്ചുതാഴെ, മണിയംകുന്ന് | – | 35,000 |
| 6. ജോബി ജോർജ് ചൂരനോലിക്കുന്നേൽ, ളാലം പഴയപള്ളി | – | 50,000 |
| 7. അനു ബിനോയി കല്ലൂപറമ്പിൽ, മലയിഞ്ചിപ്പാറ | – | 50,000 |
| 8. ബീന പ്രസാദ്, മീനച്ചിൽ | – | 30,000 |
| 9. അലക്സ് പനച്ചിക്കൽ, കടനാട് | – | 20,000 |

## പാലാ ഹോം പ്രോജക്ട്
## അരുവിത്തുറ ഫൊറോനാ യൂണിറ്റ്

1. പാലാഹോം പ്രോജക്ടിന്റെ ഭാഗമായി അരുവിത്തുറ ഫൊറോന യൂണിറ്റ് പണിയുന്ന 11 വീടുകളിൽ 9 വീടുകളുടെ പണിആരംഭിച്ചു.
2. ആകെ 26 വീടുകൾമെയ്ന്റനസ് ഉള്ളതിൽ 16 വീടുകളുടെ പണി പൂർത്തിയായി.

**ഫാ. തോമസ് വാലുമ്മേൽ** — ഡയറക്ടർ

**മോൺ. ജോസഫ് കുഴിഞ്ഞാലിൽ** — കോർഡിനേറ്റർ

# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Cheenothuparambil Jospeh | January 9 |
| Cheeramkuzhy Michael | 10 |
| Chellamthara Thomas | 11 |
| Chennattu Mathew | 12 |
| Cherukarakunnel Joseph | 13 |
| Cherukarakunnel Sebastian | 14 |
| Chillackal Thomas | 15 |
| Chollanal George | 16 |
| Choorakkatt George (Sr) | 17 |
| Choorakkatt George (Jr) | 18 |
| Edathinal Francis | 19 |
| Edathumparambil Joseph | 20 |
| Edayodiyil George | 21 |
| Edettu John | 22 |
| Ellathuparambil Joseph | 23 |
| Ennackappallilil Mathew | 24 |
| Erimattathil Abraham | 25 |
| Eruvelikunnel Antony | 26 |
| Ettackakunnel George | 27 |
| Ettuparayil Sebastian | 28 |
| Ezhuparayil Joseph | 29 |
| Illimoottil Mathew | 30 |
| Inchakuzhiyil Augustine | 31 |
| Kachiramattam Augustine | February 1 |
| Padalikattil Mathew | 2 |
| Kadaplakal Sebastian | 3 |
| Kadookunnel John | 4 |
| Kadookunnel Mathew | 5 |
| Kaitholil Joseph | 6 |
| Kakkalil Jose | 7 |
| Kakkaniyil Abraham | 8 |




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. കബറിടം സന്ദർശിച്ച വിശിഷ്ട വ്യക്തികൾ**

ബിഷപ്പ് മാർ സെബാസ്റ്റ്യൻ പൊഴലിപ്പറമ്പിൽ

മാർ ജോസഫ് സ്രാമ്പിക്കൽ

**2. ശനിയാഴ്ച വൈകുന്നേരം 5 മണിക്കുള്ള ആഘോഷമായ വി. കുർബാനയ്ക്കും ജപമാലമെഴുകുതിരി പ്രദക്ഷിണത്തിനും നേതൃത്വം നൽകിയവർ**

7/12/2019 ഫാ. ഷിന്റോ കാഞ്ഞിരപ്പള്ളിൽ -മക്കളില്ലാത്ത ദമ്പതികൾക്കുവേണ്ടി (പ്രത്യേക നിയോഗം)

14/12/2019 ഫാ. മൈക്കിൽ പനച്ചിക്കൽ - ഗർഭിണികൾക്കുവേണ്ടി

21/12/2019 ഫാ. മാത്യു കിഴക്കേ അരഞ്ഞാണിയിൽ - വിവിധ ജീവിത പ്രശ്നങ്ങളാൽ വലയുന്നവർക്കുവേണ്ടി

28/12/2019 ഫാ. ജോസ് വള്ളോപുരയിടത്തിൽ (റെക്ടർ) - കുട്ടികൾക്കുവേണ്ടി

**3. രോഗീദിന പ്രാർത്ഥന**

രണ്ടാം വെള്ളിയാഴചകളിൽ നടത്തിവരുന്ന രോഗീദിനത്തിൽ ഫാ.എമ്മാനുവേൽ പെരിയപ്പുറം വി.കുർബാനയർപ്പിച്ച് സന്ദേശം നൽകി. ഫാ. മാർട്ടിൻ കല്ലറയ്ക്കൽ ആരാധന നയിച്ചു.

**4. രാത്രി ആരാധന**

പാലാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ രാത്രി ആരാധനയ്ക്ക് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം വഹിച്ചു. ഫാ.കുര്യൻ കാരിക്കൽ (എം.എസ്.എഫ്..എസ്.) വചന സന്ദേശം നൽകി.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. പാലാ രൂപത പ്രതിഭാസംഗമം**

12-ാം ക്ലാസിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്കായുള്ള പാലാ രൂപതാ പ്രതിഭാസംഗമം ഡിസംബർ 7 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തപ്പെട്ടു. അലക്സ് ബെന്നി മുണ്ടനാനിക്കൽ അറുന്നൂറ്റിമംഗലം, സിയോൾ റോയി തെക്കേക്കുമ്പളന്താനത്ത് ഇടമറ്റം, ക്രിസ്റ്റോ കുര്യാക്കോസ് പൊട്ടനാനിയിൽ വെള്ളികുളം, അലിഷാ പാസ്കൽ ഇടവക്കൽ രാമപുരം, അഷിതാ ഷാജി തേവർമറ്റത്തിൽ മുത്തോലി, ബിബിയാ തോമസ് നരിക്കൂന്നേൽ ഇലഞ്ഞി എന്നിവർ രൂപതാ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടു. ഡിസംബർ 27 മുതൽ 29 വരെ സീറോ മലബാർ സഭാ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ചു നടത്തിയ സഭാതല പ്രതിഭാസംഗമത്തിൽ രൂപതയെ പ്രതിനിധീകരിച്ച് ഇവർ പങ്കെടുത്തു.

**2. സി.റ്റി.പി. ക്ലാസുകൾ**

ഡിസംബർ 14-ാം തീയതി ഭരണങ്ങാനം മാതൃഭവനിൽ വച്ചു സി.റ്റി.പി. ക്ലാസ് സംഘടിപ്പിക്കപ്പെട്ടു. ജനവുരി മാസത്തെ സി.റ്റി.പി. ക്ലാസുകൾ 2020 ജനുവരി 2 - ലിറ്റർജി II, 2020 ജനുവരി 11 - ലിറ്റർജി III

**3. ക്വസ്റ്റ്യൻ ബോർഡ് മീറ്റിംഗ്**

2020 ജനുവരി 2-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു ക്വസ്റ്റ്യൻ ബോർഡുമീറ്റിംഗ് നടത്തപ്പെടുന്നതാണ്.

**4. രൂപത പ്രമോട്ടേഴ്സ് ടീം മീറ്റിംഗ്**

പ്രമോട്ടേഴ്സ് ടീം മീറ്റിംഗ് 2020 ജനുവരി 11-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു ചേരുന്നതാണ്. എല്ലാ പ്രമോട്ടേഴ്സ് ടീം അംഗങ്ങളും പ്രസ്തുത മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

**5. വിശ്വാസപരിശീലന രൂപതാ വാർഷികം**

വിശ്വാസപരിശീലന രൂപതാ വാർഷികം 2020 ജനുവരി 26-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടക്കും. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നതും സമ്മാനങ്ങളും ക്യാഷ് അവാർഡുകളും നൽകുന്നതുമാണ്. സമ്മാനാർഹരായ എല്ലാവരും പ്രസ്തുത സമ്മേളനത്തിൽ വന്നു സമ്മാനങ്ങൾ ഏറ്റുവാങ്ങേണ്ടതാണ്. കുട്ടികളെ പഠിപ്പിച്ച അധ്യാപകർക്കും പ്രോത്സാഹനസമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

**6. തിരുബാലസഖ്യം ക്വിസ് മത്സരം**

തിരുബാലസഖ്യം ക്വിസ് മത്സരം 2020 ജനുവരി 11 ശനിയാഴ്ച രാവിലെ 10 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടക്കുന്നതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവർ 2020 ജനുവരി 8-ാം തീയതിക്കുമുമ്പായി രൂപതാ കേന്ദ്രത്തിൽ പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ.

**7. സ്കൂൾ മതബോധന- സന്മാർഗ്ഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ**

സ്കൂൾ മതബോധന-സന്മാർഗ്ഗ ശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ 2020 ജനുവരി 18-ാം തീയതി ശനിയാഴ്ച 10 മുതൽ 12 വരെ നാലു കേന്ദ്രങ്ങളായ സെന്റ് മേരീസ് ജി.എച്ച്.എസ്. പാലാ, സെന്റ് ജോർജ് എച്ച്.എസ്. അരുവിത്തുറ, സെന്റ് മേരീസ് ജി.എച്ച്.എസ് കുറവിലങ്ങാട്, സെന്റ് മേരീസ് എച്ച്. എസ്. അറക്കുളം എന്നിവിടങ്ങളിലായി നടക്കുന്നു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. അമ്മസംഘം ധ്യാനം**

പാലാ മിഷനിലെ നെന്നല, കൊത്തഗുഡം, മന്നഗുഡം, കോനംപെട്ട എന്നീ മിഷൻ ഗ്രാമങ്ങളിലെയും കേന്ദ്രങ്ങളിലെയും അമ്മമാർക്കായി ഡിസംബർ 15-ാം തിയതി ഏകദിന ധ്യാനം നടത്തപ്പെട്ടു. നെന്നൽ മദർ തെരേസാ റിന്യൂവൽ സെന്ററിൽ നടന്ന ധ്യാനത്തിന് അമ്മസംഘം രൂപതാ ഡിറകടർ ഫാ.പ്രസാദ് ചോലപ്പടവിൽ നേതൃത്വം നൽകി. മാർ ആൻറണി പ്രിൻസ് പാണേങ്ങാടൻ അനുഗ്രഹ പ്രഭാഷണം നടത്തി. രാവിലെ ജപമാലയോടെ ആരംഭിച്ച ധ്യാനത്തിൽ അമ്മമാർക്കായി വചന പ്രഘോഷണവും പഠനവും പ്രത്യേകം പരി.കുർബാനയും നടത്തപ്പെട്ടു. ഉച്ചഭക്ഷണത്തിനു ശേഷം വചന പ്രഘോഷണത്തോടു കൂടെ സൗഖ്യാരാധനയും വിടുതൽ ശുശ്രൂഷയും നടത്തപ്പെട്ടു. 4-മണിക്ക് സമാപനാശീർവാദം നൽകി. തുടർന്ന് മധുര പലഹാരങ്ങൾ സ്വീകരിച്ച് അമ്മമാർ തങ്ങളുടെ ഗ്രാമങ്ങളിലേക്ക് തിരികെ പ്പോയി.

ഡയറക്ടർ ഫാ.ആന്റണി വാഴയിൽ എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം നൽകി. പങ്കെടുത്ത 75 അമ്മമാർക്കും വാഹനസൗകര്യവും ഭക്ഷണവും കേന്ദ്രത്തിൽനിന്നു തന്നെ ക്രമീകരിച്ചിരുന്നു. കൊത്തഗുഡത്തെ FDSHJ സഹോദരിമാരും ആണ്ടാശേരിൽ, മഠത്തിപ്പറമ്പിൽ ശെമ്മാശ്ശന്മാരും തങ്ങളുടെ വിലയേറിയ സേവനങ്ങൾ നൽകി.

**2. ക്രിസ്തുമസ്സ് ഒരുക്കങ്ങൾ**

നെന്നല ഇടവകയിൽ ബഹു. ഐസക് കുറിച്ചിയേൽ അച്ചന്റെയും കോനംപെട്ടിൽ ബഹു.ജോസഫ് കല്ലാച്ചേരിൽ അച്ചന്റെയും ഗൊല്ലപ്പെള്ളിയിൽ ബഹു വയലിപ്പറമ്പിൽ, കൊട്ടാരത്തിൽ അച്ചൻമാരുടെയും ജങ്കവെങ്കിട്ടപുരത്ത് ബഹു. പര്യാത്ത് അച്ചറെയും നേതൃത്വത്തിൽ ക്രിസ്തുമസ് ഒരുക്കങ്ങൾ നടക്കുന്നു. പുൽക്കൂട് നിർമ്മാണം, അലങ്കാരപ്പണികൾ,ക്രിസ്മസ് കരോൾ സന്ദർശനങ്ങൾ, ക്രിസ്മസ് സമ്മാനവിതരണം എന്നിവയാണ് പ്രധാനം. ഗ്രാമങ്ങളിൽ ഈശോയുടെ ജനനത്തെ പ്രഘോഷിക്കുന്നതിനുള്ള പ്രധാന അവസരമായി കണ്ടാണ് പാലാ മിഷനറിമാർ ഈ സമയത്തെ ഉപയോഗിക്കുന്നത്.

**3. ഏകദിന ധ്യാനങ്ങളും അനുരഞ്ജന ശുശ്രൂഷയും**

പാലാ മിഷനിൽ, ക്രിസ്തുമസ്സിന് ഉണ്ണിയീശോയെ വരവേൽക്കാനുള്ള ആത്മീയ ഒരുക്കങ്ങളുടെ ഭാഗമായി എല്ലാ കേന്ദ്രങ്ങളിലും സവിശേഷമായി

ഏകദിന ധ്യാനങ്ങളും അനുരഞ്ജന ശുശ്രൂഷാനുഷ്ഠാനവും ക്രമീകരിച്ചിരിക്കുന്നു. ഡിസംബർ 22-ാം തിയതി ഞായറാഴ്ചയാണിത് ക്രമീകരിച്ചിരിക്കുന്നത്.

**4. മാർ പ്രിൻസ് ആൻറണി പിതാവിന്റെ സന്ദർശനം ഗൊല്ലപ്പള്ളിയിൽ.**

ആദിലാബാദ് രൂപതാദ്ധ്യക്ഷൻ മാർ ആൻറണി പ്രിൻസ് പാണേങ്ങാടൻ ഗൊല്ലപ്പള്ളിയിൽ സന്ദർശനം നടത്തി. ഡിസംബർ 15-ാം തിയതി ഞായറാഴ്ച രാവിലെ ഗൊല്ലപ്പള്ളിയിലെത്തിയ പിതാവ് പരി. കുർബാന അർപ്പിക്കുകയും ഇടവക ജനങ്ങളുമായി സംവദിക്കുകയും ചെയ്തു. അർത്ഥപൂർണ്ണമായി ക്രിസ്തുമസ് ആഘോഷിക്കുന്നതിനേക്കുറിച്ച് ശക്തമായ ഒരു ബൈബിൾ സന്ദേശവും അദ്ദേഹം വിശ്വാസികൾക്കു നൽകി.

**5. ക്രിസ്തു ജയന്തി മഹോത്സവം നെന്നലയിൽ.**

പാലാ മിഷന്റെയും രൂപതാ ഇവാഞ്ചലൈസേഷൻ ടീമിന്റെയും സംയുക്താഭിമുഖ്യത്തിൽഡിസംബർ 21-ാം തിയതി ശനിയാഴ്ച വൈകുന്നേരം 7.00 മണി മുതൽ 9.00 വരെ നെന്നൽ പള്ളി മൈതാനിയിൽ ക്രിസ്തു ജയന്തി മഹോത്സവം നടത്തപ്പെടുന്നു. പരിസര ഗ്രാമങ്ങളിൽ നിന്നുള്ള ജനങ്ങൾ കൂട്ടമായി ഒരുമിച്ചു ചേരുന്ന അന്ന് ഈശോയുടെ പിറവി സന്ദേശമുൾക്കൊള്ളുന്ന കലാപരിപാടികളും നടത്തപ്പെടുന്നു. പങ്കെടുക്കുന്ന എല്ലാവർക്കും മധുര പലഹാര പായ്ക്കറ്റുകൾ വിതരണത്തിനു തയ്യാറായിരിക്കുന്നു.

**6. വിദ്യാർത്ഥികൾക്ക് ക്രിസ്തുമസ് സമ്മാനം.**

പാലാ മിഷന്റെ നെന്നൽ ഭവനത്തിൽ താമസിച്ച് അധ്യയനം നടത്തുന്ന 12 വിദ്യാർത്ഥികൾക്ക് ക്രിസ്തുമസ് സമ്മാനമായി പാന്റ്സ്, ഷർട്ട്', മധുര പലഹാരങ്ങൾ എന്നിവ നൽകി. അവർക്ക് വിശ്വാസം പകർന്നു കൊടുക്കുന്നതിന്റെ ഭാഗമായി അവർക്കു വേണ്ടി വിശ്വാസ തീർത്ഥാടനവും നടത്തി.

**7. ജണ്ടവെങ്കിട്ടപുരത്ത് പുതിയ ഗ്രോട്ടോ.**

ജണ്ടവെങ്കിട്ടപുരം ഇടവകയിലെ വിശ്വാസികളുടെ ഏറെ നാളത്തെ ആഗ്രഹം പൂർത്തീകരിക്കപ്പെടുകയാണ്. ദൈവാലയ പരിസരത്തു തന്നെ റോഡിന് അഭിമുഖമായി ദൈവമാതാവിന്റെ നാമത്തിൽ പുതിയ ഗ്രോട്ടോയുടെ നിർമ്മാണം ആരംഭിച്ചു. ഇടവക ജനങ്ങളുടെ സഹകരണത്തോടെ ആരംഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബഹു. പര്യാത്ത് അച്ചനും ശ്രീ ഗോപാലുമാണ് നേതൃത്വം നൽകുന്നത്.

**ഫാ. ജോർജ് കാരാംവേലിൽ** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**ക്രിസ്തുമസ് ഒരുക്ക ധ്യാനം നടത്തപ്പെട്ടു.**

Ahmedabad Cse Maninagar, Layola, Navarangapura എന്നി ഇടവകളിൽ മൂന്ന് ഞായറാഴ്ചകളിലായി ക്രിസ്തുമസ് ഒരുക്കധ്യാനം നടത്തപ്പെട്ടു. ധ്യാനത്തിന് Maninagar ഇടവകയിൽ Fr. Jacob Vellamaruthinkal, Fr. Michael Thottumkal തുടങ്ങിയവർ നേതൃത്വം നൽകി. Layola ഇടവകയിൽ Msgr. Fr Joseph

Kollamparampil, Fr. Jacob Vellamaruthinkal തുടങ്ങിയവർ നേതൃത്വം നൽകി. Navarangapura College ഇടവകയിൽ Rev. Fr. Jacob Vellamaruthinkal, Fr. Mathew Vegalor തുടങ്ങിയവർ നേതൃത്വം നൽകി. എല്ലാ ഇടവകകളും നല്ല പങ്കാളിത്തമുണ്ടായിരുന്നു.

**Christmas Carol's നടത്തപ്പെട്ടു.**

നാട്ടിൽനിന്നും വ്യത്യസ്തമായി ഒരാഴ്ചയോളം നീണ്ടു നില്ക്കുന്ന Christmas Carols നടത്തപ്പെട്ടു. ഒരോ വീടുകളിലും വൈദികരുൾപ്പെടെ ഇടവക ward അടിസ്ഥാനതിലുള്ള Carol's ൽ നിരവധി ആളുകൾ പങ്കെടുത്തു.

**Christmas പാതിരാ കുർബാന നടത്തപ്പെട്ടു.**

Ahmedabad തിലെ നിരവധി ദേവാലയങ്ങളിൽ Christmas പാതിരാ കുർബാന നടത്തപ്പെട്ടു. പാതിരാ കുർബാനയിലും Christmas ആഘോഷങ്ങളിൽ നിരവധി ഭക്തജനങ്ങൾ പങ്കെടുത്തു. Layola ഇടവകയിൽ Msgr. Joseph Kollamparampil അച്ചനും, Maninagar ഇടവകയിൽ Rev. Fr. Jacob Vellamaruthinkal അച്ചനും, Navarangapura College ഇടവകയിൽ Rev. Fr. Mathew Vegalor അച്ചനും, Sabermati ഇടവകയിൽ Rev. Fr. Paul Paraplakel അച്ചനും, Baruch ഇടവകയിൽ Rev. Fr. Jhon Chavelil അച്ചനും, Bapunagar ഇടവകയിൽ Rev. Fr. Michael Thottumkal അച്ചനും ശ്രീശൂഷകൾക്ക് നേത്രത്വം നൽകി.

**ബഹു. ജോസഫ് കൊല്ലംപറമ്പിലച്ചൻ** (വികാരി ജനറാൾ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാ വാർത്തകൾ**

**1. എക്സിക്യൂട്ടീവ്**

സംഘടനയുടെ എക്സിക്യൂട്ടീവ് യോഗം 2019 ഡിസംബർ 1-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. രൂപത പ്രസിഡന്റ് ജസ്റ്റിൻ വയലിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. ഡിസംബർ മാസത്തെ സംഘടനാ പ്രവർത്തനങ്ങൾക്ക് യോഗത്തിൽ രൂപം നൽകി.

**2. ക്യാമ്പുകൾ**

ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ 2019 ഡിസംബർ 26,27 തീയതികളിൽ ദൈവവിളി ക്യാമ്പ് ഡിസംബർ 27,28 തീയതികളിൽ ജൂണിയേഴ്സ് ക്യാമ്പും ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടത്തി.

**3. കുഞ്ഞുമിഷനറി ക്വിസ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ മിഷൻലീഗ് സുവർണ്ണജൂബിലി സ്മാരകമായി കേരളത്തിലെ സൺഡേ സ്കൂൾ വിദ്യാർത്ഥികളായ മിഷൻലീഗ് അംഗങ്ങൾക്കായി കുഞ്ഞുമിഷനറി ക്വിസ് മത്സരം നടത്തു

ന്നു. 2020 ജനുവരി 11-ാം തീയതി ശനിയാഴ്ച രാവിലെ 9.30 ന് ഭരണങ്ങാനം മാതൃഭവനിൽ വച്ചാണ് മത്സരം. മത്സരത്തിൽ ആദ്യ നാലു സ്ഥാനങ്ങൾ നേടുന്നവർക്കും കൂടാതെ അഞ്ചു മുതൽ പന്ത്രണ്ടുവരെ ക്ലാസുകളിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന ഓരോരുത്തർക്കും ക്യാഷ് അവാർഡ് നൽകുന്നതാണ്. പാലാ രൂപതയിൽ എ.ബി.സി. ഗ്രൂപ്പുകളിൽ ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുന്ന ശാഖയ്ക്കും വൈസ് ഡയറക്ടർക്കും സമ്മാനങ്ങൾ ഉണ്ടായിരിക്കും. മത്സരം വ്യക്തിഗതമായിരിക്കും. രജിസ്ട്രേഷൻ ഫീസ് 20 രൂപ. (വിശദവിവരങ്ങൾ 2019 ഡിസംബർ ലക്കം കുഞ്ഞുമിഷനറിയിൽ ഉണ്ട്.)

**4. രൂപതാ വാർഷികം**

ചെറുപുഷ്പ മിഷൻലീഗ് രൂപതാ വാർഷികവും കൗൺസിലും 2020 ജനുവരി 19-ാം തീയതി ഞായറാഴ്ച പാലാ കത്തീഡ്രൽ പള്ളിയിൽ വച്ചു നടക്കും. രാവിലെ 9.30-ന് വി. കുർബാന, തുടർന്നുള്ള പതാക ഉയർത്തലിനുശേഷം രൂപതാ കൗൺസിൻ. ഉച്ചയ്ക്കു പ്രേഷിതറാലിക്കു ശേഷം നടക്കുന്ന പൊതുസമ്മേളനം മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യും. വാർഷികത്തിലും കൗൺസിലിഗിലും എല്ലാ ശാഖാ, മേഖലാ ഭാരവാഹികളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**5. പ്രേഷിത വാരാചരണം**

സീറോ മലബാർ സഭ പ്രേഷിതവാരമായി 2020 ജനുവരി 6 മുതൽ 12 വരെ ആചരിക്കുന്നു. ഇതോടനുബന്ധിച്ച് മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ശാഖകളിൽ ഭവനസന്ദർശനം, മിഷണറിമാരെ ആദരിക്കൽ, സെമിനാറുകൾ, മിഷൻ റാലികൾ തുടങ്ങിയവ നടത്തേണ്ടതാണ്.

**6. കയ്യെഴുത്തുമാസിക / പോസ്റ്റർ രചനാ മത്സരങ്ങൾ**

ചെറുപുഷ്പ മിഷൻലീഗ് ദൈവവിളിയുടെ വിത്തു വിതയ്ക്കാനും വിളവെടുക്കാനും എന്ന വിഷയത്തെ ആസ്പദമാക്കി മേഖലകളിൽ കയ്യെഴുത്തുമാസിക, പോസ്റ്ററ് രചന മത്സരങ്ങൾ നടത്തി.

**മേഖലാ വാർത്തകൾ**

**1. കുറവിലങ്ങാട്**

മിഷൻലീഗ് കുറവിലങ്ങാട് മേഖലയുടെ ആഭിമുഖ്യത്തിൽ 2019 ഡിസംബർ 22-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് കുറവിലങ്ങാട് സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിൽ വച്ചു കരോൾഗാന മത്സരം 'എയ്ഞ്ചൽസ് വോയ്സ് 2019" നടത്തപ്പെട്ടു.

**2. ഭരണങ്ങാനം**

'മിസ് എ മീൽ' - "ഒരു നേരത്തെ ആഹാരം ഉപേക്ഷിക്കൂ, വിശക്കുന്നവനെ സഹായിക്കൂ" എന്ന മുദ്രാവാക്യവുമായി മേഖലയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന 'മിസ് എ മീൽ' പദ്ധതി ഈ വർഷവും ക്രിസ്മസിനോടനുബന്ധിച്ച് നടത്തപ്പെട്ടു.

**3. കുഞ്ഞേട്ടൻ ക്വിസ്**

മേഖലയുടെ ആഭിമുഖ്യത്തിൽ 10-ാമത് അഖില കേരള കുഞ്ഞേട്ടൻ മെമ്മോറിയൽ ക്വിസ് മത്സരം 2019 ഡിസംബർ 27 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ഭരണങ്ങാനം സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**വിജ്ഞാനോത്സവ് 2019**

കെ. സി. എസ്. എൽ പാല രൂപതാ സംഘടിപ്പിച്ച വിജ്ഞാനോത്സവം മെഗാ ക്വിസ് മത്സരം പാലാ നവംബർ 30 ന് പാലാ അൽഫോൻസാ കോളേജിൽ വച്ച് നടത്തപ്പെട്ടു. 3 വിഭാഗങ്ങളിലായി മുന്നൂറ്റി അമ്പതോളം ടീമുകൾ പങ്കെടുത്തു. ഹയർ സെക്കൻഡറി വിഭാഗത്തിൽ രാമപുരം സെന്റ് അഗസ്റ്റിൻസ് എച്ച്. എസ്. എസിലെ ഷോൺ ഡൊമിനിക് - ജെഫ് പ്രകാശ് ഒന്നാം സ്ഥാനവും, ഭരണങ്ങാനം സെന്റ് മേരീസ് എച്ച്. എസ്. എസിലെ പാർത്ഥിവ് പി. കർത്താ - ഗൗരവ് അമർ ജെയിംസ് രണ്ടാം സ്ഥാനവും, വിളക്കുമാടം സെന്റ് ജോസഫ്സ് എച്ച്. എസ്. എസിലെ ലിറ്റാ റോസ് - ശ്രേയാ ജെം മാത്യു മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഹൈസ്കൂൾ വിഭാഗത്തിൽ ഭരണങ്ങാനം അൽഫോൻസാ റെസിഡൻഷ്യൽ സ്കൂളിലെ നിയ പയസ് - കെ. എച്ച്. ആദിത്യൻ ഒന്നാം സ്ഥാനവും, ഇലഞ്ഞി സെന്റ് പീറ്റേഴ്സ് എച്ച്. എസ്. എസിലെ നന്ദന മനോജ് - മെറിൽ ജോസഫ് രണ്ടാം സ്ഥാനവും, എം. ജി. എച്ച്. എസ് ഈരാറ്റുപേട്ടയിലെ അഭിയ മുജിബ് - ലിയ ഫാത്തിമ എം. എസ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. യു. പി. വിഭാഗത്തിൽ അമനകര ചാവറ ഇന്റർ നാഷണൽ സ്കൂളിലെ ടോം ബിജു - ചന്ദ്രജിത്ത് ജയശങ്കർ ഒന്നാം സ്ഥാനവും കുടത്തുരുത്തി സെന്റ് കുര്യാക്കോസ് പബ്ലിക് സ്കൂളിലെ അഭി രാജേഷ് - ഹരിശങ്കർ എൻ. രണ്ടാം സ്ഥാനവും, പിഴക് നിർമ്മല പബ്ലിക് സ്കൂളിലെ ജോയൽ ജോബി - തോമസ് ഐവാൻ എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ക്വിസ് മാസ്റ്റർ ഷാജി സി. ചെറുകാട് മത്സരങ്ങൾക്ക് നേതൃത്വം നൽകി. കെ. സി. എസ്. എൽ രൂപതാ ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ സമ്മാനദാനം നിർവ്വഹിച്ചു.

**കളരി വിതരണം നടത്തി**

കെ. സി. എസ്. എൽ പ്രസിദ്ധീകരണമായ കളരി മൂന്നാം ലക്കം ക്രിസ്തുമസ് പതിപ്പ് എല്ലാ സ്കൂളുകളിലും വിതരണം നടത്തി.

**സ്കൂൾ സന്ദർശനം നടത്തി**

കെ. സി. എസ്. എൽ ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ എല്ലാ സ്കൂളുകളിലും ഔദ്യോഗിക സന്ദർശനം നടത്തുകയും സ്കൂളുകളിലെ കെ. സി. എസ്. എൽ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**സമ്മാനം വിതരണം ചെയ്തു**

സാഹിത്യോത്സവം, കലോത്സവം, എന്നിവയിൽ സമ്മാനാർഹരായ കുട്ടികൾക്ക് മെമന്റോയും സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

**അൽഫോൻസാ കളറിംഗ് – സമ്മാനം വിതരണം ചെയ്തു**

സ്കൂൾ തലത്തിൽ നടത്തിയ അൽഫോൻസാ കളറിംഗ് മത്സരത്തിന്റെ സമ്മാനങ്ങൾ എല്ലാ സ്കൂളുകളിലും വിതരണം ചെയ്തു.

**സെൻട്രൽ കൗൺസിൽ മീറ്റിംഗ്**

കെ. സി. എസ്. എൽ സെൻട്രൽ കൗൺസിൽ മീറ്റിംഗ് എറണാകുളം പി. ഒ. സി. യിൽ വച്ച് നടത്തപ്പെട്ടു. ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ, ജനറൽ ഓർഗനൈസർ സോജൻ കെ. ജെ, പ്രസിഡന്റ് സാലി കെ. ജെ, വൈസ് പ്രസിഡന്റ് എബി ജോസ് തുടങ്ങിയവർ സംബന്ധിച്ചു. ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ 2020 ജനുവരി 11 ന് കുറവിലങ്ങാട്ട് വച്ചു നടത്തപ്പെടുന്ന കെ. സി. എസ്. എൽ സ്റ്റേറ്റ് കലോത്സവത്തിലേക്ക് എല്ലാ രൂപതകളെയും ക്ഷണിക്കുകയും ചെയ്തു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഡിസംബർ 20 വെള്ളിയാഴ്ച 2020 ജനുവരി 11 ന് കുറവിലങ്ങാട്ട് വച്ചു നടത്തപ്പെടുന്ന കെ. സി. എസ്. എൽ സ്റ്റേറ്റ് കലോത്സവത്തിലേക്ക് കമ്മറ്റി രൂപീകരിക്കുകയും സ്റ്റേറ്റ് – രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**ഫാ. ജോർജ് വരകുകാലാപറമ്പിൽ** (ഡയറക്ടർ)

---

# എസ്.എം.വൈ.എം.

**1. ബൈബിൾ പാരായണം**

ഡിസംബർ 1-ാം തീയതി ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ കത്തീഡ്രൽ പള്ളിയിൽ വച്ച് നടത്തപ്പെട്ട ബൈബിൾ പാരായണത്തിൽ എസ്.എം.വൈ.എം. രൂപത സമിതിയെ പ്രതിനിധീകരിച്ച് വിവിധ എസ്.എം.വൈ.എം. യൂണിറ്റുകൾ പങ്കെടുത്തു. ഫാ. സിറിൽ തയ്യിൽ, റവ.ഫാ. ജോസഫ് മണിയങ്ങാട്ട് എന്നിവർ ഖുത്താആ, എന്താന പ്രാർത്ഥനകൾക്കു നേതൃത്വം നൽകി.

**2. വോളണ്ടിയേഴ്സ് മീറ്റിംഗ്**

കർഷക മഹാസമ്മേളനത്തിന് ഒരുക്കമായി ഡിസംബർ 6-ാം തീയതി വെള്ളിയാഴ്ച മൂന്നുമണിക്ക് ബിഷപ്പ്സ് ഹൗസിൽ വച്ച് നടത്തപ്പെട്ട വോളണ്ടിയേഴ്സ് മീറ്റിംഗിൽ രൂപത സമിതി പങ്കെടുത്തു.

**3. രൂപത സമിതി പിതാവിനെ സന്ദർശിച്ചു.**

കാലാവധി പൂർത്തിയാക്കാൻ ഒരുങ്ങുന്ന രൂപത സമിതി 7-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് പിതാവിനെ സന്ദർശിക്കുകയും പ്രവർത്തന വർഷത്തെക്കുറിച്ച് സംസാരിക്കുകയും ചെയ്തു.

**4. പത്രസമ്മേളനത്തിൽ പങ്കെടുത്തു**

7-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് അരമനയിൽ വച്ച് നടത്തപ്പെട്ട കർഷകറാലിയെ സംബന്ധിച്ച പത്ര സമ്മേളനത്തിൽ രൂപത സമിതി പങ്കെടുത്തു.

**5. ഫൊറോന ഇലക്ഷൻസ്**

1-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂലമറ്റം, രാമപുരം ഫൊറോനകളിൽ ഇലക്ഷൻ നടത്തപ്പെട്ടു. 8-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് കടുത്തുരുത്തി, തുടങ്ങനാട്, കൂട്ടിക്കൽ, തീക്കോയി എന്നീ ഫൊറോനകളിലും നടത്തപ്പെട്ടു. 15-ാം തീയതി ഞായറാഴ്ച കുറവിലങ്ങാട്, കടനാട് എന്നിവിടങ്ങളിൽ നടത്തപ്പെട്ടു. 22-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് പൂഞ്ഞാർ, ഇലഞ്ഞി, ഭരണങ്ങാനം, മുട്ടുചിറ, ചേർപ്പുങ്കൽ, അരുവിത്തുറ, പാലാ, കോതനല്ലൂർ എന്നിവിടങ്ങളിൽ ഇലക്ഷൻ നടത്തപ്പെട്ടു.

15-ാം തീയതി ഞായറാഴ്ച കുറവിലങ്ങാട്, കടനാട് എന്നിവിടങ്ങളിൽ നടത്തപ്പെട്ടു.

**6. വോളണ്ടിയേഴ്സ് മീറ്റിംഗ്**

13-ാം തീയതി രാവിലെ 10 മണിക്ക് കർഷക സമ്മേളനത്തോട് മുൻപായുള്ള വോളണ്ടിയേഴ്സ് മീറ്റിംഗിൽ രൂപത സമിതി പങ്കെടുത്തു.

**7. കർഷക മഹാസമ്മേളനത്തിൽ പങ്കെടുത്തു.**

പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 14-ാം തീയതി നടത്തപ്പെട്ട കർഷക മഹാസമ്മേളനത്തിൽ യുവാക്കൾ പങ്കെടുക്കുകയും സമ്മേളനത്തിന്റെ മുന്നോടിയായുള്ള പ്രവർത്തനങ്ങളിൽ തങ്ങളെ ഏല്പിച്ച ജോലികൾ രാപ്പകലില്ലാതെ കൃത്യമായി നിർവ്വഹിക്കുകയും ചെയ്തു. 300 യുവവോളണ്ടിയേഴ്സാണ് കുരിശുപള്ളി മുതൽ ഇടപ്പാടി വരെ വിന്യസിച്ചത്.

**8. Holynight 2019**

എസ്.എം.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഹോളിനൈറ്റ് 15-ാം തീയതി ഞായറാഴ്ച വൈകുന്നേരം 6.30 ന് അരമനയിൽനിന്ന് ആരംഭിച്ച് പാലാ കുരിശുപള്ളി കവലയിൽ അവസാനിച്ചു. പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് സന്ദേശം നൽകുകയും മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് ആശീർവ്വാദകർമ്മം നിർവ്വഹിക്കുകയും ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. സെബാസ്റ്റ്യൻ തോട്ടത്തിലിന്റെ നേതൃത്വത്തിൽ രൂപത സമിതി അംഗങ്ങൾ ഒത്തൊരുമയോടെ പങ്കെടുത്തു. ഹോളിനൈറ്റ് പ്രോഗ്രാം പാലായ്ക്ക് ഒരു എക്യുമെനിക്കൽ ആഘോഷമായി മാറി. പാലായിലെ വിവിധ സുറിയാനി സഭകളിൽപെട്ട വൈദികർ പങ്കെടുത്തു. യാക്കോബായ സുറിയാനി ചേർപ്പുങ്കൽ പള്ളി വികാരി റവ.ഫാ. ഗീവർഗീസ്, ഓർത്തഡോക്സ് സുറിനായി പാലാ പള്ളി വികാരി റവ.ഫാ. അലക്സ് ജോൺ, സി.എസ്.ഐ. പാലാപ്പള്ളി വികാരി റവ.ഫാ. കെ.ജെ. ജോസ്, മാർത്തോമ്മാ സുറിയാനി സഭാ പാലാ പള്ളി വൈസ് പ്രസിഡന്റ് ഡോ. തോമസ് ജോർജ് എന്നിവർ പങ്കെടുക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു. ഈ പ്രോഗ്രാമിന്റെ വിജയത്തിനായി പ്രവർത്തിച്ച രൂപതയിലെ വിവിധ യൂണിറ്റുകളിലുള്ള എസ്.എം.വൈ.എം. പ്രവർത്തകരെയും പാലാ നസ്രാണി യൂത്ത് ഫോറം അംഗങ്ങളേയും നന്ദിയോടെ ഓർക്കുന്നു. കരോൾ മത്സരത്തിനും പാപ്പാ മത്സരത്തിനും വിവിധ യൂണിറ്റുകളും വ്യക്തികളും സമ്മാനാർഹരായി.

കരോൾ മത്സരത്തിൽ ഒന്നാം സമ്മാനം നേടിയത് കുറവിലങ്ങാട് യൂണിറ്റും രണ്ടാംസമ്മാനം പാലാ കത്തീഡ്രലും മൂന്നാം സമ്മാനം അരുവിത്തുറ യൂണിറ്റും, നാലാം സമ്മാനം മുളക്കുളം യൂണിറ്റും കരസ്ഥമാക്കി. പാപ്പാ മത്സരത്തിൽ അരുവിത്തുറ യൂണിറ്റ് അംഗമായ ശ്രീ. ഐവിൻ ജോർജ് ഒന്നാം സമ്മാനത്തിന് അർഹനായി. മണ്ണയ്ക്കനാട് യൂണിറ്റ് അംഗമായ റോണിറ്റ് രണ്ടാംസ്ഥാനവും കളഞ്ഞൂർ ഇടവക അംഗമായ റ്റോമിൻ റോയി മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**9. യൂണിറ്റ് സന്ദർശനം**

1-ാം തീയതി ഞായറാഴ്ച ഡയറക്ടറച്ചൻ മേരിലാന്റ് യൂണിറ്റ് സന്ദർശിക്കുകയും അവിടെയുള്ള എ&ബി യൂണിറ്റ് അംഗങ്ങളോട് സംസാരിക്കുകയും ചെയ്തു.

8-ാം തീയതി ഞായറാഴ്ച കാട്ടാമ്പാക്ക് യൂണിറ്റ് സന്ദർശിക്കുകയും എ & ബി യൂണിറ്റുകളോട് സംസാരിക്കുകയും ചെയ്തു.

14-ാം തീയതി കുറിച്ചിത്താനം യൂണിറ്റ് സന്ദർശിച്ചു.

21-ാം തീയതി ഞായറാഴ്ച മണ്ണയ്ക്കനാട് യൂണിറ്റ് സന്ദർശിക്കുകയും ക്രിസ്മസ് കരോൾ മത്സരത്തിൽ ആശംസകൾ അർപ്പിക്കുകയും ചെയ്തു.

27-ാം തീയതി തിടനാട് യൂണിറ്റ് സന്ദർശിച്ചു.

**10. നോമിനേഷൻ സ്വീകരിച്ചു.**

പുതിയ രൂപത സമിതിയിലേയ്ക്ക് മത്സരിക്കാൻ താൽപര്യമുള്ള യുവാക്കളുടെ നോമിനേഷൻ 28-ാം തീയതി ശനിയാഴ്ച സ്വീകരിച്ചു.

**11. എക്സിക്യൂട്ടീവ് മീറ്റിംഗ്**

30-ാം തീയതി തിങ്കളാഴ്ച ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ നോമിനേഷൻ തന്ന അംഗങ്ങളുടെ ഫോമുകൾ പരിശോധിക്കുകയും വേണ്ട നടപടികൾ എടുക്കുകയും ചെയ്തു.

## നടക്കാനിരിക്കുന്നവ

**1. Eparchial Youth Synad ഉം രൂപതാ വാർഷികവും, രൂപത സെനറ്റ് ഇലക്ഷനും**

പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ ജനുവരി 2-ാം തീയതി രാവിലെ 9.30 ന് എപ്പാർക്കിയൽ യൂത്ത് സിനഡ് നടത്തപ്പെടും. (രൂപതയിലെ യൂണിറ്റ് ഉള്ളതും ഇല്ലാത്തതുമായ ഇടവകകളിലെ യുവതീയുവാക്കൾ ഒത്തുചേർന്നുള്ള ചർച്ച). അന്നേദിവസം രാവിലെ 9.30-ന് അൽഫോൻസാ കോളേജിൽ വച്ച് നടത്തപ്പെടുന്ന ഈ സൂനഹദോസിൽ എല്ലാ യൂണിറ്റുകളെയും പ്രതിനിധീകരിച്ച് (എ & ബി യൂണിറ്റ്) പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ഫൊറോന കൗൺസിലർ എന്നിവർ പങ്കെടുക്കേണ്ടതാണ്. ഈ സൂനഹദോസിന്റെ പ്രാരംഭത്തിൽ രൂപത സെനറ്റിൽ ഇലക്ഷനും നടത്തുന്നതാണ്. ഡയറക്ടർമാർ, ആനിമേറ്റേഴ്സ്, സിസ്റ്റേഴ്സ്, ലേ-ആനിമേറ്റേഴ്സ് എന്നിവർക്കും സിനഡിൽ പങ്കെടുക്കുന്നത് ഉചിതമാണ്.

**2. രൂപതാ വാർഷികം**

ഡിസംബർ 2-ാം തീയതി ഉച്ചകഴിഞ്ഞ് 1.30 ന് രൂപതാ വാർഷികം നടക്കുന്നതാണ്. വാർഷികത്തിന്റെ മുഖ്യാതിഥിയായി പാലാ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മുരിക്കൻ പങ്കെടുക്കും. രൂപതയിലെ എല്ലാ വൈദികർക്കും എസ്.എം. വൈ.എം. ഡയറക്ടർ അച്ചന്മാർക്കും ആനിമേറ്റർ സിസ്റ്റേർമാർക്കും ലേ- ആനിമേറ്റേഴ്സിനും ഈ യോഗത്തിൽ പങ്കെടുക്കാവുന്നതാണ്. അന്നേദിവസം ജില്ല-സംസ്ഥാന തല മികവുകൾ ലഭിച്ച യുവതീയുവാക്കളെ അനുമോദിക്കുന്നതായിരിക്കും. ഒപ്പം 2019-ൽ മുപ്പതു വയസ്സ് പൂർത്തിയാക്കുന്ന എസ്.എം.വൈ.എം. അംഗങ്ങളെയും ആദരിക്കുന്നതായിരിക്കും.

**പ്രത്യേകം ശ്രദ്ധിക്കുക**

**11. എല്ലാ ഇടവകകളിലും എ യൂണിറ്റും ബി യൂണിറ്റും**

ജനുവരി മാസത്തിൽ തന്നെ യൂണിറ്റ് രജിസ്ട്രേഷനും അംഗത്വ രജിസ്ട്രേഷനും അംഗത്വനവീകരണവും പൂർത്തിയാക്കുവാൻ ശ്രദ്ധിക്കുക. ഈ പ്രവർത്തനവർഷത്തിൽ കലാമത്സരങ്ങളും ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ, ക്രിക്കറ്റ് തുടങ്ങിയ മത്സരങ്ങളും നടത്താൻ ഉദ്ദേശിക്കുന്നു. ജനുവരിയിൽതന്നെ ടീമുകൾ പേരുകൾ നൽകുക. പിന്നീട് പരിഗണിക്കുന്നതല്ല.

**2. എല്ലാ യുവതീയുവാക്കളുമായി (നാട്ടിലുള്ളവരും ദൂരെയായിരിക്കുന്നവരും) സഭയ്ക്ക് കോൺടാക്ടിനുള്ള ശ്രമം.**

15 വയസ്സുമുതൽ 30 വയസ്സുവരെയുള്ള യുവതീയുവാക്കളുടെ വിവരങ്ങൾ ശേഖരിക്കുന്നു. ബാച്ച്വൈസിൽ പേരുവിവരങ്ങൾ കോൺടാക്ട് നമ്പർ സഹിതം രൂപത ഓഫീസിൽ എത്തിക്കാൻ ഭാരവാഹികളെ ഓർമ്മിപ്പിക്കുമല്ലോ. ഓരോ ഫൊറോനയിലും ഓരോ ബാച്ചിനായി വാട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചുവരുന്നു. യൂണിറ്റ് ഭാരവാഹികളെ ഇക്കാര്യങ്ങൾ ഓർമ്മിപ്പിക്കുക.

**3.** മേഖലാ സമിതികളിൽ എല്ലാ ഇടവകകളിൽനിന്നും ഒരു യുവാവും ഒരു യുവതിയും പ്രതിനിധികളായി ഉണ്ടായിരിക്കണം. ഭാരവാഹിത്വത്തിലൂടെ ഇതിന് സാധിക്കാത്ത പക്ഷം മേഖലാ സമിതികളിൽ കൗൺസിലേഴ്സ് എന്ന പോസ്റ്റുകൾ നൽകി ഉചിതമായ വ്യക്തികളെ ഇടവകകളിലെ യൂണിറ്റുകളിൽനിന്നും നിശ്ചയിക്കുക.

**ഫാ. സിറിൽ തയ്യിൽ** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. ഏകദിന സെമിനാർ- ചക്കിക്കാവ്**

ജീസസ് യൂത്ത് പാരിഷ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ ചക്കിക്കാവ് സെന്റ് മേരീസ് ഇടവകയിലെ സൺഡേ സ്കൂളിലെ വിദ്യാർത്ഥികൾക്കുവേണ്ടി ഒരു ദൈവാനുഭവസെമിനാർ ഡിസംബർ 1-ന് നടത്തി. ജോൺ വിവേക് റോയി, ഓൾകേരള പാരിഷ് മിനിസ്ട്രി ടീമിലെ എലിസബത്ത് എന്നിവർ ശുശ്രൂഷകൾ നയിച്ചു.

**2. നവീകരണധ്യാനം – നെല്ലാപ്പാറ**

ജീസസ് യൂത്ത് എയ്ഞ്ചൽസ് ആർമിയുടെ നേതൃത്വത്തിൽ ക്രിസ്മസ്സിന് ഒരുക്കമായി ഏകദിന നവീകരണധ്യാനം നെല്ലാപ്പാറ സെന്റ് മേരീസ് പള്ളിയിൽ ഡിസംബർ 1-ന് നടന്നു. ജോസ് മാത്യു, ജോസ് പീറ്റർ ഇലഞ്ഞിടോമിന, സോണിയ ഇടപ്പാടി, അമലാ ട്രീസാ ജെയിംസ് എന്നിവർ ശുശ്രൂഷകൾ നയിച്ചു. വികാരി ഫാ. അലക്സാണ്ടർ പൈകട ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**3. ജാഗരണ പ്രാർത്ഥന**

ജീസസ് യൂത്തിന്റെ മാസംതോറുമുള്ള ഏറ്റംവലിയ മദ്ധ്യസ്ഥപ്രാർത്ഥനയായ രാത്രി ആരാധന ഡിസംബർ 6–ന് അരുണാപുരം സെന്റ് തോമസ് ഇടവകയിൽ നടന്നു. ഫാ. കുര്യൻ മറ്റം, ലിൻസി സജി എന്നിവർ വചനശുശ്രൂഷകൾ നയിച്ചു. ഫാ. സിറിൽ തയ്യിൽ ദിവ്യബലി അർപ്പിച്ചു പ്രാർത്ഥിച്ചു. ക്ലിജോ കണിയാംപടി, ജോൺ വിവേക് റോയി, കെവിൻ, റോയി ജോസഫ് എന്നിവർ പ്രാർത്ഥനാശുശ്രൂഷകൾ നയിച്ചു.

**4. ജീസസ് യൂത്ത് കൂട്ടായ്മ**

ജീസസ് യൂത്ത് കോളേജ് വിദ്യാർത്ഥികളുടെ കൂട്ടായ്മ ഡിസംബർ 14–ന് പാലാ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. ഫാ. കുര്യൻ മറ്റം, പ്രിൻസിപ്പൽ മാത്യു എം. കുര്യാക്കോസ് എന്നിവർ വചനം പങ്കുവച്ചു. ജോൺ കോട്ടയം, ജോയേൽ എന്നിവർ അനുഭവങ്ങൾ പങ്കുവച്ചു.

**5. യുവജനധ്യാനം**

ജീസസ് യൂത്തിന്റെ നേതൃത്വത്തിലുള്ള യുവജനധ്യാനം കടുത്തുരുത്തി എസ്.വി.ഡി. ധ്യാനമന്ദിരത്തിൽ ഡിസംബർ 13,14,15 തീയതികളിൽ നടന്നു. ഫാ. കുര്യൻ മറ്റം, ഫാ. ജേക്കബ് എസ്.വി.ഡി., ഫാ. ടൈറ്റസ് എസ്.വി.ഡി., അനിതാ ജോജി, ജോബി, ബിലാസ് ജോസഫ്, ജോസ് കടുത്തുരുത്തി എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം കൊടുത്തു.

**6. ജീസസ് യൂത്ത് സംഗമം**

ജീസസ് യൂത്ത് ലീഡേഴ്സ് ആയിട്ടുള്ളവരുടെ കൂട്ടായ്മ ഭരണങ്ങാനം അൽഫോൻസാ റസിഡൻഷ്യൽ സ്കൂളിൽ നവംബർ 30, ഡിസംബർ 1 തീയതികളിൽ നടന്നു. ഫാ. കുര്യൻ മറ്റം, സി. ജോൺസി എഫ്.സി.സി, തോമസ്കുട്ടി ജോസഫ്, ജോൺ വിവേക് റോയി, അമല ട്രീസ, ഗ്ലാഡിയ എന്നിവർ നേതൃത്വം നൽകി.

**7. ഫോർമേഷൻ പ്രോഗ്രാം**

ജീസസ് യൂത്തിന്റെ തുടർ ഫോർമേഷൻ പ്രോഗാം പാലാ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിൽ ഡിസംബർ 7,8 തീയതികളിൽ നടന്നു. റെജി കുന്നേൽ, ജറീൻ, ജോസ് മാത്യു, സുനു സാജ് എന്നിവർ നേതൃത്വം നൽകി.

**8. വൈദിക–സന്യസ്ത സംഗമം**

കേരളാ ജീസസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ എറണാകുളം പാലാരിവട്ടത്തുള്ള പി.ഒ.സി.യിൽ വച്ച് ജീസസ് യൂത്തിനോട് ആഭിമുഖ്യമുള്ള

വൈദികരുടെയും സിസ്റ്റേഴ്സിന്റെയും കൂട്ടായ്മ 'കമ്മ്യൂണിയൻ-19' എന്ന പേരിൽ ഡിസംബർ 9,10 തീയതികളിൽ നടന്നു. ജീസസ് യൂത്തിന്റെ വിവിധ രൂപതകളിൽനിന്നുള്ള ആനിമേറ്റേഴ്സും കൂട്ടായ്മയിൽ പങ്കെടുത്തു. ഫാ. ജോർജ് ഓലായത്തിൽ, ഫാ. ജോ എഴുമയിൽ, ഡോ. എഡ്വേർഡ് എടേത്ത്, ജോർജ്ജ് ദേവസി, മിഥുൻ പോൾ, റെയ്ജു വർഗീസ് എന്നിവർ നേതൃത്വം നൽകി. പാലായിൽ നിന്ന് ഫാ. കുര്യൻ മറ്റം, ഫാ. ജോസഫ് അമ്പാട്ട്, ഫാ. തോമസ് കൊച്ചോടയ്ക്കൽ, വിവിധ സന്യാസസഭകളിൽനിന്ന് 16 സിസ്റ്റേഴ്സ് എന്നിവർ സംഗമത്തിൽ പങ്കെടുത്തു.

**9. ഹൗസ്ഹോൾഡ് സമ്മേളനം**

ജീസസ് യൂത്തിന്റെ ഹൗസ് ഹോൾഡ് സമ്മേളനങ്ങൾ പാലാ, അരുവിത്തുറ, ഇലഞ്ഞി, മുട്ടം, സിബിഗിരി എന്നിവിടങ്ങളിൽ ഡിസംബർ 1-ാം തീയതി നടന്നു.

**10. വല്യച്ചൻ മലകയറ്റം**

ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ വല്യച്ചൻ മലയിൽ കുരിശിന്റെ വഴിയും പ്രാർത്ഥനകളും ഡിസംബർ 27 വെള്ളിയാഴ്ച നടന്നു. ഫാ. കുര്യൻ മറ്റം, ക്ലിജോ കണിയാംപടി, ജോൺ വിവേക് റോയി, റെജി കുന്നേൽ എന്നിവർ നേതൃത്വം കൊടുത്തു.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡയറക്ടേഴ്സ്)

---

# കുടുംബകൂട്ടായ്മ

---

1 1-12-2019 ഞായറാഴ്ച കുടുംബകൂട്ടായ്മ രൂപതാ ഡയറക്ടർ റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ചു ഡീക്കൻ തീർത്ഥാടന ദൈവാലയത്തിൽ വി. കുർബാന അർപ്പിക്കുകയും എല്ലാ വി. കുർബാനമദ്ധ്യേയും കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തു. സോണൽ ഭാരവാഹികളുടെ സമ്മേളനത്തിലും അച്ചൻ പ്രസംഗിച്ചു.

2. 01-12-2019 ഞായറാഴ്ച 4.30 മുതൽ 6 വരെ കുറവിലങ്ങാട് ഇടവകയിലെ 20 കുടുംബകൂട്ടായ്മകളിൽ രൂപത റിസോഴ്സ് ടീം കുടുംബകൂട്ടായ്മയുടെ നാനാവശങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു.

3. 6-12-2019 വെള്ളിയാഴ്ച പാലാ ദൂതിന്റെ വിതരണത്തിനായി കുടുംബകൂട്ടായ്മയും ഫൊറോന കോർഡിനേറ്റേഴ്സ് പത്രകെട്ടുകൾ ഇടവകകളിൽ എത്തിച്ചു.

4. 06-12-2019 ഉച്ചകഴിഞ്ഞ് 3 മണിക്ക് പാലാ മെത്രാസനമന്ദിരത്തിൽ കല്ലറങ്ങാട്ടുപിതാവിന്റെ അദ്ധ്യക്ഷതയിൽ കൂടിയ വിവിധ സംഘടനാഭാരവാഹികളുടെ യോഗത്തിൽ കുടുംബകൂട്ടായ്മയുടെ രൂപത, ഫൊറോന കോർഡിനേറ്റേഴ്സും സെക്രട്ടറിമാരും പങ്കെടുത്തു. 14-12-2019 ശനിയാഴ്ച പാലായിൽ വച്ച് നടക്കുന്ന കർഷക സമ്മേളനം വൻ വിജയമാക്കി തീർക്കാൻ തീരുമാനിച്ചു.

5. 8-12-2019 ഞായറാഴ്ച 4.30 മുതൽ 6 വരെ കുറവിലങ്ങാട് ഇടവകയിലെയും കുടുംബകൂട്ടായ്മ യൂണിറ്റുകളിൽ രൂപത റിസോഴ്സ് ടീം കുടുംബകൂട്ടായ്മ എന്ത്? എന്തിന്? എന്തെല്ലാം ചെയ്യണം. പ്രത്യേകതകൾ എന്തൊക്കെ എന്നീ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

6. 11-12-2019 ബുധനാഴ്ച 10 മണിക്കു മെത്രാസനമന്ദിരത്തിൽ കൂടിയ സംഘടനാ ഭാരവാഹികളുടെ യോഗത്തിൽ കുടുംബകൂട്ടായ്മ പ്രതിനിധികൾ പങ്കെടുക്കുകയും 14-12-2019 ശനിയാഴ്ചത്തെ കർഷകസമ്മേളനം വിജയിപ്പിക്കുന്നതിനാവശ്യമായ കർമ്മപരിപാടികൾ വിലയിരുത്തുകയും ചെയ്തു.

7. 13-12-2019 വെള്ളിയാഴ്ച 10 മണിക്ക് മെത്രാസനമന്ദിരത്തിൽ കൂടിയ സംഘടനഭാരവാഹികളുടെ സമ്മേളനത്തിൽ കുടുംബകൂട്ടായ്മ രൂപത ഫൊറോന പ്രതിനിധികൾ പങ്കെടുക്കുകയും കർഷക സമ്മേളനത്തിൽ സ്വീകരിക്കേണ്ട ക്രമീകരണങ്ങളെക്കുറിച്ചു ചർച്ച ചെയ്യുകയും ചെയ്തു. 25 വോളണ്ടിയേഴ്സും പങ്കെടുത്തു.

8. 14-12-2019 ഉച്ചകഴിഞ്ഞ് പാലായിൽ വച്ചു നടന്ന കർഷകപ്രക്ഷോഭത്തിലും സമ്മേളനത്തിലും രൂപതയിലെ 170 ഇടവകകളിലേയും കുടുംബകൂട്ടായ്മകളിൽനിന്നും പതിനായിരകണക്കിന് കർഷകർ പങ്കെടുത്തു. വോളണ്ടിയേഴ്സ് നിർദ്ദേശിക്കപ്പെട്ടിടങ്ങളിൽ സ്തുത്യർഹമായവിധം സേവനം അനുഷ്ഠിച്ചു.

9. 15-12-2019 ഞായറാഴ്ച വൈകിട്ട് 4.30 മുതൽ 6 വരെ കുറവിലങ്ങാട് ഇടവകയിലെ 21 കുടുംബകൂട്ടായ്മകളിൽ റിസോഴ്സ് ടീം ക്ലാസ്സെടുത്തു.

10. 29-12-2019 ഞായറാഴ്ച വൈകിട്ട് 4.30 മുതൽ 6 വരെ കുറവിലങ്ങാട് ഇടവകയിലെ 20 കുടുംബകൂട്ടായ്മകളിൽ കുടുംബകൂട്ടായ്മ രൂപത റിസോഴ്സ് ടീമംഗങ്ങൾ കുടുംബകൂട്ടായ്മ എന്ത്? എന്തിന്? എങ്ങനെ? എന്തെല്ലാം ചെയ്യാം എന്നീ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. സംഗമം

### 1. ഹാപ്പി ഫാമിലി മീറ്റ് - പാലാ കത്തീഡ്രൽ

പാലാ രൂപതയിലെ എല്ലാ ഇടവകയിലെയും 4 കുട്ടികളും അതിൽ കൂടുതലുമുള്ള മാതാപിതാക്കളുടെയും കുട്ടികളുടെയും 'ഹാപ്പി ഫാമിലി മീറ്റ്' പാലാ സെന്റ് തോമസ് കത്തീഡ്രൽ പാരീഷ്ഹാളിൽ വച്ച് നടത്തപ്പെട്ടു. പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം നിർവഹിച്ച് അനുഗ്രഹപ്രഭാഷണം നടത്തി. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ആശംസ അർപ്പിക്കുകയും രൂപത ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കാത്തടത്തിൽ ആമുഖപ്രഭാഷണവും നടത്തി. 260 കുടുംബങ്ങളിൽ നിന്നുമായി 1270 ഹാപ്പി ഫാമിലി മീറ്റിൽ പങ്കെടുത്തു.

## B. Counselling Course

**1. ജനുവരി മാസം കോഴ്സ് തീയതികൾ**

ഡിസംബർ മാസം **ഡിപ്ലോമ കോഴ്സ് ജനുവരി 4,5** തീയതികളിലും **സർട്ടിഫിക്കറ്റ് കോഴ്സ് 10, 24** തീയതികളിലും നടത്തപ്പെടുന്നതാണ്.

## C. വിവാഹ ഒരുക്ക കോഴ്സ്

**1. സർട്ടിഫിക്കറ്റ്**

**ഡിസംബർ 2-4, 16-18** തീയതികളിലെ വിവാഹ ഒരുക്ക കോഴ്സിൽ 295 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**2020 ജനുവരി 6-8, 20-22** തീയതിയിലേക്കു നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു. **ഫെബ്രുവരി 3-5** തീയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**3. പേരന്റ്സ് മീറ്റ്**

ഡിസംബർ മാസത്തെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ, റവ. ഡോ. ജോസഫ് തടത്തിൽ എന്നിവർ ക്ലാസ്സെടുത്തു. 411 മാതാപിതാക്കൻമാർ സംബന്ധിച്ചു.

## D. പിതൃവേദി

**1. കർഷകസെമിനാർ- അരുവിത്തുറ**

അരുവിത്തുറ മേഖല പിതൃവേദിയുടെ നേതൃത്വത്തിൽ കർഷകപഠന ശിബിരം നടത്തി. ഫൊറോന വികാരി റവ. ഡോ. അഗസ്റ്റ്യൻ പാലയ്ക്കപ്പറമ്പിൽ പഠനശിബിരം ഉദ്ഘാടനം ചെയ്തു. റിട്ടേർഡ് കൃഷി വകുപ്പ് ജോ.ഡയറക്ടർ ശ്രീ. ജോർജ് ജോസഫ് ക്ലാസ്സെടുത്തു.

**2. തീർത്ഥാടനം - വേളാങ്കണ്ണി**

അരുവിത്തുറ പിതൃവേദിയുടെ നേതൃത്വത്തിൽ വേളാങ്കണ്ണി തീർത്ഥാടനം നടത്തി.

**3. സംഗമം- തീക്കോയി**

തീക്കോയി ഇടവകയിൽ പിതൃവേദിയുടെ നേതൃത്വത്തിൽ തീക്കോയി ഇടവകയിൽ സൺഡേ സ്കൂളിൽ സേവനം ചെയ്ത മുൻ അസിസ്റ്റന്റ് വികാരിമാരുടെ സംഗമം നടത്തി.

## E. മാതൃവേദി

**1. വാർഷികം - വിവിധ മേഖലകളിൽ**

ഭരണങ്ങാനം, മുട്ടുചിറ, കോതനല്ലൂർ, തുടങ്ങനാട്, രാമപുരം, കുറവിലങ്ങാട്, പൂഞ്ഞാർ മേഖലകളിൽ മാതൃവേദി വാർഷികം നടത്തപ്പെട്ടു.

**2. തെരഞ്ഞെടുപ്പ് - പാലാ**

2020-2021 വർഷങ്ങളിലെ മാതൃവേദി രൂപത ഭാരവാഹികളെ 2019 ഡിസംബർ 6 വെള്ളിയാഴ്ച ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് തെരഞ്ഞെടുത്തു. രൂപതഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ മേഖല, യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റുമാർ മേഖലയിൽനിന്നും ചേർന്നാണ് ഭാരവാഹികളെ തെരഞ്ഞെടുത്തത്. രൂപതാഭാരവാഹികളായി യഥാ

ക്രമം സിജി ലൂക്ക്സൺ പടന്നമാക്കൽ (പ്രസിഡന്റ്), സബീന സക്കറിയാസ് മഠത്തിപ്പറമ്പിൽ (വൈസ് പ്രസിഡന്റ്), മേരിക്കുട്ടി അഗസ്റ്റ്യൻ കണിയാരകത്ത് വടക്കുംകര (സെക്രട്ടറി), അന്നമ്മ ജേക്കബ് തോട്ടാപ്പള്ളിൽ (ജോയിന്റ് സെക്രട്ടറി), ആനിയമ്മ അഗസ്റ്റ്യൻ മാടക്കൽ (ട്രഷറർ) മോളിക്കുട്ടി ജേക്കബ് മുത്തനാട്ട്, ബിന്ദു ഷാജി കുന്നയ്ക്കാട്ട്(സെനറ്റ് അംഗങ്ങൾ) എന്നിവരെ തെരഞ്ഞെടുത്തു. രൂപതയിലെ 150 ഓളം ഇടവകകളിൽ നിന്നെത്തിയ സംഘടനയുടെ യൂണിറ്റ്, മേഖല പ്രസിഡന്റുമാരാണ് രൂപതാഭാരവാഹികളെ തെരഞ്ഞെടുത്തത്. പുതിയ ഭരണസമിതി 2020 ജനുവരി ഒന്നുമുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കും.

**3. രജതജൂബിലി സമാപനവും മാതൃവേദി രൂപതാവാർഷികവും - പാലാ**

മാതൃവദിയുടെ രജതജൂബിലി സമാപനവും രൂപതാവാർഷികവും പാലാ സെന്റ് തോമസ് കത്തീഡ്രൽ പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. പാലാ രൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം നിർവഹിച്ചു. മാതൃവേദി സുവനീർ തദവസരത്തിൽ പ്രകാശനം ചെയ്തു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ആശംസ അർപ്പിക്കുകയും രൂപത ഡയറക്ടർ റവ.ഡോ. ഷീൻ പാലയ്ക്കാത്തടത്തിൽ ആമുഖപ്രഭാഷണം നടത്തുകയും ചെയ്തു. 900ത്തോളം മാതൃവേദി അമ്മമാർ പരിപാടിയിൽ പങ്കെടുത്തു.

**4. സമ്മാനർഹരായവർ**

മാതൃവദിയുടെ ബെസ്റ്റ് ഫൊറോനയായി കോതനെല്ലൂർ മേഖല സമ്മാനം നേടി. നല്ല യൂണിറ്റുകളായി സമ്മാനം നേടിയവർ കുടുംബങ്ങൾ 1000 ന് മുകളിൽ - രാമപുരം, 500 ന് മുകളിൽ - രത്നഗിരി, 300ന് മുകളിൽ– അമ്പാറനിരപ്പേൽ, 300 ന് താഴെ - വേദഗിരി എന്നീ യൂണിറ്റുകൾ സമ്മാനർഹരായി.

## F. ഹോംമിഷൻ

**1. അരുവിത്തുറ**

1414 കുടുംബങ്ങളുള്ള അരുവിത്തുറ ഇടവകയിൽ നവംബർ 18-ാം തീയതി മുതൽ ആരംഭിച്ച ഹോംമിഷൻ ഡിസംബർ 18-ാം തീയതി അവസാനിച്ചു.

## G. പ്രോലൈഫ്

**1. കർമ്മരേഖ**

പ്രോലൈഫ് സമിതിയുടെ കർമ്മരേഖ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചെയ്തുവരുന്നു.

**2. എക്സിവിഷൻ**

ജീവൻ അമൂല്യമാണ് അതിനെ സംരക്ഷിക്കുക എന്ന ആശയം മുൻനിർത്തി രൂപത പ്രോലൈഫ് സമിതി പാലാ രൂപത ബൈബിൾ കൺവെഷനോടനുബന്ധിച്ച് എക്സിവിഷൻ നടത്തി.

## H. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ഡിസംബർ മാസത്തെ മാഗസിൻ വിതരണം ചെയ്തു വരുന്നു.

**I. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

**1. ക്ലാസ്സുകൾ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന **മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച്** ഡിസംബർ 14-ാം തീയതി വിവിധതരത്തിലുള്ള കേക്ക് നിർമ്മാണപരിശീലനം നൽകി. കൂടാതെ കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ —— **9496571321**

**J. മംഗല്യനിധി**

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം **രാമപുരം, അന്ത്യാളം, കുറിഞ്ഞി, വെള്ളികുളം, കുറവിലങ്ങാട്, കൂട്ടിക്കൽ, മണ്ണാറപ്പാറ, തീക്കോയി, കുറവിലങ്ങാട്** ഇടവകകളിൽ നിർദ്ധനരായ കത്തോലിക്കപെൺകുട്ടികൾക്ക്ക്ക് വിവാഹസഹായമായി **39,000** രൂപാ നൽകി.

**ഫാ. അബ്രാഹം പാലയ്ക്കത്തടത്തിൽ** (ഡയറക്ടർ)

## എ.കെ.സി.സി.

**അടുക്കളത്തോട്ട മത്സരം വിജയികൾ**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപാത സമിതി ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലായി സംഘടിപ്പിച്ച അടുക്കളത്തോട്ട മത്സരത്തിന്റെ വിജയികളെ പ്രഖ്യാപിച്ചു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി രണ്ടായിരത്തോളം കുടുംബങ്ങൾ മത്സരത്തിൽ പങ്കെടുത്തു. ആദ്യഘട്ടത്തിൽ ഇടവക തലത്തിൽ വിജയികളെ കണ്ടെത്തി. തുടർന്ന് ഫൊറോന തലത്തിൽ വിജയികളെ തെരഞ്ഞെടുത്തു. ഇവരിൽനിന്നാണ് രൂപതാതല വിജയികളെ കണ്ടെത്തിയത്. യൂണിറ്റ്, ഫൊറോന, രൂപതാ തലങ്ങളിൽ വിജയികൾക്ക് പ്രത്യേകം പ്രത്യേകം സമ്മാനങ്ങളും ക്യാഷ് അവാർഡും ഉണ്ട്. രൂപതാ തലത്തിൽ ഒന്നാം സമ്മാനം 50000/- രൂപയും ട്രോഫിയും, രണ്ടാം സ്ഥാനം 35000/- രൂപയും ട്രോഫിയും, മൂന്നാം സമ്മാനം 25000/- രൂപയും ട്രോഫിയും കൂടായെ 10 പേർക്ക് 10000/- രൂപാവീതം പ്രോത്സാഹന സമ്മാനവുമാണ് നൽകുന്നത്.

രൂപതാ വിജയികൾ :

1-ാം സമ്മാനം - ജെറി ജോൺ പനയ്ക്കൽ, മാന്നാർ

2-ാം സമ്മാനം - ജോഷി കണ്ണീറ്റുമ്യാലിൽ, കോതനല്ലൂർ

3-ാം സമ്മാനം - മേരിപോൾ തോണിക്കുഴി, ഭരണങ്ങാനം

പ്രോത്സാഹനസമ്മാനങ്ങൾ

മേരിക്കുട്ടി സേവ്യർ, പാലക്കാട്ടുമല
സെബാസ്റ്റ്യൻ മുതുകുളം, മുട്ടുചിറ
ബീന മാത്യു വെട്ടിക്കത്തടം, കാഞ്ഞിരത്താനം
ജോർജുകുട്ടി പള്ളിക്കാപറമ്പിൽ, കോതനല്ലൂർ
ലില്ലി ജോയി കാഞ്ഞിരത്താനം
റശ്മി ഇടത്തിനാൽ, കുറവിലങ്ങാട്
ബോബി തോമസ് അരൂകുഴുപ്പിൽ, മുട്ടുചിറ
ബാബു ജോസഫ് ആനാശ്ശേരി, കടുത്തുരുത്തി
സിബി കണിയാംപടി, ചെമ്മലമറ്റം
റൂബി തോമസ് തെങ്ങുംപള്ളിൽ, അരുണാപുരം

**പാലാ രൂപതാ കർഷകസംഗമവും കർഷകറാലിയും**

കാർഷിക മേഖലയിലെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ വമ്പിച്ച കർഷക സംഗമവും കർഷക മതിലും പാലായിൽ ഡിസംബർ 14-ന് സംഘടിപ്പിച്ചു. പാലാ രൂപതാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ച സമ്മേളനത്തിന് മുന്നോടിയായി പാലാ ടൗണിന്റെ 5 കേന്ദ്രങ്ങളിൽനിന്ന് കർഷക റാലി ആരംഭിച്ച് കർഷകമതിലായി മാറി പാലാ കുരിശുപള്ളിക്കവലയിലേയ്ക്ക് പതിനായിരക്കണക്കിന് കർഷകർ ഒഴുകിയെത്തി. പ്രസ്തുത പ്രോഗ്രാമിന് കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ സമിതിയുടെ മുഴുവൻ അംഗങ്ങളുടെയും പങ്കാളിത്തവും രൂപതാ, ഫൊറോന ഭാരവാഹികളുടെ സജീവവും ശക്തവുമായ നേതൃത്വവും ഉണ്ടായിരുന്നു. രൂപതാ ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ ജനറൽ കോർഡിനേറ്ററായിരുന്നു. രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ സമ്മേളനത്തിൽ കാർഷിക പ്രമേയം അവതരിപ്പിച്ചു. സഭാവക്താവ് സാജു അലക്സ് സമ്മേളനത്തിന് കൃതജ്ഞ രേഖപ്പെടുത്തി. കർഷകസംഗമത്തിന് ശക്തമായ നേതൃത്വം നൽകിയ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെയും മാർ ജേക്കബ് മുരിക്കൻ പിതാവിനെയും ജനറൽ കൺവീനർ മോൺ. ജോസഫ് കുഴിഞ്ഞാലിൽ അച്ചനെയും രൂപതാ സമിതി അഭിനന്ദിച്ചു.

**കേന്ദ്രപ്രതിനിധി സഭാ സമ്മേളനം**

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ പ്രതിനിധിസമ്മേളനം ഡിസംബർ 21-ന് ഇരിങ്ങാലക്കുടയിൽ വച്ച് നടത്തപ്പെട്ടു. ഇന്ത്യയിലെ വിവിധ രൂപതകളിൽ നിന്നായി 300-ൽപരം ഭാരവാഹികൾ പങ്കെടുത്ത സമ്മേളനം കർദ്ദി

നാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. പാലാ രൂപതയിൽനിന്ന് രൂപതാ ഡയറക്ടർ ഉൾപ്പെടെ 22 ഭാരവാഹികൾ പങ്കെടുത്തു.

**ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേലിന് കർഷക അവാർഡ്**

കാർഷിക മേഖലയിൽ നൽകി വരുന്ന ശക്തമായ ഇടപെടലുകൾക്കും സമഗ്ര സംഭാവനയ്ക്കും പാലാ രൂപതാ ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേലിനെ ഗ്ലോബൽ സമ്മേളനത്തിൽ വച്ച് ആദരിച്ചു. ഇരിങ്ങാലക്കുട ബിഷപ്പ് മാർ പോളി കണ്ണൂക്കാടനെ പൊന്നാടയണിയിച്ച് ആദരിച്ച സമ്മേളനത്തിൽ ബിഷപ്പ് മാർ റെമിജിയൂസ് ഇഞ്ചനാനായിൽ ഉപഹാരം നൽകി.

**രൂപതാ നേതൃസമ്മേളനം രാമപുരത്ത്**

കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ നേതൃസമ്മേളനം ഡിസംബർ 29-ന് രാമപുരത്ത് വച്ച് നടക്കുന്നു. രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ രൂപതാ ഭാരവാഹികൾ, കമ്മിറ്റി അംഗങ്ങൾ, പ്രതിനിധി സഭാംഗങ്ങൾ, ഫൊറോന പ്രസിഡന്റുമാർ, സെക്രട്ടറിമാർ എന്നിവർ പങ്കെടുക്കുന്നതാണ്. കാർഷിക മേഖലയിലെ തുടർ സമരങ്ങളെക്കുറിച്ച് യോഗം ചർച്ച ചെയ്യുന്നതാണ്.

**ഫാ. ജോർജ് ഞാറക്കുന്നേൽ** (ഡയറക്ടർ)

## പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**കാർഷിക മഹത്വം വിളിച്ചോതിയ കാർഷികമേള**

അദ്ധ്വാനത്തിന്റെ വിയർപ്പുതുള്ളികൾ വീണ് നനഞ്ഞ കുഴഞ്ഞ മണ്ണിൽ കർഷകമക്കൾ വിളയിച്ചെടുത്ത മണിമുത്തുകളാൽ കാർഷിക മഹത്വം വിളിച്ചോതിയ ആറാമത് സംസ്ഥാന കാർഷികമേള പതിനായിരങ്ങൾക്ക് ആവേശമായി മാറി. ആന ചേന, ഭീമൻ മത്തൻ, കുമ്പളം, ഏത്തൻ, റോബസ്റ്റ വമ്പൻ തേങ്ങാക്കുല തുടങ്ങിയ 26 ൽപരം ഇനങ്ങളായ കാർഷികവിളമത്സരം ഫൊറോനാ തലത്തിലുള്ള വിളപ്രദർശന സ്റ്റാളുകളും കാർഷികമേളയെ വിളവുത്സവമാക്കി മാറ്റി. കൂടാതെ ഫ്ളവർഷോ, കരകൗശല ഉല്പന്ന സ്റ്റാളുകൾ, ഹരിത ഭവനസ്റ്റാൾ എന്നിവർ വിവിധ ഫൊറോനകൾ ആകർഷമാക്കി അണിയിച്ചൊരുക്കിയത് മേള സന്ദർശിച്ചവർക്ക് അറിവും അത്ഭുതവും വിജ്ഞാനവും സമ്മാനിച്ചു. വിത്തു മുതൽ വിപണി വരെയും വിള പരിചരണം മുതൽ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണം വരെയുള്ള പരിശീലനങ്ങളും കൊണ്ട് കാർഷികമേള കർഷക മക്കൾക്ക് സഹായകമായി മാറി.

സാംസ്കാരിക സമ്മേളനങ്ങൾ, കാർഷിക പരിശീലന സെമിനാറുകൾ, കർഷകസംഗമം, കർഷകരെയും സംരംഭകരെയും ആദരിക്കൽ, കർഷക സംവാദം, കലാസന്ധ്യ, കാർഷിക മത്സരങ്ങൾ, ഡോഗ് ഷോ, കാർഷിക നേഴ്സറി, അമ്യൂസ്മെന്റ് പാർക്ക്, ഫുഡ് ഫെസ്റ്റ് തുടങ്ങിയ പരിപാടികൾ വൈവിധ്യങ്ങളുടെ മേളയാക്കി കാർഷികമേളയെ മാറ്റി.

നവംബർ 27–ന് രാവിലെ പത്തിന് മേളയുടെ പവലിയൻ ഉദ്ഘാടനം മുൻ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് പള്ളിക്കാപറമ്പിൽ നിർവ്വഹിച്ചു. വൈകിട്ട് നാലുമണിക്ക് പാലാ രൂപതാ അദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് കാർഷിക മേളയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. എം.എൽ.എ. മാരായ പി.സി. ജോർജ്, മാണി സി. കാപ്പൻ, മോൻസ് ജോസഫ്, പി.എസ്.ഡബ്ല്യു. എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സെബാസ്റ്റ്യൻ കുളത്തുങ്കൽ, കെ.എസ്.എഫ്. ഡയറക്ടർ ഫാ. ജോർജ് വെട്ടുകാട്ടിൽ, രാഷ്ട്രദീപിക ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ഫാ. മാത്യു ചന്ദ്രൻകുന്നേൽ നബാർഡ് ജില്ലാ മാനേജർ കെ.ബി. വിദ്യ, പ്രൻസിപ്പൽ കൃഷി ഓഫീസർ ബോസ് ജോസഫ്, പി.എസ്.ഡബ്ല്യു.എസ്. ഓഫീസ് സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സഹകരണത്തോടെ ചക്ക കൊണ്ട് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണ പരിശീലനം നടന്നു. വികാരി ജനറാൾ മോൺ സെബാസ്റ്റ്യൻ വേത്താനത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിലൽ വച്ച് മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് സെമിനാർ ഉദ്ഘാടനം ചെയ്തു. കെ.വി.കെ. പത്തനംതിട്ട ടെക്നിക്കൽ ഓഫീസർ ഷാലി ഹർഷൻ സെമിനാർ നയിച്ചു. ഓലമെടച്ചിൽ, തൊപ്പിപ്പാളകുത്ത്, ചൂലുകുത്ത് തുടങ്ങി മത്സരങ്ങൾ, കരോക്കാ ഗാനമേള തുടങ്ങിയവ ഒന്നാം ദിവസം നടന്നു.

മേളയുടെ രണ്ടാംദിവസം കപ്പയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണപരിശീലനം അഡ്വ. ജോയി എബ്രാഹം എക്സ് എം. എൽ.എ. ഉദ്ഘാടനം ചെയ്തു. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിലെ സയിന്റിസ്റ്റ് എം.എസ്. സജീവ് സെമിനാർ നയിച്ച പുഷ്അപ്പ് മത്സരം, കഷണ്ടി മത്സരം, മണ്ണയ്ക്കനാട് സ്കൂളിലെ വിദ്യാർത്ഥി പ്രതിഭകൾ അവതരിപ്പിച്ച കലാസന്ധ്യ തുടങ്ങിയ പരിപാടികൾ നടന്നു.

മൂന്നാം ദിനമായ 29–ാം തീയതി വെള്ളിയാഴ്ച രാവിലെ പത്തിന് തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിപാലന കേന്ദ്രത്തിന്റെ സഹകരണത്തോടെ ആദായകരമായ പോത്ത് വളർത്തൽ സെമിനാർ നടന്നു. പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മാത്തച്ചൻ താമരശേരിൽ സെമിനാർ ഉദ്ഘാടനം ചെയ്തു. ഡോ. കുരുവിള മാത്യു ക്ലാസ് നയിച്ചു. ഉച്ചകഴിഞ്ഞ് പാചകമത്സരം, ക്വിസ് മത്സരം, സംഘഗാന മത്സരം, കരോക്കേ ഗാനമത്സരം തുടങ്ങിയവ നടന്നു. ഇൻഫാമിന്റെ ആഭിമുഖ്യത്തിൽ വൈകുന്നേരം നടന്ന കർഷകസംഗമം പി.ജെ. ജോസഫ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. ഇൻഫാം പാലാ രൂപതാ ഡയറക്ടർ ഫാ. ജോസ് തറപ്പേൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സി.കെ. ആശ എം.എൽ.എം. ടോബിൻ കെ. അലക്സ്, ഫാ. സിറിൽ തയ്യിൽ, ഇ.ജെ. ആഗസ്തി, സതീഷ് ചൊള്ളാനിയിൽ, സണ്ണി ഡേവിഡ് തുടങ്ങിയവർ പ്രസംഗിച്ചു.

മേളയുടെ നാലാം ദിനമായ 30-ാം തീയതി ശനിയാഴ്ച രാവിലെ പത്തിന് ശാസ്ത്രീയമായ ചെറുതേനീച്ച വളർത്തൽ എന്ന വിഷയത്തിൽ സെമിനാർ നടന്നു. കുമരകം കൃഷി വിജ്ഞാനകേന്ദ്രം ടെക്നിക്കൽ ഓഫീസർ ജോളി ജോസഫ് സെമിനാർ നയിച്ചു. ഫാ. ജോസഫ് താഴത്തുവരിക്കയിൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. മലയാളി മങ്ക, പുരുഷ കേസരി, മാർഗ്ഗംകളി തുടങ്ങിയ മത്സരങ്ങൾ നടന്നു. ഉച്ചകഴിഞ്ഞ് 2.30 ന് നടന്ന വികസന സെമിനാർ ഈരാറ്റുപേട്ട മുനിസിപ്പൽ ചെയർമാൻ വി.എം. സിറാജ് ഉദ്ഘാടനം ചെയ്തു. മാർ ജേക്കബ് മുരിക്കൻ, തോമസ് ചാഴിക്കാടൻ എം. പി., കർഷക മേള സന്ദർശിക്കുകയും ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

മേളയുടെ സമാപനദിനമായ ഡിസംബർ 1-ന് ആദായകരമായ മത്സ്യകൃഷിയെക്കുറിച്ച് സെമിനാർ നടന്നു. പി.എസ്.ഡബ്ല്യു.എസ്. മുൻ ഡയറക്ടർ ഫാ. തോമസ് വാലുമ്മേൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. ഫിഷറീസ് ഡിപ്പാർട്ട്മെന്റ് കോട്ടയം ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി എസ്. ജയശ്രീ സെമിനാർ നയിച്ചു. തുടർന്ന് കാർഷികരംഗത്തെ നൂതന സാധ്യതകളും ഉടവിളകൃഷിയും എന്ന വിഷയത്തിൽ ജില്ലാ അഗ്രി. ഓഫീസർ ജോസ് പൈനാപ്പിള്ളിൽ ക്ലാസ് നയിച്ചു. ഡോ. സി.പി. മാത്യു, ശ്രീമതി കെ.കെ. ബിന്ദു തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ഉച്ചകഴിഞ്ഞ് 2.30 ന് നടന്ന ജൈവസുരക്ഷാസമ്മേളനം ളാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജോസ് പ്ലാക്കൂട്ടം ഉദ്ഘാടനം ചെയ്തു. എബി പൂണ്ടിക്കുളം സെമിനാറിന് നേതൃത്വം നൽകി.

വൈകുന്നേരം 5.30 ന് നടന്ന സമാപന സമ്മേളനം മോൺ. ജോസഫ് കുഴിഞ്ഞാലിയുടെ അദ്ധ്യക്ഷതയിൽ ജോസ് കെ. മാണി എം.പി. ഉദ്ഘാടനം ചെയ്തു. റോഷി അഗസ്റ്റിൻ, എം.എൽ.എ., അനൂപ് ജേക്കബ് എം.എൽ. എ., കുര്യാക്കോസ് പടവൻ തുടങ്ങിയവർ ആശംസകളറിയിച്ച് സംസാരിച്ചു. കാർഷികമേള മത്സവിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. തുടർന്ന് ഇൻഫാം ഡയറക്ടർ ഫാ. ജോസ് തറപ്പേൽ നയിച്ച കരാക്കേ ഗാനമേള നടന്നു.

ഡിസംബർ 2-ാം തീയതി തിങ്കളാഴ്ച രാവിലെ 9 മണി മുതൽ മേളയിൽ പ്രദർശിപ്പിച്ച കാർഷികവിളകൾ ഉല്പന്നങ്ങൾ തുടങ്ങിയ വിവിധ സാധനങ്ങളുടെ പൊതുവിതരണം നടന്നു.

**മന്നാ അവാർഡ് ഫാ. തോമസ് ഓലിക്കലച്ചന്**

കാർഷികമേളയുടെ ഭാഗമായി പള്ളിയോടനുബന്ധിച്ച് പച്ചക്കറി, ഭക്ഷ്യ വിളകൃഷി നടത്തുന്ന വൈദികർക്കായി ഏർപ്പെടുത്തിയ മന്നാ അവാർഡ് കടുത്തുരുത്തി പള്ളി വികാരി ഫാ. തോമസ് ഓലിക്കൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഫാ. ഇമ്മാനുവേൽ വരിക്കമാക്കൽ അറക്കുളം, ഫാ. ആന്റണി തയ്യിൽ നീറന്താനം, ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ കുറവിലങ്ങാട് എന്നിവർ യഥാക്രമം മൂന്നും നാലും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**സോൺ മത്സരങ്ങൾ**

ഫൊറോന തലത്തിൽ നടത്തിയ വിളപ്രദർശന സ്റ്റാൾ മത്സരത്തിൽ രാമപുരം, കുറവിലങ്ങാട്, ചേർപ്പുങ്കൽ സോണുകളും ഹരിതഭവനം മത്സരത്തിൽ തീക്കോയി, മൂലമറ്റം, മുട്ടുചിറ സോണുകളും ഗ്രാമശില്പ മത്സരത്തിൽ പൂഞ്ഞാർ, ഇലഞ്ഞി, ഭരണങ്ങാനം സോണുകളും ഫ്ളവർ ഷോ മത്സരത്തിൽ പാലാ, പ്രവിത്താനം, മുട്ടുചിറ സോണുകളും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

**തൊഴിലവസരം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കേന്ദ്രസർക്കാരിന്റെ കീഴിലുള്ള പരമ്പരാഗത തൊഴിൽ നൈപുണ്യ വികസനപദ്ധതിപ്രകാരം തയ്യൽ, തുണ സഞ്ചി, പേപ്പർ ബാഗ് തുടങ്ങിയ അനുബന്ധ സാധനങ്ങളുടെ നിർമ്മാണ ക്ലസ്റ്റർ രൂപീകരിക്കുന്നു. 25 വയസ്സിനും 45 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള 500 പേർക്ക് തൊഴിലവസരം ലഭിക്കുന്ന പദ്ധതിയാണ് ഇത്.

**നൈപുണ്യദിനം ആചരിച്ചു.**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കായി ഒരു ഏകദിന കരിയർ ഗൈഡൻസ് സെമിനാർ, ഗ്രാസ്സ് റൂട്സ് കോമിക്ക് ട്രെയിനിംഗും കൗൺസിലിംഗും ഉൾപ്പെടുത്തി തൊഴിൽ നൈപുണ്യദിനം ആചരിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായുടെ അദ്ധ്യക്ഷതയിൽ നടന്നയോഗത്തിൽ വച്ച് പാലാ മുനിസിപ്പൽ ചെയർപേഴ്സൺ മേരി ഡോമിനിക് ഉദ്ഘാടനം ചെയ്തു. കരിയർ കൺസൾട്ടന്റ് ഐസക്ക് തോമസ്, മെർലി ജെയിംസ് തുടങ്ങിയവർ ക്ലാസ് നയിച്ചു.

**ഫാർമേഴ്സ് ക്ലബ്**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന 18 ഫാർമേഴ്സ് ക്ലാബുകളുടെയും വാർഷിക അവലോകനം പാലാ ഷാലോം പാസ്റ്ററൾ സെന്ററിൽ വച്ച് നടത്തി. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു.

# ഡി.സി.എം.എസ്.

**ഡിസിഎംസ് രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ ക്രിസ്മസ് ആഘോഷിച്ചു**

പാലാ ഡി.സി.എം.എസ് രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ ക്രിസ്മസ് ഡിസംബർ 22 നു പാലാ ഷാലോം പാസ്റ്ററൽ സെൻററിൽ ചേർന്ന വച്ച് കമ്മിറ്റിയിൽ ആഘോഷിച്ചു. ഡി.സി.എം.എസ് വൈസ് പ്രസിഡന്റ് ശ്രീമതി സെലിൻ ജോസെഫിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രൂപത ഡയറക്ടർ റെവ. ഫാ. ജോസ് വടക്കേക്കുറ്റ് ക്രിസ്മസ് ദിന സന്ദേശം നൽകി, തുടർന്ന്

ക്രിസ്മസ് കേക്ക് മുറിച്ചു. തുടർന്ന് രൂപത ഭാരവാഹികൾക്ക് കേക്കും സമ്മാനങ്ങളും വിതരണം ചെയ്തു.

**കർഷക സമ്മേളനത്തിൽ സജീവ പങ്കാളിത്തവുമായി ഡി.സി. എം. എസ്.അംഗങ്ങൾ**

ഡി.സി.എം.എസ് രൂപത കമ്മിറ്റിയുടെ നിർദ്ദേശം അനുസരിച്ചു നൂറു കണക്കിന് ഡി.സി.എം.എസ് പ്രവർത്തകർ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കർഷക ദ്രോഹ നയങ്ങൾക്ക് എതിരെ പാലാ രൂപതയുടെ നേതൃത്വത്തിൽ നടന്ന കർഷകറാലിയിൽ പങ്കെടുത്തു. ഡിസംബർ 14 നു നടത്തിയ റാലി വിജയമാക്കാൻ പ്രയത്നിച്ച ഡി.സി.എം.എസ് അംഗങ്ങളെ രൂപത ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റ് അനുമോദിച്ചു.

**സിവിൽ സർവീസ് കോച്ചിങ് ക്ലാസ് നടത്തി**

ഡി.സി.എം.എസ് രൂപത കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തി വരുന്ന ഫ്യൂചർ സ്റ്റാർസ് സിവിൽ സർവീസ് കോച്ചിങ് ക്ലാസുകൾ ഡിസംബർ 21 , 27, 28 തീയതികളിൽ പാലാ സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. അടുത്ത ക്ലാസ് ജനുവരി 2-നു സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടത്തപ്പെടുമെന്ന് ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റ് അറിയിച്ചു.

**യൂത്ത് റിസോഴ്സ് ടീം അംഗങ്ങളുടെ നേതൃത്വത്തിൽ ക്രിസ്മസ് ആഘോഷം നടത്തപ്പെട്ടു**

ഡി.സി.എം.എസ് പാലാ രൂപത നേതൃത്വത്തിൽ നടത്തി വരുന്ന യൂത്ത് റിസോഴ്സ് ട്രെയിനിങ് 17-മത് ബാച്ചിന്റെ ആഭിമുഖ്യത്തിൽ ക്രിസ്മസ് ആഘോഷം നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റ് ക്രിസ്മസ് ദിന സന്ദേശം നൽകി, തുടർന്ന് ക്രിസ്മസ് കേക്കും സമ്മാനങ്ങളും വിതരണം ചെയ്തു.

**യൂത്ത് റിസോഴ്സ് ട്രെയിനിങ് ക്യാമ്പ് ജനുവരി 10,11,12 തീയതികളിൽ**

ഡി.സി.എം.എസ് പാലാ രൂപത നേതൃത്വത്തിൽ നടത്തിവരുന്ന യൂത്ത് റിസോഴ്സ് ട്രെയിനിങ് 17 മത് ബാച്ചിന്റെ അടുത്ത ക്യാമ്പ് ജനുവരി 10 വെള്ളിയാഴ്ച വൈകിട്ട് 5 .30 ആരംഭിച്ച് ജനുവരി 12 ഞായറാഴ്ച വരെ ആയിരിക്കുമെന്ന് രൂപത ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കുറ്റ് അറിയിച്ചു.

**കടനാട് മേഖല വാർഷിക കൗൺസിൽ**

15/12/2019 തീയതിയിൽ കടനാട് ഫൊറോനാ പാരീഷ് ഹാളിൽ വെച്ച് 2.30 pm ന് മേഖല പ്രസിഡന്റ് ശ്രീ. ബേബി ആന്റണി പാറയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ കൗൺസിൽ ആരംഭിച്ചു. മേഖല സെക്രട്ടറി ശ്രീമതി. മീന ലൈജു സ്വാഗതം ആശംസിച്ചു.ഫൊറോനാ വികാരി ഫാ. അഗസ്റ്റ്യൻ കുട്ടിയാനിക്കൽ ഉദ്ഘാടനപ്രസംഗത്തിൽ വ്യക്തിപരമായും സാമൂഹ്യപരമായും കുടുംബപരമായും നമ്മൾ സംഘടനയ്ക്കുവേണ്ടി പ്രവർത്തിക്കേണ്ടത് എന്ന് അഭിപ്രായപ്പെട്ടു. തുടർന്ന് രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്

ആമുഖപ്രഭാക്ഷണം നടത്തുകയും സംഘടനയിൽ ഓരോരുത്തരും ചെയ്യേണ്ട ഉത്തരാവാദിത്വങ്ങൾ യൂണിറ്റുതലത്തിലും മേഖലാതലത്തിലും രൂപതാതലത്തിലും പാലിക്കണമെന്നും സമൂഹത്തിന് ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങൾ യൂണിറ്റ് തലത്തിലും ഫൊറോനാതലത്തിലും രൂപതാതലത്തിലും നടത്തേണ്ടതെന്നും അഭിപ്രായപ്പെട്ടു. തുടർന്ന് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറം മുഖ്യപ്രഭാക്ഷണം നടത്തി. വാർഷിക റിപ്പോർട്ട്, കണക്ക് എന്നിവ സമർപ്പിച്ചു. തുടർന്ന് ജിയോവാലി യൂണിറ്റ് സെക്രട്ടറി ശ്രീമതി. കുഞ്ഞുമോൾ റോയി കൃതജ്ഞതയർപ്പിച്ചു. 4.30 ന് മീറ്റിംങ് അവസാനിച്ചു.

**ഡി.സി.എം.എസ് രാമപുരം മേഖല വാർഷിക കൗൺസിൽ യോഗം**

ഡി.സി.എം.എസ് രാമപുരം മേഖലയുടെ നേതൃത്വത്തിൽ 15/12/2019 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 pm ന് രാമപുരം പള്ളി മിനി പാരിഷ് ഹാളിൽ വെച്ച് കൗൺസിൽ നടത്തപ്പെട്ടു. മേഖല പ്രസിഡന്റ് ശ്രീ. കെ.എം തോമസേ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് സെക്രട്ടറി അഞ്ചുമോൾ ജോസഫ് സ്വാഗതമാശംസിച്ചു. തുടർന്ന് രാമപുരം ഫൊറോനാ വികാരി റവ. ഫാ. വർഗ്ഗീസ് ഞാറക്കുന്നേൽ ഉദ്ഘാടനകർമ്മം നിർവഹിച്ചു. സംഘടനാ പ്രവർത്തനങ്ങളിൽ ഭാരവാഹികൾ എല്ലാവരും സഹകരിച്ച് പ്രവർത്തിക്കണമെന്ന് അച്ചൻ ആഹ്വാനം ചെയ്തു. തുടർന്ന് ഡി.സി.എം.എസ് രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യ പ്രഭാക്ഷണം നടത്തി. നമുക്ക് കിട്ടേണ്ട ആനുകൂല്യങ്ങളെപ്പറ്റി നാം ബോധവാന്മാരാകണമെന്ന് അച്ചൻ പറയുകയുണ്ടായി. തുടർന്ന് യോഗത്തിന് ആമുഖ പ്രഭാക്ഷണം നടത്തിയത് മേഖല ഡയറക്ടർ ആദരണിയനായ ഫ്രാൻസിസ് ഇടത്തിനാക്കുന്നേലച്ചനാണ്. സഹകരണവും ഐക്യവും വളർത്തി സജീവമായി സംഘടനയിൽ പങ്കുകൊള്ളണമെന്ന് അച്ചൻ പറയുകയുണ്ടായി. ശ്രീ. ജസ്റ്റിൻ മാത്യു കുന്നുംപുറത്ത്, ശ്രീമതി. സെലിൻ ജോസഫ് എന്നിവർ ആശംസകളർപ്പിച്ചു. വാർഷിക റിപ്പോർട്ട് കണക്കുകൾ എന്നിവ സമർപ്പിച്ചു. രാമപുരം യൂണിറ്റ് പ്രസിഡന്റ് ശ്രീ. ജോഷി ജോസഫ് ഏറത്തിൽ കൃതജ്ഞത പറഞ്ഞു. ഏകദേശം 5.00 മണിയോടുകൂടി കൗൺസിൽ അവസാനിച്ചു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. കെയർഹോംസ് വാർഷിക ജനറൽ ബോഡിയോഗം**

കെയർഹോംസ് സംസ്ഥാനസമിതിയുടെ വാർഷികജനറൽ ബോഡി യോഗം തിരുവല്ല ശാന്തിനിലയം ഹാളിൽ വച്ച് നടത്തി. ജെ.പി.ഡി. കമ്മീഷൻ ചെയർമാൻ റവ.ഡോ. തോമസ് മാർ കൂറിലോസ് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. സി. ഫ്ളവർ ജോസ് എസ്.എച്ച്. വാർഷിക റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. പുതിയ ഗവേണിംഗ് ബോഡിയെ യോഗത്തിൽ തെരഞ്ഞെടുത്തു. സമ്മേളനത്തിൽ ഫാ. സ്കറിയ വേകത്താനം, സി. വനജ ചുവപ്പുങ്കൽ, സി. ഡീന ചൂണ്ടിയാനിയിൽ തുടങ്ങിയവർ പാലാ രൂപതയെ പ്രതിനിധീകരിച്ച് പങ്കെടുത്തു.

**2. കെയർഹോംസ് പ്രതിനിധിയോഗം**

കെയർഹോംസ് പ്രതിനിധിയോഗം കോട്ടയം ആമോസ് സെന്ററിൽ വച്ച് നടത്തി. ജെ.പി.ഡി. കമ്മീഷൻ സെക്രട്ടറി ഫാ. ജോർജ് വെട്ടിക്കാട്ട് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. കെയർഹോംസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള മാർഗ്ഗരേഖയ്ക്ക് രൂപം നൽകി. പാലാ രൂപതയിൽനിന്ന് ഫാ. സ്കറിയ വേകത്താനം യോഗത്തിൽ സംബന്ധിച്ചു.

**3. ഫ്ളോർബോൾ മത്സരം കേരളത്തിന് രണ്ടാംസ്ഥാനം**

ഉത്തരാഖണ്ഡിലെ ഹരിദ്വാറിൽ വച്ച് നവംബർ 15 മുതൽ 20 വരെ തീയതികളിൽ നടന്ന സ്പെഷ്യൽ സ്കൂളിന്റെ നാഷണൽ മീറ്റിൽ ഫ്ളോർബോൾ മത്സരത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത ആൺകുട്ടികളും പെൺകുട്ടികളും രണ്ടാംസ്ഥാനം കരസ്ഥമാക്കി. പുലിയന്നൂർ ശാലോം ഡി.സി.എം.ആർ. സ്കൂളിലെ പ്രീതി വിജയൻ, അനു സജി, ഇടപ്പാടി സ്നേഹാരാം സ്പെഷ്യൽ സ്കൂളിലെ നയന രമേശ്, അന്തീനാട് ശാന്തിനിലയം സ്പെഷ്യൽ സ്കൂളിലെ ജെയ്സൺ ജോർജ് വരവുമ്മൽ, ഇവരെ പരിശീലിപ്പിച്ച അല്ലി കുഴിഞ്ഞാലിൽ എന്നിവരെ കെയർ ഹോംസ് പാലാ രൂപത നേതൃസമിതി അഭിനന്ദിച്ചു.

**4. ലോകവികലാംഗദിനാഘോഷം**

കെയർ ഹോംസിന്റെ ആഭിമുഖ്യത്തിൽ കൊച്ചിടപ്പാടി പൈകട ആതുരാലയത്തിൽ വച്ച് ലോകവികലാംഗദിനാഘോഷം നടത്തി. മൂന്നാനിപ്പള്ളി വികാരി ഫാ. തോമസ് മൂലയിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ജനമൈത്രി സി.ആർ.ഒ. ബിനോയി തോമസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. സ്കറിയ വേകത്താനം, സി. ഡീന ചൂണ്ടിയാനിയിൽ, സിബി ചെരുവിൽപുരയിടം, സി. മേഴ്സി പേണ്ടാനത്ത്, സി. മജിത പുതിയാപറമ്പിൽ തുടങ്ങിയവർ പ്രസംഗിച്ചു. കൂടാതെ വിവിധ കലാകായികമത്സരങ്ങൾ നടത്തി. മത്സരവിജയികൾക്ക് സി. വനജ ചുവപ്പുങ്കൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

**5. അഭിനന്ദിച്ചു**

ഉത്തരാഖണ്ഡിലെ ഹരിദ്വാറിൽ വച്ച് നടന്ന ഫ്ളോർബോൾ മത്സരത്തിൽ പങ്കെടുത്ത പുലിയന്നൂർ ശാലോം ഡി.സി.എം.ആർ. സ്പെഷ്യൽ സ്കൂളിലെ പ്രീതി വിജയൻ, അനു സജി എന്നിവരെ ആദരിച്ചു. സ്കൂൾ ഹാളിൽ വച്ച് നടന്ന ചടങ്ങിൽ മുത്തോലി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് രാജൻ മുണ്ടമറ്റം അധ്യക്ഷത വഹിച്ചു. ഫാ. ജോസഫ് മണ്ണനാൽ, ബിനോയി തോമസ്, സി. ലിസ്ബിൻ പുത്തൻപുരയ്ക്കൽ എഫ്.സി.സി, പ്രിൻസിപ്പൽ സി. റീബാ വേത്താനത്ത് എഫ്.സി.സി. തുടങ്ങിയവർ പ്രസംഗിച്ചു. കെയർഹോംസിന്റെ ഉപഹാരം ഫാ. സ്കറിയ വേകത്താനം സമ്മാനിച്ചു.

**6. സന്മനസ്സ് കൂട്ടായ്മയുടെ ക്രിസ്തുമസ് ആഘോഷം**

പാലാ സന്മനസ്സ് കൂട്ടായ്മയുടെ 10-ാം വാർഷികവും ക്രിസ്തുമസ് ആഘോഷവും പാലാ സന്മനസ് കൂട്ടായ്മ ഓഫീസിൽ വച്ച് നടത്തി. കുര്യാക്കോസ് പടവൻ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. മാണി സി. കാപ്പൻ എം.എൽ.

എ. വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. പാലാ ഡി.വൈ.എസ്.പി. ഷാജി മോൻ ജോസഫ് മുഖ്യപ്രഭാഷണം നടത്തി. ഡോ. അനീഷ് കെ. ഭദ്രൻ, സുരേഷ് കുമാർ (സി.ഐ.പാലാ), ഷാജി സെബാസ്റ്റ്യൻ (എസ്.ഐ, പാലാ), ബിനോയി തോമസ് (ജനമൈത്രി സിആർഒ.), ദിവാകരൻനായർ, വിനോദ് ഇടമറ്റം, ജോയി ച്ചൻ പൊട്ടംകുളം, രാജു പണ്ടാരകുളം, ത്രേസ്യാമ്മ തോമസ്, ജോർജ് സന്മനസ് തുടങ്ങിയവർ പ്രസംഗിച്ചു. കിഡ്നി രോഗികൾക്കുള്ള സൗജന്യ ഡയാലിസിസ് യൂണിറ്റിന്റെ വിതരണം ജോസ് കെ. മാണി നിർവ്വഹിച്ചു. സമ്മേളനത്തിൽ മികച്ച സാമൂഹ്യപ്രവർത്തകനായ ഡോ. ആർ. വി. ജോസിനെ പാലാ ഗവൺമെന്റ് ആശു പത്രി സൂപ്രണ്ട് അഞ്ജു സി.മാത്യു സന്മനസ് കൂട്ടായ്മയുടെ പുരസ്കാരം നല്കി ആദരിച്ചു.

**7. ക്രിസ്തുമസ് ആഘോഷം – അന്തീനാട് ശാന്തിനിലയം**

അന്തീനാട് ശാന്തിനിലയം സ്പെഷ്യൽ സ്കൂളിൽ ക്രിസ്തുമസ് ആഘോഷം നടത്തി. കരോൾഗാനമത്സരം, പാപ്പാമത്സരം എന്നിവ സംഘടിപ്പി ച്ചു. വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നല്കി. മദർ സുപ്പീ രിയർ സി. ചൈതന്യ, മദർ സുപ്പീരിയർ സി. ആനി, സ്കൂൾ പ്രിൻസിപ്പൽ സി. റീനാ കരിപ്പാകുടിയിൽ, ബീനാ ജോസഫ്, ജ്യോതി, ബിന്ദു, പ്രിയ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**8. ഇലഞ്ഞി മരിയാലയത്തിൽ ക്രിസ്തുമസ് ആഘോഷം**

പിറവം ഫാത്തിമാമാതാ സ്കൂളിലെ വിദ്യാർത്ഥികൾ ഇലഞ്ഞി മരിയാ ലയത്തിൽ വച്ച് ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. വിവിധ കലാപരിപാ ടികളും സ്നേഹവിരുന്നും ഉണ്ടായിരുന്നു.

കൂത്താട്ടുകുളം ജനമൈത്രി പോലീസിന്റെ സഹകരണത്തോടെ ഇലഞ്ഞി മരിയാലയത്തിലെ അന്തേവാസികൾക്കുവേണ്ടി കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ വച്ച് ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു. എല്ലാ വർക്കും സ്നേഹവിരുന്നും നൽകി.

**9. കാരുണ്യസ്പെഷ്യൽ സ്കൂളിൽ**

1. പാലാ കാർമ്മൽ പബ്ലിക് സ്കൂൾ

പാലാ രൂപതയിലെ ജീവകാരുണ്യ സ്ഥാപനങ്ങൾക്കുവേണ്ടി പാലാ കാർമ്മൽ പബ്ലിക് സ്കൂളിലെ വിദ്യാർത്ഥികൾ നിരവധി നിത്യോപയോഗസാധ നങ്ങൾ സമാഹരിച്ചു. സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ചടങ്ങിൽ ഫാ. സ്കറിയ വേകത്താനം സാധനങ്ങൾ ഏറ്റുവാങ്ങി. സ്കൂൾ പ്രിൻസിപ്പൽ ഷീലാ പോൾ, റെജി അലക്സ്, ജസ് ജോസഫ്, ജെഫി ടോം, ലില്ലി ജോൺ, സി. ശോഭിത, അഖിൽ കെ.പി., സൈമൺ പോത്തൻ, നവീന ക്ലെയർ, കുമാരി നിവേ ദിത, അരുൺകുമാർ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

2. പാലാ സെന്റ് തോമസ് റ്റി.റ്റി.ഐ.

സ്കൂളിലെ വിദ്യാർത്ഥികൾ സമാഹരിച്ച നിത്യോപയാഗസാധനങ്ങൾ ഫാ. സ്കറിയ വേകത്താനത്തെ ഏല്പിച്ചു. സ്കൂളിൽ വച്ച് നടന്ന ചടങ്ങിൽ

ഹെഡ്മിസ്ട്രസ് സി. അൽഫോൻസാ എസ്.എ.ബി.എസ്., ഫാ. ജോസഫ് മണിയങ്ങാട്ട്, ലിസി ജോസ്, ലിജി ലോറൻസ്, ജിജോ ജോസ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

3. പെരിങ്ങുളം സ്കൂളിൽ

പെരിങ്ങുളം സെന്റ് അഗസ്റ്റിൻസ് ഹൈസ്കുൾ വിദ്യാർത്ഥികൾ കാരുണ്യ സ്പർശത്തോടനുബന്ധിച്ച് നിത്യോപയോഗസാധനങ്ങൾ സമാഹരിച്ചു. ഹെഡ്മാസ്റ്റർ, അലോഷ്യസ് ഐക്കരപറമ്പിൽനിന്ന് കെയർഹോംസ് ഡയറക്ടർ ഫാ. സ്കറിയ വേകത്താനം സാധനങ്ങൾ ഏറ്റുവാങ്ങി.

4. കൂട്ടിക്കൽ സെന്റ് ജോർജ് സ്കൂൾ

കൂട്ടിക്കൽ സെന്റ് ജോർജ് ഹൈസ്കൂളിലെ വിദ്യാർത്ഥികൾ നിത്യോപയോഗസാധനങ്ങൾ സമാഹരിച്ചു. ഹെഡ്മാസ്റ്റർ ജെയിംസ്കുട്ടി കുര്യൻ കൊച്ചുകരോട്ട്, തോമസ് സെബാസ്റ്റ്യൻ അടപ്പുകല്ലുങ്കൽ, ജിമ്മി മാത്യു മുത്തനാട്ട്, ആൻസമ്മ തോമസ് മാളിയേക്കൽ, സി. ലിറ്റി ഡി.എസ്.റ്റി, ജാൻസി മാത്യു തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

5. മുത്തോലി സെന്റ് ജോസഫ്സ് റ്റി.റ്റി.ഐ.

സ്കൂളിലെ വിദ്യാർത്ഥികൾ ഹെഡ്മിസ്ട്രസ് സി. സെലീന ജേക്കബ് ഇടയോടിയുടെ നേതൃത്വത്തിൽ നിത്യോപയോഗസാധനങ്ങൾ സമാഹരിച്ചു.

6. ഭരണങ്ങാനം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂൾ

പാലാ രൂപതയിലെ ജീവകാരുണ്യസ്ഥാപനങ്ങൾക്ക് കൈത്താങ്ങായി സ്കൂൾ വിദ്യാർത്ഥികൾ പ്രിൻസിപ്പൽ ജോബിച്ചൻ ജോസഫിന്റെ നേതൃത്വത്തിൽ നിത്യോപയോഗസാധനങ്ങൾ സമാഹരിച്ച് രൂപത കെയർഹോംസിന് കൈമാറി.

7. വാരിയാനിക്കാട് കാർമ്മൽ റാണി പബ്ലിക് സ്കൂൾ

പാലാ രൂപത കെയർ ഹോംസിനുവേണ്ടി നിത്യോപയോഗസാധനങ്ങൾ സമാഹരിച്ചു. സ്കൂൾ പ്രിൻസിപ്പൽ സി. ജോളി കൊച്ചുപുരയ്ക്കൽ ഡിഎഫ്സി പരിപാടികൾക്ക് നേതൃത്വം നൽകി. മികച്ച കളക്ഷൻ നടത്തിയ മൂന്നാം ക്ലാസിന് പ്രത്യേകം സമ്മാനം നൽകി.

8. കയ്യൂർ ക്രിസ്തുജ്യോതി പബ്ലിക് സ്കൂൾ

കയ്യൂർ ക്രിസ്തുജ്യോതി പബ്ലിക് സ്കൂളിലെ വിദ്യാർത്ഥികൾ സമാഹരിച്ച സാധനങ്ങൾ പ്രിൻസിപ്പൽ സോബിച്ചൻ ആന്റണിയുടെ നേതൃത്വത്തിൽ രൂപതാ കെയർഹോംസിന് കൈമാറി.

**10. അനുശോചിച്ചു**

ഇലഞ്ഞി മരിയാലയം ചാരിറ്റബിൽ ട്രസ്റ്റിന്റെ മാനേജരായ നാരംവേലിൽ എൻ.വി. മാത്യുവിന്റെ ഭാര്യ ലില്ലി (77 വയസ്സ്) നിര്യാതയായി. പരേതയുടെ നിര്യാണത്തിൽ കെയർഹോംസ് പാലാ രൂപത അനുശോചിച്ചു.

**ഫാ. സ്കറിയ വേകത്താനം (ഡയറക്ടർ)**

# കെ.എൽ.എം.

**1. തൊഴിലാളി ക്ഷേമനിധി  സെമിനാർ ചേറ്റുതോട്**

കേരളാ ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ ചേറ്റുതോട് ഇടവകയിൽ തൊഴിലാളി ക്ഷേമനിധി സെമിനാർ നടത്തി. വികാരി ഫാ. ജോസഫ് കാപ്പിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം ക്ലാസ് നയിച്ചു. തുടർന്ന് പുതിയ പുരുഷ-വനിതാ ഭാരവാഹികളെ തെരഞ്ഞെടുത്ത് യൂണിറ്റ്  ആരംഭിച്ചു.

**2. തൊഴിലാളി ക്ഷേമനിധി സെമിനാർ – മൂന്നിലവ്**

കെ.എൽ.എം.ന്റെ ആഭിമുഖ്യത്തിൽ മൂന്നിലവ്  ഇടവകയിൽ സെമിനാർ സംഘടിപ്പിച്ചു. വികാരി ഫാ. ജോർജ് ചൊള്ളനാൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഫാ. സ്കറിയ വേകത്താനം  ക്ലാസ്സെടുത്തു. പുതിയ കെ.എൽ.എം. ഭാരവാഹികളെ തെരഞ്ഞെടുത്ത് യൂണിറ്റ് രൂപീകരിച്ചു.

**3. ഓറിയന്റേഷൻ പ്രോഗ്രാം തൃശ്ശൂരിൽ**

കേരള ലേബർ മൂവ്മെന്റ് സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ ഡി.ബി.സി. എൽ.സി.യിൽ വച്ച് വിവിധ രൂപതകളിലെ കെ.എൽ.എം. ഡയറക്ടേഴ്സിനെ പങ്കെടുപ്പിച്ചുകൊണ്ട് ദ്വിദിന ഓറിയന്റേഷൻ പ്രോഗ്രാം നടത്തി. സംസ്ഥാന പ്രസിഡന്റ് ഷാജു ആന്റണി മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. കെ.സി.ബി.സി. ലേബർ കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല പരിശീലനക്യാമ്പ് ഉദ്ഘാടനം ചെയ്തു. ശ്രീ. ജോയി ഗോതുരുത്ത് മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന ഡയറക്ടർ ഫാ. പ്രസാദ് കണ്ടത്തിപറമ്പിൽ ആമുഖപ്രഭാഷണം  നടത്തി. ഫാ. റാഫേൽ ആക്കമറ്റത്തിൽ, മോളി ജോബി, ജോസ് മടാനി, തോമസ് കെ.ജെ. കുരിശുംങ്കൽ, ചെറിയാൻ ചെന്നീർക്കര തുടങ്ങിയവർ പ്രസംഗിച്ചു. ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ഫാ. ജോർജ് നിരപ്പുകാലായിൽ തുടങ്ങിയവർ ക്ലാസ് നയിച്ചു. വിവിധ രൂപതകളിലെ പ്രവർത്തനപരിപാടികളെക്കുറിച്ച് വിശദീകരിച്ചു. പാലാ രൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. സ്കറിയ വേകത്താനം ക്യാമ്പിൽ പങ്കെടുത്തു.

**4. തൊഴിലാളി ക്ഷേമനിധി സെമിനാർ – അരുവിത്തുറയിൽ**

കെ.എൽ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ അരുവിത്തുറ ഫൊറോനാ  ഇടവകയിൽ തൊഴിലാളി ക്ഷേമനിധി സെമിനാർ പരിപാടി സംഘടിപ്പിച്ചു. വികാരി റവ.ഫാ. അഗസ്റ്റിൻ പാലയ്ക്കാപറമ്പിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം ക്ലാസ് നയിച്ചു. തുടർന്ന് പുതിയ പുരുഷ-വനിതാ ഭാരവാഹികളെ തെരഞ്ഞെടുത്ത് കെ.എൽ.എം.ന്റെ യൂണിറ്റ്  രൂപീകരിച്ചു. അസ്തേന്തിമാരായ ഫാ. ജോർജ് പൈമ്പിള്ളിൽ, ഫാ. സ്കറിയ മേനാംപറമ്പിൽ, ലൂക്കാച്ചൻ കൊട്ടുകാപ്പള്ളിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## ഇടവകയിൽ അറിയിക്കേണ്ടവ

**1. മു....ശ്ശേരി സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു.**

സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം/ബിരുദാന്തരബിരുദം തലങ്ങളിൽ ഉന്നതവിജയം നേടിയ കത്തോലിക്കാ വിദ്യാർത്ഥികൾക്കു പ്രൊഫ. ജോസഫ് മു....ശ്ശേരി സ്കോളർഷിപ്പിനു സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

2018–19 അധ്യയന വർഷത്തിൽ ബിരുദതലത്തിൽ 80 ശതമാനം മാർക്കോ / ബിരുദാനന്തരബിരുദതലത്തിൽ 75 ശതമാനം മാർക്കോ നേടിയവർക്ക് 15000 രൂപയാണ് സ്കോളർഷിപ്പ്. വിദ്യർത്ഥികളെ തെരഞ്ഞെടുക്കുന്നതു കുടുംബവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. www.minoritywelfare.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കാം. അപേക്ഷാ സ്വീകരിക്കുന്ന അവസാനതീയതി ജനുവരി 10.

**2. അതിജീവിക പദ്ധതിയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു.**

കുടുംബനാഥന്റെ ഏകാശ്രയത്തിൽ കഴിഞ്ഞിരുന്ന കുടുംബങ്ങളിൽ ഗൃഹനാഥൻ ഗുരുതരമായ അസുഖത്തിൽ കിടപ്പിലാവുകയോ രോഗംമൂലം മരിക്കുകയോ ചെയ്യുമ്പോൾ ദുരിതത്തിലാകുന്ന കുടുംബങ്ങളെ കരകയറ്റാൻ സംസ്ഥാന ശിശുവികസനവകുപ്പ് ആവിഷ്കരിച്ച 'അതിജീവിക' പദ്ധതിയിലേയ്ക്ക് അർഹരായവരിൽനിന്ന് ജില്ലാ വനിതാശിശുവികസന ഓഫീസർ അപേക്ഷ ക്ഷണിച്ചു. ഭർത്താവ് അല്ലെങ്കിൽ കുടുംബനാഥന്റെ വിയോഗംമൂലമോ അസുഖംമൂലമോ മറ്റ് കാരണത്താലോ ബുദ്ധിമുട്ട് അനുഭവിക്കുന്ന സ്ത്രീകൾക്ക് 50000 രൂപവരെ ഒറ്റത്തവണ സഹായം നൽകുന്ന പദ്ധതിയാണിത്.

50 വയസിൽ താഴെയുള്ള അനാരോഗ്യം നിമിത്തം ജോലി ചെയ്യാൻ സാധിക്കാത്തവരെയാണ് ഈ സ്കീമിൽ പരിഗണിക്കുക. ഭർത്താവ്, കുട്ടികൾ, കുടുംബനാഥ എന്നിവർ രോഗബാധിതരായി കിടുപ്പുരോഗിയുള്ള കുടുംബം, പ്രകൃതി ദുരന്തത്താലോ, മനുഷ്യവിപത്തിനാലോ വീട് നഷ്ടപ്പെട്ട് നാശം സംഭവിച്ച് വാടകയ്ക്ക് താമസിക്കാൻ കഴിയാത്ത ബുദ്ധിമുട്ടുന്ന സ്ത്രീ കുടുംബനാഥയായ കുടുംബം, കടബാധ്യതമൂലം കുടുംബനാഥ ജപ്തി ഭീഷണി നേരിടുന്ന കുടുംബം, ഭർത്താവിന്റെ അസുകം/വിയോഗം മൂലം മകളുടെ പഠനത്തിന് ആശ്രിതരുടെ ചികിത്സയ്ക്കും ബുദ്ധിമുട്ടുന്ന കുടുംബനാഥയായ കുടുംബം, അസുഖം ബാധിച്ച് മറ്റാരും നോക്കാനില്ലാതെ കഷ്ടപ്പെടുന്ന സ്ത്രീകൾ (വിധവകളെ കൂടാതെ അവിവാഹിതർ, ഭർത്താവ് ഉപേക്ഷിച്ചവർ, വിവാഹമോചിതർ) എന്നിവരാണ് ഗുണഭോക്താക്കൾ.

അപേക്ഷകരുടെ വാർഷിക കുടുംബവരുമാനം 50000 രൂപയിൽ താഴെയായിരിക്കണം. അപേക്ഷകർക്ക് പ്രായപൂർത്തിയായ തൊഴിൽ ചെയ്യുന്ന മക്കൾ ഉണ്ടായിരിക്കരുത്.

നിശ്ചിത ഫോമിനോടൊപ്പം തിരിച്ചറിയൽ കാർഡ്, ബാങ്ക് പാസ്ബുക്ക്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, സർക്കാർ തലത്തിൽ ധനസഹായം (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി) ലഭിച്ചിട്ടില്ലായെ

ന്നുള്ള വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, നിലവിലെ ജീവിതാവസ്ഥ സംബന്ധിച്ച് വെള്ളപേപ്പറിൽ തയ്യാറാക്കിയ റിപ്പോർട്ട്, വയസ് തെളിയിക്കുന്ന രേഖ എന്നിവയും ഹാജരാക്കണം.

**ഫാ. സ്കറിയ വേകത്താനം** (ഡയറക്ടർ)

# അഡാർട്ട്

**1. ബോധവൽക്കരണ ക്ലാസുകൾ**

മണലുങ്കൽ (ഡിസംബർ 1), കുഞ്ഞച്ചൻ മിഷനറി ഭവൻ, രാമപുരം (ഡിസംബർ 11), മുണ്ടാങ്കൽ (ഡിസംബർ 24), ഗവ. നേഴ്സിംഗ് കോളേജ്, ആണ്ടൂർ (ഡിസംബർ 27), അയ്യമ്പാറ (ഡിസംബർ 29), കുന്നന്താനം, ചങ്ങാനാശ്ശേരി (ഡിസംബർ 31), ആർ.ആർ.ടി.സി. ചങ്ങനാശ്ശേരി (ജനുവരി 2).

**2. ഗാന്ധിദർശൻ ക്വിസ് ഫൈനൽ മത്സരം**

അഡാർട്ടിന്റെയും സർവ്വോദയമണ്ഡലം കോട്ടയം ജില്ലയുടെയും ആഭിമുഖ്യത്തിൽ നവംബർ 30-ാം തീയതി അഡാർട്ടിൽ വച്ച് സംസ്ഥാനതല ഫൈനൽ ക്വിസ് മത്സരം നടത്തി. ഡോ. ജോസ് മാത്യു ഉദ്ഘാടനം നിർവ്വഹിച്ചു.

**3. മത്സരവിജയികൾ**

**യു.പി. വിഭാഗം**

Ist അനഘ രാജീവ്, സെന്റ് ജോസഫ്സ് യു.പി.എസ്. വെള്ളിലാകുളം
2nd അഗസ്റ്റിൻ ബിജു സെന്റ് ജോസഫ്സ് യു.പി.എസ്. വെള്ളിലാകുളം
3rd റിയ ജേക്കബ്, സെന്റ് അൽഫോൻസാ യു.പി.എസ്. വാകക്കാട്

**ഹൈസ്കൂൾ വിഭാഗം**

Ist ആൻ മരിയ റെജി SHGHS, രാമപുരം
2nd ആഗ്നറ്റ് മരിയ SHGHS, രാമപുരം
3rd അലീന ബെന്നി, സെന്റ് മേരീസ് ജി.എച്ച്.എസ്. പാലാ

**എച്ച്.എസ്.എസ്. വിഭാഗം**

Ist അശ്വിനി കെ. പ്രദീപ് ഹോളിക്രോസ് HSS, ചേർപ്പുങ്കൽ
2nd മേഘാ വിൻസെന്റ് സെന്റ് മേരീസ് HSS, തീക്കോയി
3rd ജിയോമോൾ എസ്. സെന്റ് മേരീസ് ജി.എച്ച്.എസ്.എസ്. പാലാ

വിജയികൾക്ക് യഥാക്രമം 2000,1500,1000 രൂപാവീതം ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും നൽകി.

**4. ആത്മവിശുദ്ധീകരണധ്യാനം**

നവംബർ 6-8 തീയതികളിൽ അഡാർട്ടിൽ വച്ച് എ.എ. അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കുമായി ആത്മവിശുദ്ധീകരണധ്യാനം നടത്തി. റവ.ഡോ. തോമസ് പാറയ്ക്കൽ, ബ്രദർ ലാലി മേരികുളം, ഫാ. മാത്യു പുതിയിടത്ത്, എൻ.എം. സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം വഹിച്ചു.

**5. ക്രിസ്തുമസ് ആചരണം- അഡാർട്ടിൽ**

ഡിസംബർ 22-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2-ന് അഡാർട്ടിൽ

വച്ച് ക്രിസ്തുമസ് ആചരണം നടത്തി. ചുണ്ടച്ചേരി സെന്റ് ജോസഫ്സ് കോളേജ് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ഡയറക്ടർ ഫാ. ജേക്കബ് പുതിയാപറമ്പിൽ ക്രിസ്തുമസ് സന്ദേശം നൽകി. ക്രിസ്തുമസ് ട്രീയുടെ ഉദ്ഘാടനം ഫാ. മാത്യു പുതിയിടത്ത് നിർവ്വഹിച്ചു. എ.എ.എൽ. അനോൺ, അൽ-അമീൻ അംഗങ്ങൾ വിവിധ ക്രിസ്തുമസ് പ്രോഗ്രാമുകൾ അവതരിപ്പിച്ചു.

**6. പ്രതീക്ഷാതീരം പ്രകാശനം**

അഡാർട്ടിന്റെ മുഖപത്രമായ പ്രതീക്ഷാതീരത്തിന്റെ ക്രിസ്തുമസ് പുതുവത്സരവിശേഷാൽ പതിപ്പിന്റെ പ്രകാശനകർമ്മം ഡിസംബർ 22-ാം തീയതി ഉച്ചയ്ക്ക് 2.30 ന് ആദ്യകോപ്പി ഫാ. ജേക്കബ് പുതിയാപറമ്പിലിന് നൽകികൊണ്ട് പാലാ മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ശ്രീമതി മേരി ഡോമിനിക് നിർവ്വഹിച്ചു. ഫാ. മാത്യു പുതിയിടത്ത്, എൽ.എം. സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. കൗൺസിലിംഗ് ഷാജി കച്ചിറമറ്റം സ്വാഗതവും ഡിജോദാസ് കൃതജ്ഞതയും പറഞ്ഞു.

**6. നൊവേന പുസ്തകങ്ങളുടെ പ്രകാശനം**

ഡിസംബർ 22-ാം തീയതി ഉച്ചയ്ക്ക് 3-ന് അഡാർട്ട് പ്രസിദ്ധീകരിക്കുന്ന ഉണ്ണീശോയുടെയും വി. യൗസേപ്പിതാവിന്റെയും നിത്യസഹായമാതാവിന്റെയും വി. യൂദാശ്ലീഹായുടെയും വി. ഗീവർഗീസിന്റെയും വി. സെബാസ്ത്യാനോസിന്റെയും വി. അന്തോനീസിന്റെയും വി. അൽഫോൻസാമ്മയുടെയും വി. മദർ തെരേസായുടെയും നൊവേന പുസ്തകങ്ങളുടെ പ്രകാശനകർമ്മം ആദ്യകോപ്പി ഫാ. മാത്യു പുതിയിടത്തിന് നൽകികൊണ്ട് ഡോ. ജോയി ഫ്രാൻസിസ് എം.ഡി. (ചീഫ് ഫിസിഷ്യൻ, അഡാർട്ട്) നിർവ്വഹിക്കും.

**7. ജയിൽ മിനിസ്ട്രി**

ജീസസ് ഫ്രട്ടേണിറ്റി പാലാ രൂപാ 19-ാമത് വാർഷികം നവംബർ 14-ാം തീയതി അഡാർട്ട് ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. സംസ്ഥാന ഡയറക്ടർ ഫാ. ഷാജി സ്റ്റീഫൻ ഉദ്ഘാടനം നിർവ്വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് അദ്ധ്യക്ഷത വഹിച്ചു. പാലാ ജയിൽ സൂപ്രണ്ട് ശ്രീ. എസ്. ശിവാനന്ദൻ ആശംസാ പ്രസംഗം നടത്തി. ഫാ. അലക്സാണ്ടർ കുരീക്കാട്ട് ക്ലാസ് നയിച്ചു. ബേബി ഉപ്പുടിപ്പാറ സ്വാഗതവും സി. അൽഫോൻസാ എസ്.എ.ബി.എസ്. നന്ദിയും പറഞ്ഞു.

നവംബർ 18-ാം തീയതി ഉച്ചയ്ക്ക് 2-ന് മുട്ടം ഇടുക്കി ജില്ലാ ജയിലിൽ മാർ ജോസഫ് കല്ലറങ്ങാട്ട് ക്രിസ്തുമസ് ആഘോഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ഫാ. മാത്യു പുതിയിടത്ത് പ്രാർത്ഥനാശുശ്രൂഷ നടത്തി. ഇടുക്കി രൂപത വെൺമണി ഇടവകയിലെ കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. വികാരി ഫാ. ലൂക്കാ തച്ചാപറമ്പിൽ നേതൃത്വം വഹിച്ചു. ജയിൽ സൂപ്രണ്ട് കെ.ബി. അൻസർ സ്വാഗതം ആശംസിച്ചു.

ഡിസംബർ 24-ാം തീയതി മുട്ടം സബ് ജയിലിൽ ഫാ. മാത്യു പുതിയിടത്ത് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

ഡിസംബർ 25-ാം തീയതി 11 മണിക്ക് പാലാ സബ് ജയിലിൽ വികാരി ജനറാൾ മോൺ സെബാസ്റ്റ്യൻ വേത്താനത്ത് ക്രിസ്തുമസ് സന്ദേശം നൽകി.

ഫാ. മാത്യു പുതിയിടത്ത് വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് സമ്മാനദാനവും സ്നേഹവിരുന്നും നൽകി.

**8. സാരഥി**

ബഹു. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ യൂണിറ്റ് മീറ്റിംഗുകൾ നടന്നുവരുന്നു.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**1. ലോഗോസ് 2019 സമ്മാനവിതരണം**

ലോഗോസ് ക്വിസ് 2019 ന്റെ സമ്മാനങ്ങൾ 2020 ഫെബ്രുവരി 8-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വിതരണം ചെയ്യുന്നതാണ്. മാർക്ക് ലിസ്റ്റിൽ P എന്ന് രേഖപ്പെടുത്തിയവർ, ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച ഇടവകകൾ സെന്ററുകൾ ലോഗോസ് ഫാമിലി വിജയികൾ, ബൈബിൾ കോഴ്സ് വിജയകരമായി പൂർത്തിയാക്കിയവർ എന്നിവർക്കുള്ള സമ്മാനങ്ങൾ അന്ന് വിതരണം ചെയ്യുന്നു.

**2. പുതിയ ബൈബിൾ കോഴ്സ് ആരംഭിക്കുന്നു.**

ബൈബിൾ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന ബൈബിൾ കോഴ്സിന്റെ പുതിയ ബാച്ച് 2020 ജനുവരി 11-ാം തീയതി ശനിയാഴ്ച ആരംഭിക്കുന്നു. ഏകവർഷ/ദ്വിവർഷ കോഴ്സുകൾ രാവിലെ 10 മണിക്ക് ആരംഭിച്ച ഉച്ചകഴിഞ്ഞ് 3.30 ന് അവസാനിക്കുന്നു. അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കുന്ന കോഴ്സിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യണം.

**3. ലോഗോസ് ഫാമിലി മെഗാ ക്വിസ്**

രൂപതാ ബൈബിൾ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ അഖിലകേരളാടിസ്ഥാനത്തിൽ നടത്തുന്ന ലോഗോസ് ഫാമിലി മെഗാക്വിസ് 2020 ജനുവരി മാസം രാവിലെ 9.30 ന് അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ രൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യണം.

**4. ലോഗോസ് ക്വിസ് പഠനസഹായി**

രൂപതാ ബൈബിൾ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ലോഗോസ് പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്. ബഹു. സൈറസ് വേലംപറമ്പിലച്ചനും ലോഗോസ് പ്രതിഭകളായിരുന്ന സി. ബെറ്റി LAR, ബിനു പുളിയ്ക്കക്കുന്നേൽ എന്നിവരും ചേർന്നാണ് ലോഗോസ് ക്വിസ് പഠനസഹായി തയ്യാറാക്കിയിരിക്കുന്നത്.

**5. കൊറിയാന**

ഒരു വർഷംകൊണ്ട് ബൈബിൾ വായിച്ചു തീർക്കാൻ സഹായിക്കുന്ന 'കൊറിയാന' യുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**6. അഖില കേരള ബൈബിൾ പാരായണ മാസാചരണ ഉദ്ഘാടനം**

കെ.സി.ബി.സി. ബൈബിൾ കമ്മീഷനോട് ചേർന്ന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയും രൂപതാ ബൈബിൾ അപ്പസ്തോലേറ്റും പാലാ കത്തീഡ്രൽ ഇടവകയും ചേർന്ന് സംയുക്തമായി ബൈബിൾ പാരായണം സംഘടിപ്പിച്ചു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാനം 2019 നവംബർ 30-ാം തീയതി വൈകിട്ട് 5 മണിക്ക് ആദ്യ അദ്ധ്യായം വായിച്ച് മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ.ഫാ. ജോൺസൺ പുതുശ്ശേരി സി.എസ്.റ്റി ആമുഖസന്ദേശം നൽകി. 24 മണിക്കൂർ തുടർച്ചയായി വചനവായനയോടൊപ്പം സഭയുടെ ഏഴു യാമങ്ങളിലെ പ്രാർത്ഥനകളും നടത്തപ്പെട്ടു. വിവിധ ഭാഷകളിലെ വചന പാരായണം, തോറ ചുരുൾ, സമ്പൂർണ്ണ ബൈബിളിന്റെ ഏറ്റവും പഴയ കൈയ്യെഴുത്തു പ്രതികളുടെ കോപ്പികൾ വിവിധ ഭാഷകളിലുള്ള ബൈബിൾ തുടങ്ങിയവയുടെ എക്സിബിഷനും ഉണ്ടായിരുന്നു. 2019 ഡിസംബർ 1-ാം തീയതി വൈകുന്നേരം 5 മണിക്ക് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാവ് വെളിപാട് ഗ്രന്ഥത്തിലെ അവസാന അദ്ധ്യായം വായിച്ച് അഖണ്ഡബൈബിൾ പാരായണം സമർപ്പിച്ചു. കത്തീഡ്രൽ പള്ളി വികാരി വെരി. റവ.ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, ബൈബിൾ അപ്പസ്തോലേറ്റ് രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ, ബ്രദർ ജോസഫ് വല്ലൂത്തടത്തിൽ എന്നിവർ നേതൃത്വം നൽകി.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനി** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന കത്തീഡ്രലിൽ**

ഡിസംബർ മാസം 6,13 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മണി മുതൽ 3 വരെ ഉപവാസമദ്ധ്യസ്ഥപ്രാർത്ഥന നടത്തി. റവ.ഫാ. ജോയി വെള്ളിലാംതടം (ഡിവൈൻ മേഴ്സി ഡയറക്ടർ), ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബ്രദർ തോമസ്, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**2. മദ്ധ്യസ്ഥ പ്രാർത്ഥന ലീജിയൻ ഹോം പാലാ**

37-ാമത് ബൈബിൾ കൺവൻഷനുവേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥന ഈ മാസം 2,3,4,5,7,9,10,11,12,14,15,16,17 തീയതികളിൽ രാവിലെ 9 മണി മുതൽ 3 വരെ ലീജിയൻ ഹോമിൽ വച്ച് നടത്തി. ബ്രദർ മാത്തുകുട്ടി താന്നിക്കൽ, ജോയി നെല്ലിയേക്കുന്നേൽ, മോളിക്കുട്ടി മാങ്കാലായിൽ, മേരി പുന്നത്താനത്ത് തുടങ്ങിയവർ നേതൃത്വം നൽകി.

**3. സെൽ പ്രാർത്ഥന ഷാലോം**

എല്ലാ തിങ്കളാഴ്ചയും വൈകുന്നേരം 4 മുതൽ 5.30 വരെ ഷാലോമിൽ വച്ചു നടന്നിരിക്കുന്ന സെൽപ്രാർത്ഥന ഈ മാസം 2,9,16 തീയതികളിൽ കൺവൻഷൻ ഗ്രൗണ്ടിൽ വച്ചു നടത്തിയ ജറീക്കോ പ്രാർത്ഥനയിൽ കൂടി പ്രാർത്ഥിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ബ്രദർ. ജെയിംസ് മാറാട്ടുകുളം, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4. 37–ാമത് ബൈബിൾ കൺവൻഷൻ**

പാലാ രൂപത 37–ാമത് ബൈബിൾ കൺവൻഷൻ ഡിസംബർ മാസം 19–ാം തീയതി മുതൽ 23–ാം തീയതി വരെ പാലാ സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ വച്ച് നടത്തപ്പെട്ടു. കൺവൻഷൻ ഉദ്ഘാടനം ചെയ്തത് ക്ലീമിസ് മാർ ബസോലിയോസ് പിതാവായിരുന്നു. കൺവൻഷൻ നയിച്ചത് ഫാ. ദാനിയേൽ പൂവണ്ണത്തിലച്ചനും ടീമുമായിരുന്നു. കൺവൻഷൻ ദിവസങ്ങളിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോൺ നെല്ലിക്കുന്നേൽ (ഇടുക്കി രൂപതാ മെത്രാൻ), മാർ ജേക്കബ് മുരിക്കൻ, മോൺസിഞ്ഞോർമാരായ റവ. ഡോ. ജോസഫ് കുഴിഞ്ഞാലിൽ, മോൺ. എബ്രാഹം കൊല്ലിത്താനത്തുമലയിൽ, മോൺ ജോസഫ് മലേപ്പറമ്പിൽ, മോൺ സെബാസ്റ്റ്യൻ വേത്താനത്ത് എന്നിവർ വിശുദ്ധബലി അർപ്പിച്ച് സന്ദേശങ്ങൾ നല്കി. എല്ലാദിവസവും രാവിലെ 9 മണി മുതൽ 3 വരെയും, 4 മണി മുതൽ 9 വരെയുമാണ് കൺവൻഷൻ നടത്തിയത്. കോ–ഓർഡിനേറ്റർ ഫാ. വിൻസെന്റ് മൂങ്ങാമാക്കലച്ചന്റെ നേതൃത്വത്തിൽ 600 ഓളം വരുന്ന വോളണ്ടിയേഴ്സും കൺവൻഷന്റെ വിജയത്തിനായി പ്രവർത്തിച്ചു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. വചനദീപ്തി ധ്യാനം**

പാലാക്കാട് ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ ഡിസംബർ 5–ാം തീയതി വ്യാഴാഴ്ചയും മീനച്ചിൽ സെന്റ് ആന്റണീസ് ദൈവാലയത്തിൽ 6–ാം തീയതി വെള്ളിയാഴ്ചയും വചനദീപ്തി തുടർധ്യാനം നടത്തപ്പെട്ടു. പാലാക്കാട് ദൈവാലയത്തിൽ റവ.ഫാ. കുര്യൻ ആനിത്തോട്ടവു മീനിച്ചിൽ ദൈവാലയത്തിൽ റവ. ഫാ. നോബിൾ മാട്ടേലിൽ CMI യും വചനശുശ്രൂഷയും ആരാധനയും നയിച്ചു.

**2. ഇടവകതലത്തിൽ വചനശുശ്രൂഷയും ആരാധനയും**

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിൽ ഇടവക വികാരിമാർ ആവശ്യപ്പെടുന്നതനുസരിച്ച് വചനശുശ്രൂഷയും ആരാധനയും കരിസ്മാറ്റിക് ടീം അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. ഡിസംബർ 13–ാം തീയതി വെള്ളിയാഴ്ച അന്ത്യാളം ഇടവകയിൽ ബ്രദർ ബാബു തട്ടാപറമ്പിലും രാമപുരം സബ്സോൺ 2–ാം ശനിയാഴ്ച പ്രോഗ്രാമിൽ ബ്രദർ ടോണി ഇലവുംകുന്നേലും വചനശുശ്രൂഷയും ആരാധനയും നയിച്ചു.

**3. ബൈബിൾ കൺവൻഷൻ ഒരുക്കധ്യാനം വോളണ്ടിയേഴ്സ്**

37-ാം പാലാ രൂപതാ ബൈബിൾ കൺവൻഷന് ഒരുക്കമായുള്ള വോളണ്ടിയേഴ്സിന് ഒരുക്കധ്യാനം ഡിസംബർ 7-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ 3.30 വരെ പാലാ കത്തീഡ്രലിൽ വച്ച് റവ.ഫാ. ആദർശ് കുമ്പളത്ത്, (മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രം, തിരുവനന്തപുരം) ന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 500 ഓളം ശുശ്രൂഷകർ പങ്കെടുത്തു. വികാരി ജനറാൾ റവ.ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് ആമുഖസന്ദേശം നൽകി. റവ.ഫാ. കുര്യൻ മറ്റം, റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സാബു കോഴിക്കാട്ട്, സാബു തട്ടാംപറമ്പിൽ, സണ്ണി പള്ളിവാതുക്കൽ, സെബാസ്റ്റ്യൻ കുന്നത്ത്, ജോൺസൺ തടത്തിൽ, ജോർജുകുട്ടി ഞാവള്ളിൽ, തങ്കച്ചൻ ശ്രാമ്പിക്കൽ, മോനിക്കുട്ടി മാങ്കാലയിൽ, ഡൻസി സെബാസ്റ്റ്യൻ തുടങ്ങിയവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**4. വരദാന മദ്ധ്യസ്ഥപ്രാർത്ഥന ഫൊറോന തലത്തിൽ**

വരദാന മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ഫൊറോനാതല ശുശ്രൂഷകൾ സോണൽ സേവനസമിതിയുടെ നേതൃത്വത്തിൽ മുട്ടുചിറ, കുറവിലങ്ങാട്, രാമപുരം, തീക്കോയി, പൂഞ്ഞാർ, മൂലമറ്റം, കൂട്ടിക്കൽ എന്നീ ഫൊറോനകൾ കേന്ദ്രീകരിച്ച് നടത്തപ്പെട്ടു. സബ്സോൺ സേവനസമിതി അംഗങ്ങളും ഇടവകതല പ്രാർത്ഥനഗ്രൂപ്പ് അംഗങ്ങളും പങ്കെടുത്തു.

**5. ബൈബിൾ കൺവൻഷൻ ഒരുക്കമായി ജെറിക്കോ പ്രാർത്ഥന**

37-ാമത് പാലാ രൂപത ബൈബിൾ കൺവൻഷന് ഒരുക്കമായി ഡിസംബർ 1-ാം തീയതി മുതൽ രൂപതാ കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ 17 ഫൊറോന സബ് സോൺ സേവനസമിതിയുടെ പങ്കാളിത്തത്തോടെ ബൈബിൾ കൺവൻഷൻ നടക്കുന്ന സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ ഡിസംബർ 1-ാം തീയതി മുതൽ 18-ാം തീയതി വരെ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥം തേടി ജെറിക്കോ ജപമാല പ്രാർത്ഥന നടത്തി. അഭിവന്ദ്യ പിതാക്കന്മാരായ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ, വികാരി ജനറാൾ സെബാസ്റ്റ്യൻ വേത്താനത്ത്, റവ.ഫാ. കുര്യൻ മറ്റം, റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ എന്നിവർ ജെറീക്കോ പ്രാർത്ഥന നയിച്ച് അനുഗ്രഹ പ്രഭാഷണവും ആശീർവാദവും നൽകി. തങ്കച്ചൻ ഇലപ്പത്തിനാൽ, സണ്ണി പള്ളിവാതുക്കൽ, ജോൺസൺ തടത്തിൽ, ജോർജുകുട്ടി ഞാവള്ളിൽ എന്നിവർ നേതൃത്വം നൽകി.

**6. ഹിന്ദി കൂട്ടായ്മ**

സോണൽ സേവനസമിതിയുടെ നേതൃത്വത്തിൽ നമ്മുടെയിടയിൽ അധിവസിക്കുന്ന അന്യഭാഷ സംസാരിക്കുന്നവർ യേശുവിനെ കൂടുതൽ അറിയുവാനും രക്ഷകനും നാഥനുമായി ജൂലൈ മാസം ആരംഭംകുറിച്ച ഹിന്ദിയിലുള്ള വചനശുശ്രൂഷയും സൗഖ്യപ്രാർത്ഥനശുശ്രൂഷയും ഡിസംബർ മാസത്തിലും നടത്തപ്പെട്ടു. റവ.ഫാ. ജോയി വള്ളിയാംതടത്തിൽ, റവ.ഫാ. നോബിൾ മാട്ടേലിൽ, സണ്ണി കാടൂക്കാരൻ എന്നിവർ വചനശുശ്രൂഷയും സൗഖ്യപ്രാർത്ഥനയും നയിച്ചു.

റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ.ഫാ. കുര്യൻ മറ്റം എന്നിവർ ആത്മീയ ശുശ്രൂഷകർക്ക് നേതൃത്വം നൽകി നയിച്ചു. സണ്ണി പള്ളിവാതുക്കൽ, ജോർജുകുട്ടി ഞാവള്ളിൽ, മാത്യുകുട്ടി താന്നിയ്ക്കൽ, ബ്രദർ ജോർജ് കുറ്റനിൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. കുമ്പസാരിക്കുവാനുള്ള സൗകര്യം നൽകി വരുന്നു. നമ്മുടെ ഇടവകയിൽ അധിവസിക്കുന്ന അന്യഭാഷാ സംസാരിക്കുന്ന സ്ത്രീകളും പുരുഷന്മാരെയും ഈ സദ്വാർത്ത അറിയിക്കുമല്ലോ.

**7. ജീസസ് എയ്ഞ്ചൽസ് ഹോളികപ്പ് ഫോർമേഷൻ**

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിലെ കുട്ടികളെ ക്രൈസ്തവ വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുത്തുന്നതിനായി ഇടവകകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കായി ഏകദിന വചനശുശ്രൂഷകൾ നടത്തിവരുന്നു. നവംബർ മാസത്തിൽ മുണ്ടാങ്കൽ, രാമപുരം എന്നീ സ്ഥലങ്ങളിൽ നടത്തപ്പെട്ടു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ലിൻസി കുരിശുംമൂട്ടിൽ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**8. രാത്രി ആരാധന**

രൂപതാ സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടനദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന ഡിസംബർ 28-ാം തീയതി ശനിയാഴ്ച 7 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ചു. 29-ാം തീയതി വെളുപ്പിന് 4 മണിക്ക് വി. കുർബാനയോടുകൂടി അവസാനിച്ചു. റവ.ഫാ. കുര്യൻ കാര്യയ്ക്കൽ , ഡയറക്ടർ കാരിസ്ഭവൻ ധ്യാനകേന്ദ്രം അതിരമ്പുഴ, വചനശുശ്രൂഷയും ആരാധനയും നയിച്ചു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, കരിസ്മാറ്റിക് ടീമംഗങ്ങൾ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**9. സോണൽ സേവനസമിതി പുനഃസംഘടന**

കേരള കാത്തലിക് കരിസ്മാറ്റിക് സർവ്വീസ് ടീം നിർദ്ദേശപ്രകാരം നമ്മുടെ രൂപതയിലെ സോണൽ സേവനസമിതി പുനഃസംഘടന 2020 ജനുവരി 22-ന് നടത്തപ്പെടുന്നു. 2020-22 വരെയുള്ള എല്ലാവിധ നവീകരണ പ്രവർത്തനത്തിന് പുതിയ ദിശാബോധത്തോടെ വചനത്തിന്റെ ആത്മാവിന്റെയും അഭിഷേകത്തിന്റെയും നിറവിൽ നേതൃത്വം നൽകാൻ പുതിയ ടീം രൂപപ്പെടാൻ നമുക്ക് പ്രാത്ഥിക്കാം.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

## മൗണ്ട് നെബോ ധ്യാനകേന്ദ്രം

നവംബർ മുപ്പതാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിയ്ക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ നടത്തപ്പെട്ടു. ഡിസംബർ എട്ടാം തീയതി മുതൽ പതിനാലാം തീയതി വരെ നട

ത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിൽ ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോർജ് വയലിൽകളപ്പുര CMI, ഫാ. ഓസ്റ്റിൻ കച്ചിറമറ്റം, ഫാ. ചെറിയാൻ മൂലയിൽ, ഫാ. മാത്യു കുരിശുംമൂട്ടിൽ, ഫാ. മാത്യു പിണക്കാട്ട്, ഫാ. ജോസഫ് വഞ്ചിപ്പുരയ്ക്കൽ, ഫാ. കുര്യക്കോസ് വട്ടമുകളേൽ, ഫാ. മാത്യു മുണ്ടുനടയ്ക്കൽ,അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, സി. റോസിലി കുറിച്ച്യാപറമ്പിൽ ASI,സണ്ണി മാന്നാത്ത്, ജോസ് ടോം കാടൻകാവിൽ, ബിനി കലൂർ, മനോജ് വാഗമൺഎന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മൗണ്ട് നെബോയിൽ അടുത്ത ദൈവരാജ്യാനുഭവധ്യാനങ്ങൾ ജനുവരി അഞ്ച് മുതൽ പതിനൊന്ന് വരെയും ഫെബ്രുവരി രണ്ട് മുതൽ എട്ട് വരെയും. ബുക്കിംഗിന്: 9847472522, 9747252227, 9447488624.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

**റീജിയൻ സമ്മേളനങ്ങൾ**

ഫ്രാൻസിസ്കൻ അൽമായ സഭ പാലാ രൂപതസമിതിയുടെ നേതൃത്വത്തിൽ നവംബർ, ഡിസംബർ മാസങ്ങളിലായി റീജിയൻ സമ്മേളനങ്ങൾ നടത്തപ്പെട്ടു. പാലാ റീജിയൻ സമ്മേളനം നവമ്പർ 30-ന് രാവിലെ 10 മണിക്ക് കുരുവിനാൽ സെന്റ് മൈക്കിൾസ് ചർച്ച് പാരിഷ് ഹാളിൽ വച്ചും ഭരണങ്ങാനം റീജിയൻ സമ്മേളനം അന്നേദിവസം ഉച്ചകഴിഞ്ഞ് 2 മണിക്ക് പൈക സെന്റ് ജോസഫ് ചർച്ച് പാരിഷ് ഹാളിൽ വച്ചും ബന്ധപ്പെട്ട റീജിയൻ പ്രസിഡന്റുമാരുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പ്രസ്തുത സമ്മേളനങ്ങൾ യഥാക്രമം റവ.ഫാ. മാത്യു വാഴയ്ക്കാപ്പാറ, റവ.ഫാ. ജോസഫ് പൂവത്തുങ്കൽ എന്നിവർ ഉദ്ഘാടനം ചെയ്തു.

അരുവിത്തുറ റീജിയൻ സമ്മേളനം ഡിസംബർ 7-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് കളത്തൂക്കടവ് സെന്റ് ജോൺ വിയാനി ചർച്ച് ഹാളിൽ വച്ച് റീജിയൻ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. പ്രസ്തുത സമ്മേളനം വികാരി റവ.ഫാ. ജോസഫ് പരവുമ്മേൽ ഉദ്ഘാടനം ചെയ്തു. അന്നേദിവസം ഉച്ചകഴിഞ്ഞ് 2 മണിക്ക് തുടങ്ങനാട് റീജിയൻ സമ്മേളനം മേലുകാവുമറ്റം സെന്റ് തോമസ് ചർച്ച് ഹാളിൽ വച്ച് നടത്തപ്പെട്ടു. റീജിയൻ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനം വികാരി റവ.ഫാ. അഗസ്റ്റിൻ വരിക്കമാക്കൽ ഉദ്ഘാടനം ചെയ്തു.

കുറവിലങ്ങാട് റീജിയൻ സമ്മേളനം ഡിസംബർ 14-ാം തീയതി രാവിലെ 9.30 ന് മുത്തോലപുരം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് പാരിഷ് ഹാളിൽ വച്ച് റീജിയൻ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടി. പ്രസ്തുത സമ്മേളനം വികാരി റവ.ഫാ. സിറിയക് വടക്കേൽ ഉദ്ഘാടനം ചെയ്തു.

**കർഷകസംഗമം**

പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കർഷകസംഗമത്തിൽ ഫ്രാൻസിസ്കൻ അൽമായ സഭ പാലാ രൂപത സമിതി രൂപതയിലെ വിവിധ യൂണിറ്റുകളിൽനിന്നും പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിന് നേതൃത്വം നൽകി. കർഷക മുന്നേറ്റ റാലിയിലും കർഷക സമ്മേളനത്തിലും വിവിധ ഇടവകകളെ പ്രതിനിധീകരിച്ചുകൊണ്ട് അൽമായ സഭാംഗങ്ങൾ ആദ്യന്തം പങ്കെടുത്തു.

**യൂണിറ്റ് സന്ദർശനം**

ഫ്രാൻസിസ്കൻ അൽമായ സഭ പാലാ രൂപതയിലെ യൂണിറ്റുകളുടെ 2019 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരുംവർഷത്തെ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കുന്നതിനുമായി 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ റീജിയൻ ഭാരവാഹികൾ യൂണിറ്റ് സന്ദർശനം നടത്തുന്നു.

**തീർത്ഥാടനം**

ഫ്രാൻസിസ്കൻ അൽമായ സഭ പാലാ രൂപത സമിതിയുടെ നേതൃത്വത്തിൽ ദൈവദാസനും പക്വതാധാരിയുമായ ബ്രദർ ജോസഫ് തമ്പിയുടെ കബറിടം സ്ഥിതിചെയ്യുന്ന ആന്ധ്രാ പ്രദേശിലെ അവിട്ടം പള്ളിയിലേക്ക് ജനുവരി 12-ാം തീയതി ഭരണങ്ങാനം അസ്സീസി ആശ്രമത്തിൽനിന്നും രാവിലെ പുറപ്പെട്ട് 15-ന് വൈകിട്ട് തിരിച്ചെത്തുന്ന വിധത്തിൽ തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നു. എസ്.എഫ്.ഒ. പാലാ രൂപത സ്പിരിച്വൽ അസിസ്റ്റന്റ് റവ.ഫാ. ആന്റണി വെച്ചൂർ OFM Cap, തീർത്ഥാടനം നയിക്കും.

ഏവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ നേരുന്നു.

**ഫാ. ആന്റണി വെച്ചൂർ** OFM Cap (ഡയറക്ടർ)

---

# ദീപിക ഫ്രണ്ട്സ് ക്ലബ്

---

**1. ഡി.എഫ്.സി. എക്സിക്യൂട്ടീവ് യോഗം**

ദീപിക ഫ്രണ്ട്സ് ക്ലബ് പാലാ രൂപത എക്സിക്യൂട്ടീവ് യോഗം പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. പ്രസിഡന്റ് ഡോ. സണ്ണി വി. സ്കറിയ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. സ്കറിയ വേകത്താനം ചർച്ചകൾക്ക് നേതൃത്വം നൽകി.

**2. മാധ്യമ സെമിനാർ മീനച്ചിൽ**

ഡിഎഫ്സിയുടെ ആഭിമുഖ്യത്തിൽ മീനച്ചിൽ ഇടവലകയിൽ മാധ്യമ സെമിനാർ നടത്തി. വികാരി ഫാ. തോമസ് തോട്ടുങ്കൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. സ്കറിയ വേകത്താനം ക്ലാസ് നയിച്ചു. ടോമി തുരുത്തിക്കര ആശംസകളർപ്പിച്ചു. തുടർന്ന് ഡിഎഫ്സി യുടെ പുതിയ പുരുഷ-വനിതാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**3. ഡ്രീംലൈൻ വർക്ക് മീനച്ചിൽ**

ദീപിക പത്രപ്രചാരണത്തോടനുബന്ധിച്ച് ഡ്രീംലൈൻ പ്രോജക്ട് നടപ്പിലാക്കി ഫാ. ജിനോ പുന്നമറ്റത്തിൽ മുഖ്യപ്രഭാഷണം നടത്തി. ഇടവകയിലെ ഭവനങ്ങൾ സന്ദർശിച്ച് പുതിയ പത്രവരിക്കാരെ ചേർത്തു.

**4. ഡ്രീംലൈൻ വർക്ക് – പെരുംതുരുത്ത്**

പെരുംതുരുത്ത് ഇടവകയിൽ ദീപിക പത്രപ്രചാരണപരിപാടി സംഘടിപ്പിച്ചു. ഫാ. ജിനോ പുന്നമറ്റത്തിൽ മുഖ്യപ്രഭാഷണം നടത്തി. പുതിയ ഡിഎഫ്സിയുടെ പുരുഷ-വനിതാഭാരവാഹികളെ തെരഞ്ഞെടുത്തു. വികാരി ഫാ. ജോസഫ് കീരാന്തടത്തിൽ, ഡിഎഫ്സി ഭാരവാഹികൾ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**5. ദീപിക നമ്മുടെ ഭാഷാപദ്ധതി – കുറവിലങ്ങാട് ബോയ്സ് ഹൈസ്കൂൾ**

കുറവിലങ്ങാട് സെന്റ് മേരീസ് ബോയ്സ് ഹൈസ്കൂളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതി ഡിഎഫ്സി സംസ്ഥാന പ്രിസിഡന്റ് ടോമി തുരുത്തിക്കര, സഖറിയാസ് കുതിരവേലി, കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.സി. കുര്യൻ തുടങ്ങിയവർ ചേർന്ന് നിർവ്വഹിച്ചു. ജോബിൻ കെ. അലക്സ്, ഹെഡ്മാസ്റ്റർ ജോർജുകുട്ടി ജേക്കബ്, സാലിമ്മ ജോളി, അരുൺ ജോസഫ്, ജെയിംസ് ജോസഫ്, ജോബി വർഗീസ് തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**6. ദീപിക നമ്മുടെ ഭാഷാപദ്ധതി– കുറവിലങ്ങാട് നസ്രത്ത് ഡിപോൾ സ്കൂൾ**

കുറവിലങ്ങാട് നസ്രത്ത് ഡീ പോൾ ഹയർ സെക്കണ്ടറി സ്കൂളിൽ ദീപിക നമ്മുടെ ഭാഷാപദ്ധതിയുടെ ഉദ്ഘാടനം സ്കൂൾ പ്രിൻസിപ്പൽ ഫാ. ജെയ്മോൻ കുറുമ്പന്തറമുകളേലും കോതനല്ലൂർ ലയൺസ് ക്ലബ് പ്രസിഡന്റ് ജോയി വർഗീസ് വെള്ളിയാമറ്റവും ചേർന്ന് നിർവ്വഹിച്ചു. ജോമോൻ കുര്യാക്കോസ് പെരളായ്ക്കാമറ്റം, ജിബി കുര്യാക്കോസ് നെടിയകാലാ, സ്കൂൾ വൈസ് പ്രിൻസിപ്പൽ ഫാ. ജിമ്മിച്ചൻ കുളത്തുങ്കൽ, ആന്റണി കുര്യാക്കോസ് നെറ്റിക്കാട്ടേൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**7. ഡിഎഫ്സി പ്രതിനിധിയോഗം**

ഡിഎഫ്സി പാലാ രൂപത പ്രതിനിധിയോഗം പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് വൈസ് പ്രസിഡന്റ് ബെന്നി വടക്കേടത്തിന്റെ അധ്യക്ഷതയിൽ സമ്മേളിച്ചു. ദീപിക എം.ഡി. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ഫാ. സ്കറിയ വേകത്താനം, ടോമി തുരുത്തിക്കര, സാലിമ്മ ജോളി അറയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

**8. കർഷക സമ്മേളനം ആലോചനായോഗം**

പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ വിവിധ സംഘടനകളുടെ സഹകരണത്തോടെ നടത്തുന്ന കർഷക സമ്മേളനത്തിനുവേണ്ടിയുള്ള ഒരു ആലോചനായോഗം പാലാ അരമനയിൽ വച്ച് നടത്തി. ഡിഎഫ്സിയെ പ്രതിനിധീകരിച്ച് ഡോ. സണ്ണി വി സ്കറിയാ, ടോമി തുരുത്തിക്കര തുടങ്ങിയവർ പങ്കെടുത്തു.

**9. കർഷക സമ്മേളനം – പ്രതിനിധിയോഗം**

കർഷകസമ്മേളനത്തിനുവേണ്ടി വിവിധ സംഘടനാഭാരവാഹികളും ഫൊറോനായിൽനിന്ന് ഓരോ പ്രതിനിധികളുടെയും യോഗം പാലാ അരമനയിൽ വച്ച് നടത്തി. ഡിഎഫ്സി സംഘടനയിൽനിന്ന് 27 ഓളം പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു.

**10. ഡിഎഫ്സി നേതൃയോഗം കോട്ടയത്ത്**

ഡിഎഫ്സിയുടെ നേതൃയോഗം കോട്ടയം ദീപിക ഓഫീസിൽ വച്ച് നടത്തി. സംസ്ഥാന പ്രസിഡന്റ് ടോമി തുരുത്തിക്കര മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ദീപിക എം.ഡി. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ഫാ. ബോബി മണ്ണംപ്ലാക്കൽ, ഫാ. റെജി മനയ്ക്കലേട്ട്, ഫാ. റോയി കണ്ണഞ്ചിറ, ഫാ. ജിനോ പുന്നമറ്റത്തിൽ തുടങ്ങിയവർ പ്രസംഗിച്ചു. ഡോ. സണ്ണി വി. സക്കറിയ, സാലിമ്മ ജോളി അറയ്ക്കൽ തുടങ്ങിയവർ പാലാ രൂപതയെ പ്രതിനിധീകരിച്ച് മീറ്റിംഗിൽ സംബന്ധിച്ചു.

**11. കർഷകസമ്മേളനം – വോളണ്ടിയർ മീറ്റ്**

കർഷക സമ്മേളനത്തിനു മുന്നോടിയായി പാലാ അരമനയിൽ വോളണ്ടിയേഴ്സ് മീറ്റ് നടത്തി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. മോൺ. ജോസഫ് കുഴിഞ്ഞാലിൽ മുഖ്യപ്രഭാഷണം നടത്തി. ദീപിക ഫ്രണ്ട്സ് ക്ലബ് സംഘടനയിൽനിന്ന് 23 പേർ യോഗത്തിൽ പങ്കെടുത്തു.

**12. കർഷക സമ്മേളനം പാലായിൽ**

പാലാ രൂപതയുടെ നേതൃത്വത്തിൽ വിവിധ സംഘടനകളുടെ സഹകരണത്തോടെ പാലായിൽ ലക്ഷംപേരെ പങ്കെടുപ്പിച്ച് കർഷകറാലിയും മഹാസംഗമവും നടത്തി. 'അവഗണനയ്ക്കെതിരെ അവകാശങ്ങൾക്കായി' എന്ന മുദ്രാവാക്യം ഉയർത്തിയ സമ്മേളനത്തിൽ മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. മാത്യു മാമ്പാറമ്പിൽ കർഷക ഐക്യദാർഢ്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. രാജീവ് കൊച്ചുപറമ്പിൽ കർഷക പ്രമേയം അവതരിപ്പിച്ചു. സമ്മേളനത്തിൽ വിവിധ വിശിഷ്ടാതിഥികൾ പ്രസംഗിച്ചു. വിവിധ ഇടവകകളിൽ നിന്നായി ധാരാളം ദീപിക ഫ്രണ്ട്സ് ക്ലബ് അംഗങ്ങളെ സമ്മേളനത്തിൽ പങ്കെടുപ്പിച്ചു. ഡോ. സണ്ണി വി. സ്കറിയ, ടോമി തുരുത്തിക്കര, സാലിമ്മ ജോളി അറയ്ക്കൽ, ജെയ്സി സണ്ണി പനന്താനത്ത് എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ ഒരുക്കങ്ങൾ നടത്തുകയും നിരവധി പേരെ കർഷകസംഗമത്തിൽ പങ്കെടുപ്പിക്കുകയും ചെയ്തു.

**ഫാ. സ്കറിയ വേകത്താനം** (കോർഡിനേറ്റർ)

---

# ഇൻഫാം

---

കർഷകരായ സഹോദരങ്ങളുടെ ശക്തമായ വികാരങ്ങൾ അധികാരകേന്ദ്രങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി കർഷകർ ഇന്ന് അനുഭവിക്കുന്ന ദുരവസ്ഥയ്ക്ക് അറുതിവരുത്തുന്നതിലേയ്ക്ക് പതിനായിരങ്ങളെ പങ്കെടുപ്പിച്ച് വിപുല

മായ കർഷകമഹാസംഗമം 14-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാലായിൽ നടത്തി. രൂപതയിലെ എല്ലാ സംഘടനകളുടെയും എ.കെ.സി.സി., ഇൻഫാം, എസ്.എം.വൈ.എം., മിഷൻലീഗ്, കുടുംബക്കൂട്ടായ്മ, പാലാ സോഷ്യൽ വെൽഫയർ സൊസൈറ്റി, ഡി.സി.എം.എസ്., കർഷക ബാങ്ക്, ദീപിക ഫ്രണ്ട്സ് ക്ലബ്, മാതൃവേദി, പിതൃവേദി, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി എന്നിവയുടെയും ഫൊറോനാ, ഇടവക വികാരിമാർ, കൈക്കാരന്മാർ, യോഗപ്രതിനിധികൾ, വിശ്വാസപരിശീലകർ എന്നിവരുടെയും കൂട്ടായ നേതൃത്വത്തിലും ഉത്തരവാദിത്വത്തിലുമാണ് ഈ സംഗമം സംഘടിപ്പിച്ചത്. സംഘാടക സമിതിയിൽ ഇൻഫാം സംഘടന പാലാ കത്തീഡ്രലിൽ നിന്നുള്ള റാലിക്ക് ദൗത്യം നൽകി.

പാലാ രൂപതയുടെ ഹൃദയഭാഗമായ മീനച്ചിൽ താലൂക്കിലേയും ചേർന്നു കിടക്കുന്ന മൂവാറ്റുപുഴ, തൊടുപുഴ, കാഞ്ഞിരപ്പള്ളി, വൈക്കം താലൂക്കുകളിൽപ്പെടുന്ന നല്ലൊരു ഭാഗം പ്രദേശങ്ങളിലെയും നാനാജാതിമതസ്ഥരായ കർഷക ജനങ്ങളുടെ നീറുന്ന ദുഃഖകരമായ പ്രശ്നങ്ങൾ സർക്കാരിന്റെ മുമ്പിൽ അറിയിക്കുവാനായി കൂട്ടമായ ഹർജി ഒപ്പിട്ടു സ്വീകരിച്ചു.

റബറിന്റെ വില കിലോയ്ക്ക് 250 രൂപയാക്കുക, സസ്യ വിളകൾക്കും, കാർഷിക ഉത്പ്പന്നങ്ങൾക്കും വിലസ്ഥിരത ഉറപ്പാകുക, വന്യ മൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് കർഷകരെയും കാർഷിക വിളകളെയും സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക, കാർഷിക പെൻഷൻ 10000 രൂപയാക്കുക, ഭൂമിയുടെ അടിസ്ഥാനവില നിശ്ചയിച്ചിരിക്കുന്നതിലെ അപാകതകൾ തിരുത്തുക, ഭൂമിയുടെ രജിസ്ട്രേഷൻ ഫീസ് കുറയ്ക്കുക, ഭൂമിയുടെ അടിസ്ഥാനവില നീതിക്കും ന്യായത്തിനും ഉതകുന്നവിധം പുനർനിർണ്ണയം ചെയ്യുക, കർഷകരുടെ കടബാധ്യതകൾ എഴുതിത്തള്ളുക, പുരയിടങ്ങളെ തോട്ടങ്ങളാക്കിയുള്ള സർക്കാർ രേഖകളിലെ ക്രമക്കേട് തിരുത്തുക എന്നിവയാണ് മുഖ്യമന്ത്രിയുടെ സത്വരശ്രദ്ധയ്ക്കും നീതിപൂർവ്വകമായ നടപടിക്കുമായി സമർപ്പിക്കുന്നത്. ആവശ്യമായ പരിഗണന നൽകി കർഷകരെ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വീടുകൾ കയറിയും മറ്റു തരത്തിലും ലക്ഷങ്ങൾ ഒപ്പിട്ട് ഭീമഹർജി സ്വീകരിച്ചത്.

**കാഞ്ഞിരപ്പള്ളിയിൽ ഇൻഫാം ദേശീയ വാർഷികം**

ജനുവരി 17 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് കട്ടപ്പനയിൽ വച്ച് ഇൻഫാം കാഞ്ഞിരപ്പള്ളി രൂപതയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന വാർഷികവും കർഷക സംഗമവും റാലിയും സംഘടിപ്പിക്കുന്നു. സാധിക്കുന്ന കർഷകർ പങ്കെടുക്കുക.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)

# Received Heavenly Reward



# ആദരാഞ്ജലികൾ



## ഫാ. മാത്യു മറ്റപ്പള്ളി

1932 ഡിസംബർ 20-ന് പൂവരണി ഈശോയുടെ തിരുഹൃദയ ഇടവകയിൽ പാറേക്കാട്ട് മറ്റപ്പള്ളി തറവാട്ടിൽ ഔസേപ്പ് - മറിയാമ്മ ദമ്പതികളുടെ ആറ് ആൺമക്കളിൽ മൂന്നാമത്തെ പുത്രനായി ജനിച്ചു. അച്ചൻ പാലാ സെന്റ് തോമസ് സ്കൂളിലാണ് പഠിച്ചത്. തുടർന്ന് ചരിത്രത്തിൽ ബിരുദം നേടാൻ ജബൽപൂരിലെ കോളേജിൽ ചേർന്നു. പഠനശേഷം നാട്ടിൽ എത്തിയ അച്ചൻ സെമിനാരിയിൽ ചേർന്നു. 1969 മാർച്ച് 15-ന് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്നും പൗരോഹിത്യ തിരുപ്പട്ടം സ്വീകരിച്ചു.

പ്ലാശനാൽ ഇടവകയിൽ അസി. വികാരയായിയാണ് അച്ചൻ ആദ്യം സേവനം അർപ്പിച്ചത്. പിന്നീട് അച്ചൻ ചരിത്രത്തിൽ ബിരുദാനന്തരബിരുദവും നേടാൻ ജബൽപൂരിലെ കോളേജിൽ ചേർന്നു. പഠനശേഷം നീലൂർ, പാലാ കത്തീഡ്രൽ ഇടവകളിൽ അസി. വികാരിയായി സേവനം ചെയ്തു. സെന്റ് ജോസഫ് മിഷൻ ഹോമിലും അച്ചൻ സേവനം ചെയ്തു. അമ്പാറനിരപ്പേൽ ഇടവകയിൽ വികാരിയായി ശുശ്രൂഷ ചെയ്ത അച്ചൻ പിന്നീട് വൈദിക വിദ്യാർത്ഥികളുടെ പഠനത്തിനായി തന്റെ സേവനം മാറ്റിവച്ചു.

മേലമ്പാറ ദീപ്തി കോളേജ്, കാഞ്ഞിരപ്പള്ളി മേരി മാതാ കോളേജ് മൈനർ സെമിനാരി, ചങ്ങനാശ്ശേരി മേരി മാതാ കോളേജ് മൈനർ സെമിനാരി, ഉജ്ജെയിൻ സെമിനാരി, പാലാ മാർ അപ്രേം ഫോർമേഷൻ സെമിനാരി എന്നിവിടങ്ങളിൽ വൈദിക വിദ്യർത്ഥികൾക്ക് അച്ചൻ ഇംഗ്ലീഷ് പ്രഫസറായി സേവനം ചെയ്തു. 2012 മുതൽ അച്ചൻ പാലാ മാർ അപ്രേം പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചുവരുകയായിരുന്നു. രോഗത്തെ തുടർന്ന് 2019 ഡിസംബർ 24-ന് അച്ചൻ നിര്യാതനായി.

ഡിസംബർ 25-ാം തീയതി ഉച്ചകഴിഞ്ഞ് തറവാട് ഭവനത്തിൽ പാലാ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെയും ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ തോമസ് തറയിൽ പിതാവിന്റെയും കാർമ്മികത്വത്തിൽ ആരംഭിച്ച സംസ്കാരശുശ്രൂഷകൾ പാലാ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ എന്നീ പിതാക്കന്മാരുടെ മുഖ്യകാർമ്മികത്വത്തിൽ പൂവരണി ഈശോയുടെ തിരുഹൃദയ ദേവാലയത്തിൽ അവസാനിച്ചു.

നിത്യജീവിതത്തിലേക്ക് വിളിക്കപ്പെട്ട ബഹുമാനപ്പെട്ട മാത്യു മറ്റപ്പള്ളിയച്ചന്റെ പാവനസ്മരണയ്ക്ക് മുമ്പിൽ നമുക്ക് ശിരസ്സ് നമിക്കാം. ദൈവം ബഹു. മാത്യു അച്ചന് നൽകിയ ദൗത്യം കൃത്യമായി നിർവഹിച്ച് സഭയ്ക്കും സമൂഹത്തിനും നൽകിയ ശുശ്രൂഷയ്കക്ക് ദൈവം തന്റെ വലതുഭാഗത്ത് അച്ചനെ നിർത്തട്ടെ എന്ന് നമുക്ക് പ്രർത്ഥക്കുകയും ചെയ്യാം.



## സി. മാർഗ്ഗരറ്റ് മേരി കുരിശുംമൂട്ടിൽ

കാഞ്ഞിരപ്പള്ളി രൂപതയിൽ കുന്നുംഭാഗം ഇടവകയിൽ സമ്പന്നവും കുലീനവുമായ കുരിശുംമൂട്ടിൽ കുടുംബത്തിൽ ചാക്കോച്ചൻ-ത്രേസ്യാമ്മ ദമ്പതികളുടെ ഏഴുമക്കളിൽ ഏറ്റവും ഇളയവളായി 21-8-1931 ൽ സി. മാർഗ്ഗരറ്റ് മേരി ഭൂജാതയായി. 27.8.1931 ൽ ജ്ഞാനസ്നാനവും 10.12.1941 ൽ സ്ഥൈര്യലേപനവും സ്വീകരിച്ചു. കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക് സ്കൂളിൽനിന്നും എസ്.എസ്.എൽ.സി. പാസ്സായശേഷം മംഗലാപുരം സെന്റ് ആഗ്നസ് കോളേജിൽ നിന്നും 1952 ൽ ബി.എസ്.എസിയും പാസ്സായി. നെടുംകുന്നം സെന്റ് തെരേസാസ് ഹൈസ്കൂളിലെ ഒരു വർഷത്തെ അധ്യാപനത്തിനുശേഷം 1953 ൽ ഭരണങ്ങാനം എസ്.എച്ച്. സ്കൂളിൽ അധ്യാപികയായി നിയമിതയായി. അതേവർഷം തന്നെ പ്രതികൂല സാഹചര്യങ്ങളെല്ലാം തരണം ചെയ്ത് സധൈര്യം ഭരണങ്ങാനം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1953-54 കാലഘട്ടങ്ങളിൽ പോസ്റ്റുലൻസിയും 29.5.1955 ൽ ആദ്യവ്രതവും 29.5.1958 ൽ നിത്യവ്രതവും അനുഷ്ഠിച്ച് നാഥന് സ്വന്തമായിത്തീർന്നു. 1960 ൽ പാലാ സെന്റ് തോമസ് ട്രെയിനിംഗ് കോളേജിൽ നിന്നും ബി.എഡ്. പാസ്സായി. ഭരണങ്ങാനം എസ്.എച്ച്. ഗേൾസ് ഹൈസ്കൂളിൽ അധ്യാപനവൃത്തി തുടർന്നു. 1986-87 വർഷത്തിൽ പ്രഥമാധ്യാപികയായി സേവനം അനുഷ്ഠിച്ച അമ്മ 31.3.1987 ൽ സർവ്വീസിൽനിന്നും വിരമിച്ചു. കുട്ടികളിൽ അറിവിന്റെ വെളിച്ചം പകരുന്നതോടൊപ്പം ദദൈവസ്നേഹത്തിന്റെ പാഠങ്ങൾ പകരുവാനും അമ്മയ്ക്ക് സാധിച്ചു.

ഭരണങ്ങാനം, അരുണാപുരം, വിമലഗിരി, ഇടപ്പാടി, ചെമ്മലമറ്റം എന്നീ മഠങ്ങളിൽ താമസിച്ച് സുപ്പീരിയർ, അസി. സുപ്പീരിയർ, കൗൺസിലർ എന്നീ വിവിധ ശുശ്രൂഷകൾ ചെയ്ത് ഇശോയ്ക്കുവേണ്ടി ധാരാളം ആത്മാക്കളെ നേടുവാൻ അമ്മയ്ക്ക് ഭാഗ്യം ലഭിച്ചു. അടുക്കും ചിട്ടയുമുള്ള ജീവിതം, അധ്വാനശീലം, സഹനശക്തി, സഭയോടുള്ള വിശ്വസ്തത, പ്രാർത്ഥനാചൈതന്യം, അധികാ

രികളോടുള്ള വിധേയത്വം, കൂട്ടക്രമങ്ങളിലെ സജീവമായ ഭാഗാഭാഗിത്വം, ദാരിദ്ര്യചൈതന്യം എന്നിവ അമ്മയിൽ വിളങ്ങി പ്രശോഭിച്ചിരുന്ന ഗുണങ്ങളാണ്. ഏതു ജോലിയും മടികൂടാതെ ചെയ്തുകൊണ്ട് ദൈവസ്നേഹത്തെപ്രതി സദാ പ്രവർത്തനനിരതയായി കാണപ്പെട്ടു. വി. ഫ്രാൻസീസിനെ അനുകരിച്ച് പക്ഷിമൃഗാദികളോട് വലിയ സ്നേഹം ഉണ്ടായിരുന്നു. പൂന്തോട്ടത്തിൽ വ്യത്യസ്തയിനം ചെടികൾ നട്ട് പരിപാലിക്കുന്നതിൽ അമ്മയ്ക്കുള്ള വൈദഗ്ധ്യം എടുത്തുപറയേണ്ടതാണ്. എന്റെ ദൈവം എന്റെ സമസ്തവും എന്ന ജീവിതാദർശവുമായി മുന്നോട്ടുനീങ്ങിയ അമ്മ ജീവിതത്തിൽ എന്റെ ദൈവം അറിയാതെ ഒന്നും സംഭവിക്കുകയില്ലെന്ന് ഉറച്ച് വിശ്വസിച്ചിരുന്നു. കാര്യമായ അസുഖങ്ങളൊന്നുമില്ലാതെ അധ്വാനനിരതയായി നാഥന്റെ മുന്തിരിത്തോപ്പിൽ ജോലി ചെയ്തിരുന്ന അമ്മയ്ക്ക് ചെവിയ്ക്ക് കേൾവിക്കുറവുമൂലം അസ്വസ്ഥത ഉണ്ടായിരുന്നു. തന്റെ എല്ലാ ബുദ്ധിമുട്ടുകളും കേൾവിക്കുറവും നാഥന് കാഴ്ചവച്ച് സന്തോഷത്തോടെയും പരാതികൂടാതെയും തന്റെ ജീവിതത്തെ ഒരു നിരന്തരബലിയായി നാഥന് അർപ്പിച്ചിരുന്നു. ഏതാനും  നാളുകളായി ശ്വാസതടസ്സം നേരിട്ടുകൊണ്ടിരുന്നതിനാൽ മരണദൂതനെ പതീക്ഷയോടെ കാത്തിരുന്ന് സുകൃതസ്മങ്ങൾ കോർത്ത് നിരന്തരം മരണത്തിനായി ഒരുങ്ങുകയായിരുന്നു. ഈ ലോകത്തിൽ വച്ച് ആർക്കും ചെറിയൊരു ബുദ്ധിമുട്ടുപോലും വരുത്താതെ ജീവിക്കുവാൻ ആഗ്രഹിച്ച ആ ധന്യജന്മം തന്റെ ആഗ്രഹം പോലെതന്നെ 1.12.2019 (ഞായർ) വെളുപ്പിന് 2.15 ന് ശ്വാസതടസ്സം അനുഭവപ്പെട്ടു. ഗൗരവമായ ശ്വാസതടസ്സം കണ്ട് ഹോസ്പിറ്റലിൽ കൊണ്ടുപോകുവാൻ ഒരുങ്ങുമ്പോഴേയ്ക്കും അമ്മയ്ക്ക് Cardio respiratory Arrest ഉണ്ടായി. പ്രാഥമിക ചികിത്സകൾ ചെയ്യാൻ ശ്രമിച്ചെങ്കിലും എല്ലാം വിഫലമാക്കികൊണ്ട് വെളുപ്പിന് 2.30 ന് അമ്മയുടെ പാവനാത്മാവ് ദിവ്യനാഥന്റെ സന്നിധിയിലേയ്ക്ക് പറന്നുയർന്നു.

03.12.2019 ചൊവ്വാഴാച രാവിലെ 9.30 ന് അസ്സീസി ആശ്രമം സുപ്പീരിയർ ബഹു. മാത്യു മുളങ്ങാശ്ശേരി അച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ സമൂഹബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. ദിവ്യബലി മദ്ധ്യേ ബഹു. മാത്യു മുളങ്ങാശ്ശേരിയച്ചൻ ചരമപ്രസംഗം നടത്തി. അമ്മയുടെ ബന്ധുവായ ഫാ. ജോയി പാലാക്കുന്നേലും  അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലെ സ്പിരിചൽ ഫാദർ ബഹു. അബ്രാഹം കണിയാംപടിയും ബലിയ്ക്ക് കാർമ്മികരായിരുന്നു. തുടർന്ന് മൃതശരീരം പള്ളിയിലേയ്ക്ക് സംവഹിക്കപ്പെട്ടു. പള്ളിയിലെ കർമ്മങ്ങൾക്ക് പാലാ രൂപതാ വികാരി ജനറാൾ വെരി. റവ.ഫാ. ജോസഫ് മലേപ്പറമ്പിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ധാരാളം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബന്ധുജനങ്ങളുടെയും ശിഷ്യഗണങ്ങളുടെയും സാന്നിധ്യത്തിൽ ബഹു. മാർഗ്ഗരറ്റ്  മേരിയമ്മയുടെ മൃതദേഹം ഭരങ്ങാനം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. ഫ്രാൻസിസ്ക്കൻ ചൈതന്യം അതിന്റെ പൂർണ്ണതയിൽ ജീവിക്കുവാൻ അവസാനശ്വാസം വരെ പ്രയത്നിച്ച ബഹു. മാർഗ്ഗരറ്റ് മേരിയമ്മയെ ദിവ്യനാഥൻ നീതിയുടെ കിരീടം അണിയിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## DECEMBER 2019

| | | |
|---|---|---|
| 1 | 3.00 pm | കത്തീഡ്രലിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. |
| | 5.15 pm | തുടങ്ങനാട് ഇടവകയിൽ പുതുതായി പണികഴിപ്പിച്ച കൊടിമരത്തിന്റെ വെഞ്ചെരിപ്പുകർമ്മം നിർവ്വഹിച്ചു. |
| 2 | 10.00 am | ഇടമറുക് ഇടവകയിൽ ഹോം പാലായുമായി ബന്ധപ്പെട്ട് പണിതീർത്ത രണ്ട് ഭവനങ്ങളുടെ വെഞ്ചെരിപ്പുകർമ്മം നിർവ്വഹിച്ചു. |
| | 03.00 pm | അരമനയിൽ ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 3-6 | | കെ.സി.ബി.സി. മീറ്റിംഗിൽ സംബന്ധിച്ചു. |
| 6 | 11.00 am | മേരിലാന്റ് ഇടവകയിൽ ആട്ടപ്പാട്ടച്ചന്റെ അമ്മയുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 03.00 pm | അരമനയിൽ കർഷക ആലോചനാ യോഗത്തിൽ നേതൃത്വം നൽകി. |
| | 07.00 pm | കടുത്തുരുത്തി ഇടവകയിൽ സംഘടിപ്പിച്ച പോപ്പുലർ മിഷൻ ധ്യാനസമാപനത്തിൽ സന്ദേശം നൽകി. |
| 7 | 10.00 am | അരമനയിൽ എസ്.എം.വൈ.എം. രൂപതാ ഭാരവാഹികളുമായി ചർച്ച നടത്തി. |
| | 3.00 pm | പാലാ രൂപത സംഘടിപ്പിച്ച കാർഷിക മഹാസംഗമവുമായി ബന്ധപ്പെട്ട് അരമനയിൽ നടന്ന പ്രസ്സ് മീറ്റിംഗിൽ സംസാരിച്ചു. |

| | | |
|---|---|---|
| | 4.30 pm | കോതമംഗലം രൂപതയിലെ ചിലവ് ഇടവകയിൽ ബഹു. ബർക്കുമാൻസ് കുന്നുംപുറത്തച്ചന്റെ സഹോദരിയുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| 8 | 06.30 pm | പാലാ ടൗൺ കുരിശുപള്ളിയിൽ മാതാവിന്റെ അമലോത്ഭവത്തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാനയർപ്പിച്ചു. |
| | 4.00 pm | രാമപുരം ഇടവകയിൽ ജപമാല പ്രദക്ഷിണസമാപനത്തിൽ സന്ദേശം നൽകി. |
| | 9.00 pm | പാലാ ടൗൺ കുരിശുപള്ളിയിൽ ജൂബിലിത്തിരുനാൾ സന്ദേശം നൽകി. |
| 9-11 | | വിവിധ സഭകൾ തമ്മിലുള്ള എക്യുമെനിക്കൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 12 | 10.30 am | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന വൈദിക സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു. |
| | 12.30 pm | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന എ.ഡി.സി.പി വാർഷിക പൊതുയോഗത്തിന് നേതൃത്വം നൽകി. |
| 13 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 14 | 02.30 pm | പാലാ രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കർഷക മഹാസംഗമത്തിൽ അധ്യക്ഷത വഹിച്ച് സംസാരിച്ചു. |
| 15 | 02.30 pm | കിഴപറയാർ ഇടവകയിൽ നെല്ലിക്കാനിരപ്പേൽ ത്രേസ്യാമ്മയുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 4.30 pm | കാവുംകണ്ടം ഇടവക ദൈവാലയത്തിൽ പുതുതായി നിർമ്മിക്കപ്പെട്ട ചെറിയ അൾത്താരകളുടെ വെഞ്ചെരിപ്പു കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 06.30 pm | അരമനയിൽ എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച രൂപത കരോൾ മത്സരത്തിന്റെ ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു. |

| | | |
|---|---|---|
| 16 | 11.30 am | രൂപത ബൈബിൾ കൺവൻഷന്റെ ഭാഗമായി അരമനയിൽ കൂടിയ പ്രസ്സ് മീറ്റിംഗിൽ സംസാരിച്ചു. |
| | 3.30 pm | അമ്പാറനിരപ്പേൽ ഇടവകയിൽ ഹോം പാലാ പ്രോജക്ടിനോടനുബന്ധിച്ച് പണികഴിപ്പിച്ച 6 ഭവനങ്ങളുടെ വെഞ്ചെരിപ്പു കർമ്മം നിർവ്വഹിച്ചു. |
| 17 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 18 | 10.30 am | പെരിയപ്പുറം ഇടവകയിൽ അങ്ങാടിയത്ത് ബാബുവിന്റെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | കത്തീഡ്രലിൽ ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മാതൃവേദി വാർഷികം ഉദ്ഘാടനം ചെയ്തു. |
| | 02.00 pm | മുട്ടത്ത് ജയിൽ സന്ദർശിച്ചു സന്ദേശം നൽകി. |
| 19 | 10.00 am | പാലാ രൂപതയുടെ 37-ാമത് ബൈബിൾ കൺവൻഷന്റെ ഉദ്ഘാടനചടങ്ങിൽ സന്ദേശം നല്കുകയും വി. കുർബാനയർപ്പിക്കുകയും ചെയ്തു. |
| 20 | | ബൈബിൾ കൺവൻഷനിൽ സംബന്ധിച്ചു. |
| 21 | | ബൈബിൾ കൺവൻഷനിൽ സംബന്ധിച്ചു. |
| | 11.00 am | കിഴതടിയൂർ ബാങ്ക് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. |
| | 03.00 pm | ചേർപ്പുങ്കൽ മാർസ്ലീവാ ആശുപത്രിയിൽ ക്രിസ്തുമസ് സന്ദേശം നല്കി. |
| | | ബൈബിൾ കൺവൻഷനിൽ സംബന്ധിച്ചു. |
| 22 | 11.00 am | ബൈബിൾ കൺവൻഷനിൽ സുറിയാനി കുർബാന അർപ്പിച്ചു. ബൈബിൾ കൺവൻഷനിൽ പങ്കെടുത്തു. |
| 23 | 02.00 pm | വിളക്കുമാടം ഇടവകയിൽ കള്ളിവെലിയിൽ മേരിക്കുട്ടി ചേച്ചിയുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ഭവനത്തിൽ നേതൃത്വം നൽകി. |
| | 05.00 pm | കാക്കനാട് മീറ്റിംഗിൽ സംബന്ധിച്ചു. |
| 24 | 10.00 am | ളാലം പുത്തൻപള്ളിയിൽ ഹോം പാലയോടനുബന്ധിച്ച് പണികഴിപ്പിച്ച ഭവനത്തിന്റെ വെഞ്ചരിപ്പു കർമ്മം നിർവ്വഹിച്ചു. |

| | | |
|---|---|---|
| 25 | 12.00 noon | കത്തീഡ്രലിൽ പിറവിത്തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 03.00 pm | പൂവരണി ഇടവകയിൽ ബഹു. മാത്യു മറ്റപ്പിള്ളിലച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. |
| 26 | 02.15 pm | സേവ്യർപുരം ഇടവകയിൽ ഡീക്കൻ കുന്നുംപുറത്തിന്റെ പൗരോഹിത്യ പട്ട തിരുക്കർമ്മത്തിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. |
| | 05.30 pm | അരുവിത്തുറ ഇടവകയിൽ ഒത്തുകല്ല്യാണം ആശീർവദിച്ചു. |
| 27 | 12.00 noon | പ്രവിത്താനം ഇടവകയിൽ സി. റോബർട്ട് പെരുമ്പള്ളിപ്പാറ സി.എം.സി.യുടെ വേർപാടിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 12.30 pm | പാലായിൽ വല്ല്യച്ചന്മാരുടെ വൈദീകമന്ദിരത്തിൽ സന്ദർശനം നടത്തി. |
| | 03.00 pm | മുട്ടുചിറയിൽ വല്ല്യച്ചന്മാരുടെ വൈദിക മന്ദിരത്തിൽ സന്ദർശനം നടത്തി. |
| | 05.00 pm | പിറവം ഇടവകയിൽ പുതിയ പള്ളിമേടയുടെ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു. |
| | 06.30 pm | ജയ്ഗിരി ഇടവകയിൽ പണിതീർത്ത പാരിഷ് ഹാൾ വെഞ്ചെരിച്ചു. |
| | 08.00 pm | മല്ലികശ്ശേരിൽ കള്ളിവേലിയിൽ കുടുംബയോഗത്തിൽ ആശംസകൾ നേർന്ന് സംസാരിച്ചു. |
| 28 | 2.15 pm | മഞ്ഞാമറ്റം ഇടവകയിൽ ഡീ. കാടൻകാവിലച്ചന്റെ പൗരോഹിത്യ പട്ടതിരുകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 05.30 pm | പൂവരണി ഇടവകയിൽ ഇടവകദിന മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 29 | 06.00 pm | ഇടപ്പാടി ഇടവകയിൽ ഇടവകദിനം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. |

| | | |
|---|---|---|
| 30 | 09.15 am | കൂട്ടിക്കൽ ഇടവകയിൽ ഡീ. പേഴുംകാട്ടിലിന്റെ പൗരോഹിത്യ പട്ടത്തിരുകർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 03.00 pm | പാലാ മരിയൻ ആശുപത്രിയിൽ ഡയാലിസിസ് സെന്ററിന്റെയും കാത്ത്ലാബിന്റെയും ഓപ്പറേഷൻ തിയറ്ററിന്റെയും വെഞ്ചെരിപ്പുകർമ്മം നിർവ്വഹിച്ചു. |
| | 07.00 pm | ചേർപ്പുങ്കൽ ആശുപത്രിയിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 31 | 09.15 am | പ്രവിത്താനം ഇടവകയിൽ ഡീ. കുഴിഞ്ഞാലിയുടെ പൗരോഹിത്യ പട്ടത്തിരുക്കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## DECEMBER 2019

| | | |
|---|---|---|
| 1 | | ചേർപ്പുങ്കൽ ഇടവകയിൽ ഇടയസന്ദർശനം നടത്തി. |
| 02 | 03.00 pm | അരമനയിൽ ഫിനാൻസ് മീറ്റിംഗിൽ പങ്കെടുത്തു. |
| | 04.00 pm | അരമനയിൽ കൺസൾട്ടിംഗ് മീറ്റിംഗിൽ പങ്കെടുത്തു. |
| 03 | 9.30 - 12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | മണ്ണാറപ്പാറ ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |
| 04 | 06.15 am | മാര്യേജ് കോഴ്സിൽ വി. കുർബാനയർപ്പിച്ചു. |
| 06 | 04.00 pm | സ്ലീവാപുരം ഇടവകയിൽ വി. കുർബാനയർപ്പിച്ചു. |
| 07 | 10.30 am | കോതനല്ലൂർ ഇടവകയിൽ മൈലാപറമ്പിൽ അച്ചന്റെ ശ്രാദ്ധം വെഞ്ചരിച്ചു. |
| | 03.00 pm | മുട്ടുചിറയിൽ പ്രാരംഭകൂദാശ നല്കി. |
| 08 | 08.15 am | ചിറ്റാർ പള്ളിയിൽ വെഞ്ചിരിപ്പു കർമ്മം നടത്തി. |
| | 10.30 am | പാലാ ടൗൺ കുരിശുപള്ളിയിൽ മാതാവിന്റെ അമലോത്ഭവതിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 02.30 pm | ബിഷപ്പ് ഹൗസിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 9 | 09.00 am | കടുത്തുരുത്തിയിൽ വടക്കേൽ അച്ചന്റെ ചരമദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| 10 | 8.30-9.30 am | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 10.00 am | കോട്ടയത്ത് മനുഷ്യാവകാശദിനത്തോടനുബന്ധിച്ചുള്ള മീറ്റിംഗിൽ സംബന്ധിച്ച് സന്ദേശം നൽകി. |
| 11 | 04.00 pm | കട്ടപ്പനയിൽ ബൈബിൾ കൺവൻഷനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 12 | 10.30 am | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന വൈദിക സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി. |

| | | |
|---|---|---|
| | 03.30 pm | ചേർപ്പുങ്കൽ ഇടവകയിൽ പുതിയ ഡി.എസ്.റ്റി. മഠത്തിൽ വെഞ്ചിരിപ്പു കർമ്മം നടത്തി. |
| 13 | 9.30-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | സെന്റ് തോമസ് കോളേജിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 14 | 02.30 pm | പാലാ രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കർഷക മഹാസംഗമത്തിൽ പങ്കെടുത്ത് സംസാരിച്ചു. |
| 15 | 10.30 am | കുര്യനാട് സി.എം.ഐ. ആശ്രമത്തിൽ ബ്രൂണോ അച്ചന്റെ ശ്രാദ്ധത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 03.30 pm | പൈക ഇടവകയിൽ ജൂബിലി കുർബാനയിൽ സംബന്ധിച്ചു. |
| 16 | 11.30 am | പൈങ്ങുളം പള്ളിയിൽ ഒരു മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. |
| | 03.00 pm | ളാലം പഴയപള്ളി ഇടവകയിൽ കയ്യാലക്കകത്ത് പാപ്പച്ചന്റെ ഭവനത്തിൽ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. |
| | 04.30 pm | മുട്ടം ഷന്താൾ ജ്യോതി സ്കൂളിന്റെ സുവർണ്ണ ജൂബിലിയിൽ പങ്കെടുത്തു സന്ദേശം നൽകി. |
| 17 | 06.15 am | മാര്യേജ് കോഴ്സിൽ വി. കുർബാനയർപ്പിച്ചു. |
| | 09.45 am | രക്തദാനത്തോടനുബന്ധിച്ച് നടന്ന മീറ്റിംഗിൽ പങ്കെടുത്തു. |
| | 03.00 pm | സെന്റ് തോമസ് കോളേജിൽ ബ്ലെസിംഗിൽ പങ്കെടുത്തു. |
| 18 | | കത്തീഡ്രൽ പള്ളിയിൽ പാലാ രൂപതാ മാതൃജ്യോതി അംഗങ്ങൾക്കുവേണ്ടി വി. കുർബാനയർപ്പിച്ചു. |
| | 12.30 pm | മണിയംകുന്നിൽ കൊളോത്തമ്മയുടെ ശ്രാദ്ധത്തിൽ പങ്കെടുത്തു നേർച്ച വെഞ്ചരിച്ചു. |
| 19 | 11.00 am | പാലാ രൂപത 37-ാമത് ബൈബിൾ കൺവൻഷനിൽ സംബന്ധിച്ചു. |
| 20 | | ബൈബിൾ കൺവൻഷനിൽ സംബന്ധിച്ചു. |
| 21 | 10.15 am | ചേർപ്പുങ്കലിൽ ഒരു കട വെഞ്ചരിച്ചു. |

| | | |
|---|---|---|
| | 11.00 am | ബൈബിൾ കൺവെൻഷനിൽ വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. |
| | 05.45 pm | പാലാ ഫെഡറൽ ബാങ്കിന്റെ മീറ്റിംഗിൽ പങ്കെടുത്തു. |
| 22 | | ബൈബിൾ കൺവൻഷനിൽ സംബന്ധിച്ചു. |
| 23 | 11.00 am | ബൈബിൾ കൺവൻഷനിൽ കുർബാനയർപ്പിച്ചു. |
| | 03.15 pm | കൊഴുവനാൽ ഇടവകയിൽ മേരി ഫിലിപ്പ് മറ്റത്തിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 06.00 pm | ബൈബിൾ കൺവൻഷനോടനുബന്ധിച്ചു സന്ദേശം നൽകി. |
| 24 | 04.00 pm | വിളക്കുമാടം ഇടവകയിൽ കള്ളിവയലിൽ മേരുക്കുട്ടി യുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. |
| | 09.30 pm | ളാലം പഴയ പള്ളിയിൽ ക്രിസ്തുമസ് നൈറ്റിനോട് അനുബന്ധിച്ച് സന്ദേശം നൽകി. |
| 25 | 12.00 noon | കത്തീഡ്രലിൽ പള്ളിയിൽ പിറവിതിരുനാളിനോടനു ബന്ധിച്ച് വി. കുർബാനയർപ്പിച്ചു. |
| | 02.00 pm | പൂവരണി ഇടവകയിൽ ബഹു. മാത്യു മറ്റപ്പിള്ളിലച്ചന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ഭവനത്തിലെ കർമ്മ ങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| 26 | 09.15 am | അൽഫോൻസാഗിരി ഇടവകയിൽ ഡീ. ആന്റണി തോണക്കരയുടെ പൗരോഹിത്യപട്ട തിരുകർമ്മത്തിനു മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 07.00 pm | മാതൃഭവനിൽ വച്ചു നടന്ന വൊക്കേഷൻ ക്യാമ്പിൽ പങ്കെടുത്ത് സന്ദേശം നൽകി. |
| 27 | 08.00 am | മുതലക്കോടത്ത് പള്ളിക്കാപ്പറമ്പിൽ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 11.00 am | തീക്കോയിൽ ഇടവകയിൽ കുറ്റിയാനിക്കൽ മാത്യു അച്ചന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് സന്ദേശം നൽകി. |

| | | |
|---|---|---|
| 28 | 09.15 am | മേലുകാവുമറ്റം ഇടവകയിൽ ഡീ. ഇമ്മാനുവേൽ കാഞ്ഞിരത്തിങ്കലിന്റെ പൗരോഹിത്യ പട്ട തിരുകർമ്മ ത്തിനു മുഖ്യകാർമ്മികത്വം വഹിച്ചു. |
| | | എറണാകുളത്ത് സെന്റ് തെരേസാസ് ഒ.സി.ഡി. ആശ്രമ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| 29 | 09.45 am | ചിറ്റാർ ഇടവകയിൽ മാത്യു പുത്തൻപുരകുന്നേലച്ചന്റെ ജൂബിലിയോടനുബന്ധിച്ച് സന്ദേശം നൽകി. |
| | 11.30 am | തൊടുപുഴ ടൗൺ ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 04.30 pm | തുടങ്ങനാട് ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 30 | 11.30 am | കത്തീഡ്രൽ ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 05.00 pm | കുറവിലങ്ങാട് ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| 31 | 9.30-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 05.30 pm | മുട്ടുചിറ പള്ളിയിൽ ബൈബിൾ കൺവൻഷനിൽ പങ്കെടുത്ത് സന്ദേശം നൽകി. |



# Bishop's Engagements

## Mar Joseph Kallarangatt

### JANUARY 2020

| | | | |
|---|---|---|---|
| 1 | Wed | 02.15 pm | Paingulam : Ordination |
| 2 | Thu | 02.15 pm | Kayyoor : Ordination |
| | | 07.00 pm | Changanassery : Meeting |
| 3 | Fri | 10-12 noon | Visiting Time |
| | | 05.00 pm | Chakkampuzha : Blessing |
| 4 | Sat | 12.00 noon | Kayyoor : Blessing |
| | | 02.15 pm | Narianganam : Ordination |
| | | 05.00 pm | Ramapuram : Marriage |
| 05 | Sun | 05.00 pm | Vedagiri : Blessing |
| 06 | Mon | 05.00 pm | Cathedral : Qurbana |
| 7-15 | | | Synod |
| 12 | Sun | 03.30 pm | Arakulam New : Syriac Mass |
| 16 | Thu | 05.00 pm | Kaduthuruthy : Syriac Mass |
| 17 | Fri | 10-12 noon | Visiting Time |
| 18 | Sat | 10.30 am | Manimala : Marriage |
| | | 04.00 pm | Kondad : Qurbana & Meeting |
| 19 | Sun | 02.30 pm | Cathedral : Meeting |
| | | 04.00 pm | Kanjirathanam : Syriac Mass |
| 20 | Mon | 04.00 pm | Puzhikol : Blessing |
| 21 | Tue | 10-12 noon | Visiting Time |
| | | 03.00 pm | Moozhoor : Meeting |

| | | | |
|---|---|---|---|
| 22 | Wed | 10.30 am | Mannackanad : Meeting |
| | | 05.00 pm | Peringulam : Blessing |
| 23 | Thu | 03.00 pm | Bishop's House : Meeting |
| 24 | Fri | 10-12 noon | Visiting Time |
| 25 | Sat | 03.15 pm | Kuruvinal : Blessing |
| | | 04.30 pm | Edamattom : Meeting |
| 26 | Sun | 09.00 am | Chemmalamattom : Foundation Stone |
| | | 02.30 pm | Pastoral Institute : Meeting |
| 28 | Tue | | Vadavathoor : Meeting |
| 31 | Fri | 10-12 noon | Visiting Time |



# Auxiliary Bishop's Engagements

## Mar Jacob Muricken

### JANUARY 2020

| | | | |
|---|---|---|---|
| 01 | Wed | 09.15 am | Kavumkandam : Ordination |
| | | 05.00 pm | Variyanikadu : Qurbana |
| | | 07.30 am | Bible Convention : Holy Mary Forane Church Manimala |
| 02 | Thu | 09.15 am | Jaigiri : Ordination |
| | | 02.30 pm | SMYM : Meeting (Alphonsa College) |
| | | 04.30 pm | Kottayam : Meeting |
| 03 | Fri | 03.00 pm | Kuravilanagdu : Blessing |
| 04 | Sat | 09.15 am | Kadaplamattom : Ordination |
| | | 11.30 am | Ramapuram : Marriage |
| | | 04.00 pm | Ayyampara : Qurbana |
| 05 | Sun | 06.00 am | Minor Seminary : Rasa Qurbana |
| 06 | Mon | 10.00 am | Cathedral : Denaha Rasa Qurbana |
| | | 06.30 pm | Poonjar : Monthly Recollection |
| 7-15 | | | Synod |
| 11 | Tue | 05.30 pm | Chakkampuzha : Qurbana |
| 12 | Wed | 04.00 pm | Edamaruku : Qurbana |
| | | 07.00 pm | Maryland : Meeting |
| 16 | Thu | 01.00 pm | Kuravilangadu : Meeting |
| | | 04.00 pm | Marriage |
| 17 | Fri | 02.00 pm | Aruvithura : School Meeting |

| | | | |
|---|---|---|---|
| | | 04.30 pm | Chenapadi : Qurbana |
| 18 | Sat | 11.00 am | Cathedral : Meeting |
| | | 12.30 pm | Bharananganam : Mission League |
| | | 04.00 pm | Moozhoor : Qurbana |
| 19 | Sun | | Mutholapuram : Pastoral Visit |
| 20 | Mon | 11.00 am | Bharananganam : Marriage |
| | | 02.30 pm | Trada : Meeting |
| 21 | Tue | 11.15 am | Aimcombu : Baptism |
| 22 | Wed | 09.00 am | IndusInd Bank : Meeting |
| | | 11.00 am | Moonnilavu : Baptism |
| | | 04.30 pm | Cathedral : Baptism |
| 23 | Thu | 03.00 pm | BEd. College : Meeting |
| 24 | Fri | 10.00 am | St. Mary's School : Meeting |
| | | 04.15 pm | Thudanganad : Qurbana |
| 25 | Sat | 09.00 pm | Elanji : Marriage |
| 26 | Sun | | Marangattupally : Pastoral Visit |
| 30 | | 12.00 noon | BEd. College : Meeting |
| | | 02.30 pm | Mutholapuram HSS : Meeting |
| | | 06.30 pm | Cherpunkal : Blessing |
| 31 | | 04.30 pm | Kadanad : Qurbana |



ഓർത്തഡോക്സ് സഭയും
കത്തോലിക്കാ സഭയും
തമ്മിൽ നടന്ന
എക്യുമെനിക്കൽ
ഡയലോഗ് സമ്മേളനം



യാക്കോബായ സഭയും
കത്തോലിക്കാ സഭയും
തമ്മിൽ നടന്ന
എക്യുമെനിക്കൽ
ഡയലോഗ് സമ്മേളനം

## ക്രിസ്തുമസ് ആഘോഷങ്ങൾ



കടനാട് ഡോൺബോസ്‌ക്കോ പുവർഹോം



ചെത്തിമറ്റം ദൈവദാൻ സെന്റർ



ചെത്തിമറ്റം ജൂബിലി ഭവൻ

2020
JANUARY

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN




Printed at St. Thomas Press, Palai and Published by Fr. John Edettu